**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ–സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 ഒക്ടോബർ 17, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) സംസ്ഥാനത്തെ പിന്നോക്ക ജില്ലകളുടെ വികസനത്തിന് പ്രത്യേക പരിഗണന

ശ്രീ. ആര്യാടൻ മുഹമ്മദ്: സംസ്ഥാനത്തെ പല ജില്ലകളും ചരിത്ര പരമായ ചില കാരണങ്ങളാൽ പിന്നോക്ക ജില്ലകളാണ്. പ്രത്യേകിച്ചും വയനാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി, ആലപ്പുഴ തുടങ്ങിയ വടക്കൻ ജില്ലകൾ റോഡുകൾ, പാലങ്ങൾ, കുടിവെള്ളം, തൊഴിൽ, പെർകാപ്പിറ്റാ ഇൻകം ഈവക കാര്യങ്ങളിലെല്ലാം പിന്നോക്കംനിൽക്കുക യാണ്. ഈ ജില്ലകൾക്ക് 11–ാം പദ്ധതി തയ്യാറാക്കുമ്പോൾ ബാക്ക്‌ലോഗ് നികത്തുന്ന രൂപത്തിൽ പ്രത്യേക വിഹിതം കണ്ടെത്തണം. ചികിൽസാ സൗകര്യങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ അന്വേഷകർ, ബാങ്കിംഗ്, ആരോഗ്യ പദ്ധതികൾ, ഇൻഷ്വറൻസ് തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ചാൽ ആലപ്പുഴ

ജില്ല ഏറ്റവും പിന്നിലാണ്. കേന്ദ്രത്തിനു സമർപ്പിച്ച പദ്ധതിയിൽ പ്ളാന്റേഷൻ മേഖലയെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. പിന്നോക്കംനിൽക്കുന്ന ഈ ജില്ലകൾക്ക് വെയ്റ്റേജ് കൊടുത്തില്ലെങ്കിൽ ബാക്ക്‌ലോഗ് തുടരും. തിരുവനന്തപുരം തലസ്ഥാന നഗരിയായതിനാൽ അതിന്റേതായ ഒരു പ്രത്യേകത നൽകണം. ഓരോ ജില്ലയുടെയും പ്രത്യേകതകളനുസരിച്ച് വികസനത്തിന് പ്രാധാന്യം കൊടുക്കുന്നതിനാവശ്യമായ. പണം ഉൾപ്പെടുത്തണം. തൊഴിൽ ലഭ്യതയിലും ഈ ജില്ലകൾ വളരെ പുറകിലാണ്. ജനസംഖ്യാനുപാതം എന്ന വാദം ശരിയല്ല. ലൊക്കേഷൻ ബേസ്ഡ് ഇൻഡസ്ട്രീസ് അതാതു ലൊക്കാലിറ്റിയിലോ നോൺ ലൊക്കേഷൻ ബേസ്ഡ് ഇൻഡസ്ട്രീസ് ബാക്കിയുള്ള സ്ഥലങ്ങളിലേയ്ക്കോ കൊണ്ടുപോകാനുള്ള ശ്രമം ഉണ്ടാകണം. ഈ കാര്യങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കണം 11–ാം പദ്ധതിയുടെ രൂപരേഖ തയ്യാറാക്കേണ്ടത്. അതുപ്രകാരം നിലവിലുള്ള ഫോർമുലയിലും മാറ്റം വരുത്തണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്യുതാനന്ദൻ): പദ്ധതി ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളിലും പിന്നോക്ക ജില്ലകൾക്ക് മുൻഗണനയും പ്രാധാന്യവും ലഭിക്കുന്നതിന് വിവിധങ്ങളായിട്ടുള്ള പ്രത്യേക നടപടികൾ സ്വീകരിക്കുകയും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ പിന്നോക്ക ജില്ലകളിൽ മാത്രമായി നടപ്പിലാക്കുകയും ചെയ്തുവരികയാണ്. വികേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കാൻ തുടങ്ങിയതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ പിന്നോക്കാവസ്ഥ ഒരു പ്രത്യേക സൂചികയായി ഉപയോഗിക്കുന്നുണ്ട്. ഈ മാനദണ്ഡപ്രകാരമാണ് ഗ്രാമപഞ്ചായത്തിന് 15 ശതമാനവും ബ്ളോക്ക് പഞ്ചായത്തിന് 25 ശതമാനവും ജില്ലാ പഞ്ചായത്തിന് 30 ശതമാനവും തുക

വകയിരുത്തിയിരിക്കുന്നത്. പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതം 5 ശതമാനം അനുവദിക്കുന്നുണ്ട്. നിലവിലുള്ള നെൽകൃഷി പ്രദേശത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് 5 ശതമാനം തുക അനുവദിക്കുന്നുണ്ട്. കൃഷി, കാലിവളർത്തൽ, മൽസ്യബന്ധനം തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്രമായ തൊഴിലാളികൾ എന്നതിന്റെ അടിസ്ഥാനത്തിലും കക്കൂസ്, വൈദ്യുതി എന്നിവ ഇല്ലാത്ത വീടുകളുടെ അടിസ്ഥാനത്തിലുമുള്ള പിന്നോക്കാവസ്ഥ ഈ മാനദണ്ഡങ്ങളിൽ സൂചികയായി ഉപയോഗിക്കുന്നുണ്ട്. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ വിവിധ ജില്ലകൾ തമ്മിൽ നിലനിൽക്കുന്ന വികസന അന്തരം പരിഹരിക്കാൻ ഒരളവിൽ പര്യാപ്തമാണ്. പഞ്ചായത്തീരാജ് നിയമമനുസരിച്ച് രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിൽ വർഷത്തിൽ 2 തവണയെങ്കിലും യോഗം ചേർന്ന് വികസന കാര്യങ്ങൾ ചർച്ച ചെയ്യുകയും ആ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയുടേയും പ്രത്യേക വികസന പ്രശ്നങ്ങൾ അടങ്ങിയ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിവരുന്നുണ്ട്. ഇതിലുപരിയായി കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ പിന്നോക്ക ജില്ലകളുടെ വികസനത്തിന് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പല പ്രവർത്തനങ്ങളും കേരളത്തിലെ പിന്നോക്ക ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ രാഷ്ട്രീയ സമവികാസ് യോജന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മേൽപ്പറഞ്ഞവ കൂടാതെ ഇനിമുതൽ വാർഷിക പദ്ധതി തയ്യാറാക്കി ഓരോ ജില്ലയുടേയും പദ്ധതിവിഹിതം വിവിധ ജില്ലകൾക്കായി വീതിച്ചുനൽകുമ്പോൾ പിന്നോക്ക ജില്ലകൾക്ക് പ്രത്യേക പരിഗണനയും കൂടുതൽ വിഹിതവും ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശം

നൽകുന്നതാണ്. പ്ളാന്റേഷൻ മേഖലയെ സംബന്ധിച്ചും തൊഴിൽ പ്രശ്നങ്ങളെ സംബന്ധിച്ചും കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള പദ്ധതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. അതിന് അംഗീകാരം നൽകി ആവശ്യമായ സഹായം നൽകാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്.

(2) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളെ വേർതിരിച്ചതിലുള്ള അപാകതകൾ

ശ്രീ. ബി. രാഘവൻ: 10-ാം പദ്ധതിയുടെ ഭാഗമായി കേന്ദ്ര പ്ളാനിംഗ് ബോർഡും കേന്ദ്രഗവണ്മെന്റും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ കണ്ടെത്താനുള്ള മാനദണ്ഡം തീരുമാനിച്ചത് അതീവഗുരുതരവും അതിലേറെ പ്രത്യാഘാതത്തിന് ഇടവരുത്തുന്നതുമാണ്. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ 40 ശതമാനത്തിലേറെ ജനവിഭാഗം ഉണ്ടായിരുന്നത് ഇപ്പോൾ 7 ശതമാനമായി നിജപ്പെടുത്തിയിരിക്കുകയാണ്. ആഗോള വൽക്കരണത്തിന്റെ ചുവടുപിടിച്ച് പുത്തൻ സാമ്പത്തിക പരിഷ്ക്കരണം നടപ്പാക്കുന്നതിന്റെ ഫലമായി പരമ്പരാഗത ചെറുകിട വ്യവസായങ്ങളും കാർഷിക മേഖലയും തകർച്ചയിലാണ്. ഈ രംഗത്ത് പണിയെടുത്തിരുന്ന ധാരാളം ആളുകൾ തൊഴിൽരഹിതരായി. കേരളത്തിലെ കാർഷിക ഭൂവിനിയോഗം കുറഞ്ഞുവരികയാണ്. നെൽപ്പാടങ്ങൾ മൂന്നിലൊന്നായി ചുരുങ്ങി. തൊഴിലില്ലായ്മ വർദ്ധിച്ചതുകാരണം ദാരിദ്ര്യവും വർദ്ധിച്ചു. ഈ സന്ദർഭത്തിലാണ് കേന്ദ്ര പ്ളാനിംഗ് ബോർഡ് അശാസ്ത്രീയമായ മാനദണ്ഡം കണ്ടെത്തിയിരിക്കുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ മാനദണ്ഡം അതുപോലെ അംഗീകരിക്കാനാണ് സംസ്ഥാന ഗവണ്മെന്റ് തയ്യാറായത്. അതുമൂലം റേഷൻകടകൾവഴി ലഭിച്ചുകൊണ്ടിരുന്ന നിത്യോപയോഗ സാധന ങ്ങൾ, സർക്കാർ ആശുപത്രികളിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന ചികിൽസാ

സൗകര്യങ്ങൾ, വിവിധ ക്ഷേമപദ്ധതികൾ, നിരവധി പെൻഷൻ ആനുകൂല്യങ്ങൾ, സൗജന്യ സാമ്പത്തിക സഹായം ഇവയെല്ലാം മഹാഭൂരിപക്ഷം ജനങ്ങൾക്കും ലഭിക്കാതെയായി. അതിനാൽ എ.പി.എൽ., ബി.പി.എൽ. നിർണ്ണയിക്കുന്ന കേന്ദ്ര പ്ളാനിംഗ് ബോർഡിന്റെ സർവ്വേ പരിപൂർണ്ണമായി ഉപേക്ഷിച്ച് അർഹരായവരെ ഉൾപ്പെടുത്തി പുതിയ സർവ്വേ റിപ്പോർട്ട് ഉണ്ടാക്കാൻ ഗവണ്മെന്റ് തയ്യാറാകണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 1977–ൽ സംസ്ഥാനത്ത് ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സംപ്രദായം നടപ്പിലാക്കിയപ്പോൾ റേഷൻ കാർഡ് ഉടമകളെ എ.പി.എൽ., ബി.പി.എൽ. എന്ന് തരംതിരിച്ചു. സംസ്ഥാനത്ത് ദാരിദ്ര്യരേഖ സെൻസസ് നടത്തുന്നതിനുള്ള അധികാരം ഗ്രാമവികസന വകുപ്പിനാണ്. അതനുസരിച്ച് ബി.പി.എൽ. കാർഡ് ഉടമകളെ തെരഞ്ഞെടുക്കുന്നതിനായി 9–ാം പദ്ധതിക്കായി തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റ് ഭക്ഷ്യ–സിവിൽ സപ്ളൈസ് വകുപ്പ് അവലംബിച്ചതുകാരണം അനർഹരായവർ ബി.പി.എൽ. കാർഡ് ഉടമകളായിട്ടുണ്ടെന്ന് വ്യാപകമായ പരാതികളുണ്ടായി. ഗ്രാമവികസന വകുപ്പ് 10–ാം പദ്ധതിക്കായി ഒരു ദാരിദ്ര്യ രേഖാ സെൻസസ് നടത്തി ബി.പി.എൽ. ലിസ്റ്റിന് അന്തിമ രൂപം നൽകിവരുന്നു. 10–ാം പദ്ധതിക്കായി പുതിയ സെൻസസ് നടത്തിക്കഴിഞ്ഞതിനാൽ ഗ്രാമവികസന വകുപ്പ് നിലവിലുള്ള ബി.പി.എൽ. ലിസ്റ്റ് പുന:പരിശോധിക്കുന്നതല്ല. ഒരു സമഗ്ര സർവ്വേ നടത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് വളരെ കാലതാമസമുണ്ടാകും. ഈ സാഹചര്യത്തിൽ ബി.പി.എൽ., എ.പി.എൽ. കാർഡ് വിതരണം ചെയ്യുന്നതിലുണ്ടായിട്ടുള്ള ക്രമക്കേടുകൾ പരിഹരിക്കുന്നതിന് ചർച്ചകൾ നടത്തുകയും ആദ്യപടിയായി അനർഹരായ ബി.പി.എൽ. കാർഡ് ഉടമകളെ ഒഴിവാക്കുന്ന

തിനും പകരം അർഹരായവരെ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. സംസ്ഥാനത്തെ ബി.പി.എൽ. കാർഡ് ഉടമകളുടെ എണ്ണം നിശ്ചയിച്ച് അതിനാനുപാതികമായി ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യം അനുവദിച്ചു നൽകുന്നത് കേന്ദ്രസർക്കാരാണ്. അതുപ്രകാരം ബി.പി.എൽ. കാർഡ് ഉടമകളുടെ എണ്ണത്തിൽ വ്യത്യാസം വരാത്തതിനാൽ അനർഹരായവരെ ബി.പി.എൽ. വിഭാഗത്തിൽനിന്നും ഒഴിവാക്കുന്നതിനും അർഹരായവരെ ഉൾപ്പെടുത്തുന്നതിനും പാലിക്കേണ്ട രീതി, മുൻഗണനാക്രമം എന്നിവ സംബന്ധിച്ച ഉത്തരവ് ഭക്ഷ്യ, സിവിൽസപ്ളൈസ് വകുപ്പിൽനിന്നും പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ കാർഡ് ഉടമകളിൽനിന്നും സ്വീകരിച്ച വിവരങ്ങൾ, സ്വയം വെളിപ്പെടുത്തൽ, പ്രസ്താവനകൾ എന്നിവ പരിശോധിച്ച് അനർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. അവരെ ബി.പി.എൽ. വിഭാഗത്തിൽനിന്നും നീക്കം ചെയ്യുന്നതിനും പകരം അർഹരായ കുടുംബങ്ങളെ ബി.പി.എൽ.-ലേയ്ക്ക് കൊണ്ടുവരുന്നതിനും തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സമഗ്രമായ സർവ്വേയിലൂടെ മാത്രമേ ബി.പി.എൽ., എ.പി.എൽ. വിഭാഗത്തെ നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിക്കാനാകൂ. അതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ വികസന വകുപ്പുമായി ഗവൺമെന്റ് ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായും തള്ളിക്കളയുകയില്ല. നിശ്ചിത സമയത്തിനുള്ളിൽ ഒരു ഏജൻസിയെക്കൊണ്ട് സർവ്വേ നടത്തി അർഹരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കും. 2007-ൽ പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുന്നതോടുകൂടി നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

**സബ്മിഷൻ**

(1) മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിലെ പോലീസ് അതിക്രമം

ശ്രീ. കെ.എം. മാണി: ചാലക്കുടി മുരിങ്ങൂർ ഡിവൈൻ ധ്യാന കേന്ദ്രത്തിൽ കഴിഞ്ഞ 12-ാം തീയതി നിന്ദ്യവും നീചവുമായ പോലീസ് അതിക്രമമാണ് നടന്നത്. പോലീസുകാർ ഡിവൈൻ കേന്ദ്രം കയ്യേറി ദിവ്യബലി തടസ്സപ്പെടുത്തി. ഇൻഡ്യയിലെ ആത്മീയനേതാവായ ഫാദർ പനക്കലിനെ റോങ്ഫുൾ കൺഫൈൻമെന്റിൽവച്ചു. സ്ത്രീകൾ മാത്രം താമസിക്കുന്ന മുറിയിൽ പുരുഷ പോലീസുകാർ കയറിയെന്നു മാത്രമല്ല മരണശയ്യയിൽ കിടന്ന രോഗികളോടുപോലും അപമര്യാദയായി പെരുമാറി. പുറംലോകം അറിയാതെ ചികിൽസ നടത്തുന്ന എയ്ഡ്സ് രോഗികളുടെ പേരുവിവരം പുറത്തുകൊണ്ടുവരുന്നവിധം ചോദ്യം ചെയ്യുകയും അവിടത്തെ അന്തേവാസികളുടെ ഫോട്ടോ എടുക്കുകയും പരിശോധന നടത്തുന്ന രംഗം വീഡിയോയിൽ പകർത്തുകയും ചെയ്തു. പോലീസിന്റെ ഇത്തരം ക്രൂരനടപടികളിൽ പ്രതിഷേധിച്ച് എയ്ഡ്സ് സംഘടനയുടെ സെക്രട്ടറി ആത്മഹത്യയ്ക്ക് ശ്രമിച്ചു. അവിടെയുള്ള 400-ഓളം മാനസിക രോഗികളേയും ചോദ്യം ചെയ്യുകയും അവരുടെ വീഡിയോ ചിത്രങ്ങളെടുക്കുകയും ചെയ്തു. മെഡിക്കൽ സയൻസിനുപോലും ഭേദമാക്കാൻ കഴിയാത്ത രോഗത്തിന് അടിമപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന കേന്ദ്രമാണിത്. ആയിരക്കണക്കിന് ആളുകൾ സംരക്ഷണത്തിനും സമാധാനത്തിനുംവേണ്ടി അവിടെ വരുന്നുണ്ട്. ഇൻഡ്യയിലെ ഏറ്റവും വലിയ പുണ്യകേന്ദ്രമായ ഇവിടെ ക്രിമിനൽ പ്രൊസീഡുവർ കോഡിലെ വ്യവസ്ഥകൾ ലംഘിച്ചാണ് പരിശോധന നടത്തിയത്. ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഈ ധ്യാനകേന്ദ്രം സന്ദർശിച്ച് കാര്യങ്ങൾ

നേരിൽ മനസ്സിലാക്കണം. അതിക്രമം കാണിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മുരിങ്ങൂർ ഡിവൈൻ കേന്ദ്രവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് രണ്ട് എം.പി.മാരും പ്രതിപക്ഷ നേതാവും സ്ഥലം എം.എൽ.എ. ഉൾപ്പെടെ ചില എം.എൽ.എ.മാരും സ്ഥലം സന്ദർശിച്ചശേഷം വിവരം അറിയിക്കുകയുണ്ടായി. ഗവൺമെന്റ് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഈ ധ്യാന കേന്ദ്രവുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ നാനാഭാഗത്തുമുള്ള വിശ്വാസികളെ മുറിവേൽപ്പിക്കുന്ന ഒരു നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു മുണ്ടാകില്ല. ഡിവൈൻ കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന കാര്യവേലു, സിബി എന്നിവരുടെ അസ്വാഭാവിക മരണം സംബന്ധിച്ചും ഐ.എ.എസ്. ഐ.പി.എസ്. ഉദ്യോഗസ്ഥർ അവരുടെ പദവി ദുരുപയോഗ പ്പെടുത്തി ഡിവൈൻ കേന്ദ്രവുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയെന്നും ഈ ധ്യാന കേന്ദ്രത്തിലെ അധികൃതർക്ക് വിദേശ നാണ്യ ഇടപാടുണ്ടെന്നു മുള്ള ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ ഹൈക്കോടതി ഉത്തരവിട്ട പ്രകാരം കേസ് ചാർജ് ചെയ്ത് അന്വേഷണ ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ നിയോഗിച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ്. 2005–ലെ കോടതിവിധിക്ക് എതിരെ അന്നത്തെ ഗവൺമെന്റ് അപ്പീൽ പോയില്ല. പോളിഗ്രാഫ് ടെസ്റ്റും ബ്രെയിൻ മാപ്പിംഗും നടത്തണമെന്ന് കോടതി പറഞ്ഞിട്ടും അന്നത്തെ ഗവൺമെന്റ് അതിനെതിരെ കോടതിയെ സമീപിച്ചില്ല. ഇത് അന്വേഷിക്കുന്നതിന് കോടതി നിർദ്ദേശിച്ച ടീമിന് എല്ലാവിധ അസിസ്റ്റൻസും ഗവൺമെന്റ് നൽകണമെന്നാണ് കോടതി പറഞ്ഞിരിക്കുന്നത്.

അവർ സംസ്ഥാന ഗവൺമെന്റിനല്ല, കോടതിക്കാണ് റിപ്പോർട്ട് കൊടുക്കുന്നത്. കോടതി ഉത്തരവ് പാലിക്കുക എന്നതല്ലാതെ ഈ ഗവൺമെന്റ് യാതൊരുവിധ നിർദ്ദേശവും വച്ചിട്ടില്ല. ആരാധനാലയങ്ങളിൽ പരിശോധന നടത്താൻ ഈ ഗവൺമെന്റ് ഉത്തരവ് കൊടുത്തിട്ടില്ല. വൈദ്യ പരിശോധന നടത്തുന്ന സ്ഥലങ്ങളിലും രോഗികൾ കിടക്കുന്ന സ്ഥലങ്ങളിലുമല്ലാതെ യാതൊരുവിധ പരിശോധനയും നടന്നിട്ടില്ല. ഇതിന്റെ ഭാഗമായി റെയ്ഡോ സെർച്ചോ നടന്നിട്ടില്ലെന്നാണ് ഗവൺമെന്റിന് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. മെഡിക്കൽ ഇൻസ്പെക്ഷനാണ് അവിടെ നടത്തിയിട്ടുള്ളത്. ഇന്നലെ കോടതിയിൽ ഈ കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ കോടതി പറഞ്ഞത് ഓപ്പൺ കോടതിയിൽ ഈ കാര്യങ്ങൾ പറയേണ്ടതില്ലെന്നും എഴുതി സമർപ്പിച്ചാൽ മതിയെന്നുമാണ്. അവിടെ നടന്ന കാര്യങ്ങൾ വീഡിയോയിൽ പകർത്തിയിട്ടുണ്ട്. കോടതി നിർദ്ദേശ പ്രകാരം വീഡിയോ റിപ്പോർട്ട് പരസ്യമാക്കാൻ പാടില്ല. കോടതിയുടെ നിർദ്ദേശ പ്രകാരമാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രം സംബന്ധിച്ച പ്രശ്നത്തിൽ ഹൈക്കോടതിയുടെ നിരീക്ഷണവും ഇടപെടലും നടന്നുകൊണ്ടിരിക്കുകയാണ്. ധ്യാനകേന്ദ്രങ്ങളുടെ പ്രവർത്തനം തടസ്സപ്പെടു ത്താനും അവിടത്തെ കാര്യങ്ങളിൽ ഇടപെടാനും ഗവണ്മെന്റിന് ഉദ്ദേശമില്ല. ഈ കേസ്സ് നവംബർ മാസം 17-ാം തീയതിയിലേയ്ക്ക് പോസ്റ്റ് ചെയ്തിരിക്കുകയാണ്. അന്ന് ഇതു സംബന്ധിച്ചുള്ള കാര്യങ്ങൾ സമർപ്പിക്കണമെന്ന് കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. കോടതി നിശ്ചയിച്ച ഒരു ടീമാണ് റിപ്പോർട്ട് സമർപ്പിക്കുന്നത്. ഗവണ്മെന്റിനെ റിപ്പോർട്ട് കാണിക്കേണ്ടതില്ല. ഇതൊരു റെയ്ഡാണെന്ന് വ്യാഖ്യാനിച്ച് ഗവണ്മെന്റിനെ തിരായി പ്രശ്നം തിരിച്ചുവിടാനും രാഷ്ട്രീയമായി കാണാനുമാണ്

പ്രതിപക്ഷം ശ്രമിക്കുന്നത്. കേരളത്തിലെ ആരാധനാലയങ്ങൾക്ക് ഈ ഗവണ്മെന്റ് സംരക്ഷണം കൊടുക്കുന്നതാണ്. ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്ന ഡിവൈൻ ധ്യാനകേന്ദ്രത്തിനെതിരെ എന്തെങ്കിലും നീക്കങ്ങളുണ്ടെങ്കിൽ ഗവണ്മെന്റ് അതിൽ കർശനമായി ഇടപെടും. കോടതിയുടെ നിർദ്ദേശ പ്രകാരം നടത്തിയ അന്വേഷണത്തിൽ ഗവണ്മെന്റ് ഇടപെടുന്നത് സബജുഡീസ് ആകാൻ ഇടയുണ്ട്. ഇതു സംബന്ധിച്ച് നിയമവശം പരിശോധിച്ചശേഷം മുരിങ്ങൂർ ധ്യാനകേന്ദ്രം സന്ദർശിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. കോടതിയെ ബോധ്യപ്പെടുത്തിക്കൊണ്ടുമാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയൂ. 17-ാം തീയതി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഈ പ്രശ്നങ്ങൾ കണക്കിലെടുത്ത് അഫിഡവിറ്റ് കൊടുക്കാനുള്ള നിലപാട് എടുക്കുന്നതാണ്. എയ്ഡ്സ് രോഗികൾക്കും മനോരോഗികൾക്കും വേണ്ടി നടത്തുന്ന സേവനങ്ങൾ സംബന്ധിച്ച് കിട്ടിയ റിപ്പോർട്ടുകൾ പരിശോധിക്കുന്നതാണ്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന ഒരു നിലപാടും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നു ണ്ടാകുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): രാഷ്ട്രീയമായി ഈ പ്രശ്നത്തെ പ്രതിപക്ഷം കാണുന്നു എന്നുള്ള ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രസ്താവന നിർഭാഗ്യകരമാണ്. കോടതി ഉത്തരവിനതീതമായി ചില കാര്യങ്ങൾ അവിടെ നടന്നിട്ടുണ്ട്. നല്ല രീതിയിൽ സേവനം നടത്തുന്ന ധ്യാനകേന്ദ്രത്തെ താറടിക്കാനും അപമാനകരമായിട്ടുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുകയാണ്. അവിടെയുള്ള എയ്ഡ്സ് രോഗികളുടെ ഫോട്ടോ എടുത്തത് തിരികെ കൊടുക്കണം.

പ്രതിപക്ഷം രാഷ്ട്രീയമായി ഈ പ്രശ്നത്തെ കാണുന്നു എന്നുള്ള പ്രസ്താവന പിൻവലിക്കണം. ഈ പ്രശ്നം രാഷ്ട്രീയമായി ചിത്രീകരിച്ച് യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത് തെറ്റാണ്. അതിനാൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ടുപോയി കാര്യങ്ങൾ മനസ്സിലാക്കുകയും അവിടെയുള്ളവരുടെ ആവലാതികൾ കേൾക്കാനുള്ള സന്മനസ്സ് കാണിക്കുകയും വേണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഒരിക്കൽ സഭയിൽ ഉന്നയിച്ച വിഷയം വീണ്ടും അവതരിപ്പിക്കുന്നത് സദുദ്ദേശത്തോടുകൂടിയല്ല. ഈ പ്രശ്നത്തിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സബ്ജുഡീസ് ആകാത്ത വിധത്തിൽ ഇക്കാര്യം കൈകാര്യം ചെയ്യാം. നിയമവകുപ്പു സെക്രട്ടറിയുമായി ചർച്ച ചെയ്തശേഷം അവിടെ പോകുന്നതിനെ സംബന്ധിച്ച് ആലോചിക്കാം.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ വിട്ടിറങ്ങിപ്പോകുകയും അൽപസമയത്തിനുള്ളിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

(2) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: നാഷണൽ ഹൈവേയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗമില്ലാത്തതിനാൽ റോഡപകടങ്ങളിൽപ്പെട്ടു വരുന്നവരെ കൊല്ലത്തോ തിരുവനന്തപുരത്തോ കൊണ്ടുപോകേണ്ട അവസ്ഥയാണുള്ളത്. അതിനാൽ അവിടെ കാഷ്വാലിറ്റി വിഭാഗവും ട്രോമാ കെയർ യൂണിറ്റും സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): നാഷണൽ ഹൈവേയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന ആറ്റിങ്ങൽ ഗവണ്മെന്റാശുപത്രിയിൽ 60 കിടക്കകൾ അനുവദിച്ചിട്ടുണ്ടെങ്കിലും കാഷ്വാലിറ്റി വിഭാഗം പ്രവർത്തിക്കുന്നില്ല. അതിനായി പുതിയതായി നാല് മെഡിക്കൽ ആഫീസർമാരുടെ അധിക തസ്തിക അനുവദിക്കേണ്ടതായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് അവിടെ കാഷ്വാലിറ്റി അനുവദിക്കുന്നതിനും ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(3).കാർഷിക കടങ്ങൾ

ശ്രീ. എ.പി. അനിൽകുമാർ: കാർഷിക കടംമൂലം 549 കർഷകർ ആത്മഹത്യ ചെയ്യുകയുണ്ടായി. ആത്മഹത്യ ചെയ്തവരുടെ കടങ്ങൾ എഴുതിത്തള്ളുമെന്ന് സർക്കാർ തീരുമാനം പ്രഖ്യാപിച്ചെങ്കിലും ആറ് കർഷകരുടെ കടം മാത്രമാണ് ഇതുവരെയായി എഴുതിത്തള്ളിയത്. ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് വ്യക്തമായ നിർദ്ദേശം ബാങ്കുകൾക്ക് നൽകാത്തതിന്റെ പേരിൽ ഇപ്പോഴും ജപ്തിനടപടികൾ തുടരുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വ്യക്തമായൊരു നിലപാട് ഗവണ്മെന്റ് സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ): ഈ ഗവൺമെന്റ് ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത എഴുതിത്തള്ളാൻ തീരുമാനിക്കുകയും 27-7-06-ലെ ഉത്തരവുപ്രകാരം സഹകരണ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് 549 കേസുകളിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടി ത്വരിതപ്പെടുത്തണമെന്ന് ബാങ്കുകാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. സെപ്റ്റംബർ

2006 വരെയുള്ള കണക്കനുസരിച്ച് കടബാധ്യത സംബന്ധിച്ചുള്ള 205 കേസുകളിൽ 86 എണ്ണവും എഴുതിത്തള്ളിയതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്നവയിൽ 30–10–2006–നുമുമ്പ് നടപടികൾ പൂർത്തീകരിക്കണമെന്ന് ബന്ധപ്പെട്ട ബാങ്കുകൾക്ക് സംസ്ഥാനതല ബാങ്കേഴ്സ് മീറ്റിംഗിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 2006 ജൂലൈ 31 വരെ ആത്മഹത്യ ചെയ്ത കർഷകരുടെ കണക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ സമിതികൾ കടബാധ്യത എഴുതിത്തള്ളാനുള്ള കേസുകൾ അവലോകനം ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകാനും പുരോഗതി വിലയിരുത്താനും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു കമ്മിറ്റി 18–10–2006–ൽ കൂടുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.

(4) <u>മാലിന്യ നിർമ്മാർജ്ജനത്തിന് തുടർ നടപടികൾ</u>

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> സ്ക്കൂൾ കുട്ടികൾ, കുടുംബശ്രീ അംഗങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യ സംഘടനകൾ എന്നിവരുടെ ഒരു കൂട്ടായ്മയാണ് ശുചീകരണ ദിനമായി ആചരിച്ച ഒക്ടോബർ 13–ന് കാണാൻ കഴിഞ്ഞത്. വരുംവർഷങ്ങളിലും ഇതുപോലുള്ള കൂട്ടായ യജ്ഞം സംഘടിപ്പിക്കേണ്ടതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്. ഈ പരിപാടി ജനങ്ങളിൽ ബോധവൽക്കരണം നടത്താൻ സഹായകമായി ട്ടുണ്ട്. ഖരമാലിന്യം നീക്കംചെയ്യലും സംസ്ക്കരണവും ത്രിതല പഞ്ചായത്തു കളുടെ ചുമതലയാക്കി മാറ്റി അതിനാവശ്യമായ ധനസഹായം നൽകണം. പരിസ്ഥിതി സംരക്ഷിക്കാനും മലിനീകരണം തടയാനും പൊതുസ്ഥലങ്ങൾ മലിനീകരിക്കുന്നത് ശിക്ഷാർഹമാക്കാനും സഹായകരമാംവിധം നിയമ

നിർമ്മാണം കൊണ്ടുവരണം. ഇതുസംബന്ധിച്ച സ്വകാര്യബില്ലും ഔദ്യോഗിക ബില്ലും സഭയുടെ പരിഗണനയിലുണ്ട്. ഇത്തരം മാലിന്യങ്ങൾ വൈദ്യുതിയും വളവുമാക്കി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കണം. സമഗ്ര നിയമനിർമ്മാണവും നയപരിപാടികളും ആവിഷ്ക്കരിച്ച് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. ഈ സംരംഭത്തിനിടയിൽ മരണമടഞ്ഞ കുട്ടിയുടെ ആശ്രിതർക്ക് ധനസഹായവും പരിക്കുപറ്റിയ കുട്ടിക്ക് ചികിൽസാ സഹായവും നൽകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കേരളത്തെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. ഒക്ടോബർ 13–ാം തീയതി സംസ്ഥാനത്ത് നടന്ന ശുചീകരണ പ്രവർത്തനത്തിലുണ്ടായ ജനങ്ങളുടെ പങ്കാളിത്തവും സ്ക്കൂൾ കുട്ടികളുടെ ആവേശവും ആത്മാർത്ഥതയും പ്രശംസനീയമാണ്. ശുചീകരണ പ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാവരേയും അനുമോദിക്കുന്നു. സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കു ന്നതിനുള്ള ശുചീകരണ പ്രവർത്തനം തുടർനടപടിയായി നടത്തണമെന്ന നിർദ്ദേശത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഒക്ടോബർ 2 മുതൽ 8 വരെ ശുചീകരണ പ്രവർത്തനം സംഘടിപ്പിക്കണമെന്ന് സെപ്റ്റംബർ മാസം 18–ാം തീയതി എന്റെ അദ്ധ്യക്ഷതയിൽക്കൂടിയ വകുപ്പുതലവന്മാരുടെ യോഗം തീരുമാനിച്ചിട്ടുണ്ട്. സ്ക്കൂൾ–കോളേജ്–ഓഫീസ് കോമ്പൗണ്ട്, മാർക്കറ്റ്, പൊതുനിരത്തുകൾ, കോളനികൾ, വീടും പരിസരവും എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത ത്. കേരള പഞ്ചായത്ത്/മുനിസിപ്പൽ നിയമപ്രകാരം ഖരമാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടത് ത്രിതല പഞ്ചായത്തുകളുടെ ചുമതലയാണ്.

തദ്ദേശ ഭരണസ്ഥാപനങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിന് പ്ലാന്റുകൾ സ്ഥാപിക്കാൻ സ്ഥലം ലഭ്യമല്ലാത്തതിനാൽ ഒരു വികേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാനാണ് സംസ്ഥാന ശുചിത്വ ആരോഗ്യമിഷനും ക്ലീൻ കേരള മിഷനും ആസൂത്രണം ചെയ്തിട്ടുള്ളത്. ആശുപത്രികളിൽ മാലിന്യം നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനും എന്തുചെയ്യാൻ കഴിയുമെന്ന് ആരോഗ്യവകുപ്പുമായി ആലോചിക്കുന്നതാണ്. ഖരമാലിന്യ സംസ്ക്കരണത്തിന് പ്രോജക്ടുകൾ തയ്യാറാക്കുകയാണെങ്കിൽ വാർഷിക പദ്ധതിയിൽ നിന്ന് തുക ചെലവഴിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 12 കോടി രൂപ അടങ്കൽ വരുന്ന ഒരു ഖര-ജല മാലിന്യ നിർമ്മാർജ്ജന പദ്ധതി

നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. മാലിന്യ സംസ്ക്കരണം സംബന്ധിച്ച ജനകീയ അവബോധമുണ്ടാക്കി കഴിയുന്നത്ര മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്തുതന്നെ സംസ്ക്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുള്ള കർമ്മ സമിതികൾ ഈ പ്രശ്നങ്ങൾ പഠിച്ച് നവംബർ മാസം ശുചിത്വ സമീപന രേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾക്ക് പ്രാദേശിക പദ്ധതി വിഹിതത്തിൽനിന്നും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെയുള്ള സമ്പൂർണ്ണ ശുചിത്വ മിഷനിൽനിന്നും സഹായം നൽകുന്നതാണ്. സംസ്ഥാനത്ത് മുനിസിപ്പൽ പ്രദേശത്ത് ബ്ളോക്ക് പഞ്ചായത്ത് അതിർത്തിയിലെ ഒരു സ്ഥലത്ത് ചവർ സംസ്ക്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കണ്ണ് നഷ്ടപ്പെട്ട് തിരുവനന്തപുരം കണ്ണാശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന കുട്ടിയുടെ ചികിത്സയ്ക്ക് വേണ്ട എല്ലാ സഹായവും വിദ്യാഭ്യാസ വകുപ്പിൽനിന്നും ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് സഹായം നൽകുന്നത് സംബന്ധിച്ച് ക്യാബിനറ്റിൽ തീരുമാനിക്കുന്നതാണ്. ശുചീകരണ പ്രവർത്തനങ്ങൾ തുടർ പ്രക്രിയയായി മുന്നോട്ടുകൊണ്ടുപോകുന്നു. അതിൽ സംഭാവനകൾ അർപ്പിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതടക്കമുള്ള കാര്യങ്ങളും ക്യാബിനറ്റ് തീരുമാനിക്കുന്നതാണ്.

(5) കാസർഗോഡ് ജില്ലയിൽ ഹാർബർ എൻജിനീയറിംഗ് ഡിവിഷൻ ആഫീസ്

ശ്രീ.കെ.വി.കുഞ്ഞിരാമൻ: ഫിഷറീസ് മേഖലയിൽ ആവിഷ്ക്കരിക്കുന്ന പദ്ധതികൾക്ക് നിർദ്ദേശങ്ങളും എസ്റ്റിമേറ്റും സമയബന്ധിതമായി സമർപ്പിക്കാൻ സാധിക്കാത്തതുകൊണ്ട് കാസർഗോഡ് ജില്ലയുടെ തീരദേശ മേഖലയിൽ അർഹമായ വിഹിതം ലഭ്യമാകാതെ അവഗണിക്കപ്പെടുകയാണ്. ജില്ലയിലെ ഹാർബറുകളുടെയും ഫിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. തെക്കൻ കേരളത്തിൽ ഒരു ജില്ലയ്ക്കു ഒന്നിൽ കൂടുതൽ ഡിവിഷൻ ആഫീസുകൾ ഉള്ളപ്പോൾ വടക്കൻ കേരളത്തിലെ കണ്ണൂർ, കാസർഗോഡ് ജില്ലകൾക്ക് കണ്ണൂരിൽ പ്രവർത്തിക്കുന്ന ഒരു ഡിവിഷൻ ആഫീസാണുള്ളത്. ജില്ലയിലെ ഇത്തരം പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന നിലയിൽ ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ ഒരു

ഡിവിഷൻ ആഫീസ് കാസർഗോഡ് സ്ഥാപിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): കാസർഗോഡ് ജില്ലയിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ ഒരു സെക്ഷൻ ആഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ് കസ്ബ കടപ്പുറത്ത് ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് താമസിയാതെ കേന്ദ്രാനുമതി ലഭിക്കുന്നതാണ്. ചെറുവത്തൂരിൽ ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര കൃഷി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. മഞ്ചേശ്വരം ഹൊസബട്ടു കടപ്പുറത്ത് ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന് സാധ്യതാ പഠനം നടന്നുവരുന്നു. ഫിഷ് ലാൻഡിംഗ് സെന്ററിൽ പാറപൊട്ടിക്കുന്നതിന് 45 ലക്ഷം രൂപ ചെലവ് വരുന്ന ഒരു പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. തീരദേശ മേഖലയിൽ സാനിറ്റേഷൻ പദ്ധതികൾ, ഫിഷറീസ് റോഡുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കമ്മിഷൻ ചെയ്ത പ്രോജക്ടുകളിലെ തസ്തികകളിൽനിന്നും മറ്റു പ്രോജക്ടുകളിലേയ്ക്ക് ജീവനക്കാരെ ഡിപ്ളോയ് ചെയ്തു കൊടുക്കുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അടിയന്തിര നടപടി കൈക്കൊള്ളുന്നതാണ്.

(6) കാസർഗോഡ് കടപ്പുറത്ത് മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടത് സംബന്ധിച്ച്

ശ്രീ. സി.ടി. അഹമ്മദ് അലി: 15-10-2006-ന് കാസർഗോഡ് ജില്ലയിൽ മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് ഒരു മത്സ്യത്തൊഴിലാളി മരണപ്പെടുകയും 7 പേർക്ക് മാരകമായി പരിക്കേൽക്കുകയും ചെയ്തു. അപകടത്തിൽപ്പെട്ട് കാസർഗോഡ് താലൂക്കാശുപത്രിയിൽ ചികിത്സയിൽ

കഴിയുന്നവർക്ക് ചികിൽസാ സഹായവും മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് സാമ്പത്തിക സഹായവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ): മരിച്ച മത്സ്യത്തൊഴിലാളിയുടെ കുടുംബത്തിന് നിലവിലുള്ള നിബന്ധനകളനുസരിച്ച് ഇപ്പോൾ 5,000 രൂപ ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡിൽനിന്ന് കൊടുക്കുന്നതാണ്. ബാക്കി 95,000 രൂപ അടിയന്തിരമായി നൽകുന്നതിന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ചികിത്സയിൽ കഴിയുന്നവർക്ക് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 500 രൂപ കൊടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്; പരുക്കുപറ്റിയവർക്ക് പരുക്കിന്റെ തീവ്രതയനുസരിച്ച് വേണ്ട സഹായം ലഭ്യമാക്കാൻ റവന്യൂ വകുപ്പുമായി ആലോചിച്ച് നിർദ്ദേശം കൊടുക്കുന്നതാണ്.

(7) ഷൊർണ്ണൂർ, തൃപ്പറ്റക്കാവ് ക്ഷേത്രങ്ങളിൽ നടന്ന മോഷണം

ശ്രീ.സി.പി.മുഹമ്മദ്: സംസ്ഥാനത്തെ ആരാധനാലയങ്ങളിൽ മോഷണവും മോഷണശ്രമങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നത് സർക്കാർ ഗൗരവമായി കാണണം. 28-09-06-ന് പട്ടാമ്പി നിയോജകമണ്ഡലത്തിൽപ്പെട്ട തൃപ്പറ്റക്കാവ് ക്ഷേത്രത്തിൽനിന്ന് 70,000-ത്തോളം രൂപ വില വരുന്ന പൂജാപാത്രങ്ങളും വല്ലപ്പുഴ സമസ്ത കേരള ദാറുൽ ഇസ്ലാം യത്തീംഖാനയിൽനിന്ന് 83,000 രൂപയും മോഷണം പോയി. ഷൊർണ്ണൂരിലെ കുരിശുപള്ളിയിലും മോഷണശ്രമങ്ങൾ നടന്നിട്ടുണ്ട്. ഇതു സംബന്ധിച്ച കുറ്റവാളികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെക്കൊണ്ട് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാലക്കാട് ഷൊർണ്ണൂരിലുള്ള തൃപ്പറ്റക്കാവ് ക്ഷേത്ര ത്തിലെയും വല്ലപ്പുഴ സമസ്ത കേരള ദാറുൽ ഇസ്ലാം യത്തിംഖാനയിലെയും മോഷണങ്ങളെ സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക സ്ക്വാഡിനെ നിയോഗിച്ച് കേസന്വേഷണം ഊർജ്ജിതപ്പെടു ത്തുന്നതാണ്.

(8) പാറശ്ശാലയിൽ മജിസ്ട്രേട്ട്, മുൻസിഫ് കോടതികൾ

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകര മജിസ്ട്രേട്ട് കോടതിയിലും അബ്കാരി കോടതികളിലും കേസിന്റെ ബാഹുല്യംമൂലം തീർപ്പു കൽപ്പിക്കുവാൻ ബുദ്ധിമുട്ടുള്ളതിനാൽ കേസുകൾ ഫാസ്റ്റ്ട്രാക് കോടതി കളിലേയ്ക്ക് റെഫർ ചെയ്യപ്പെടുകയാണ്. സർക്കാർ ഉത്തരവ് പ്രകാരം കോടതികളാരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ പാറശ്ശാല ഉൾപ്പെട്ടി ട്ടുണ്ട്. മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയായ സാഹചര്യത്തിൽ പാറശ്ശാലയിൽ എത്രയും പെട്ടെന്ന് ഒരു കോടതി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഹൈക്കോടതി രജിസ്ട്രാറുടെ ശുപാർശ പ്രകാരം സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ പാറശ്ശാല എട്ടാമതാണ്. മുൻഗണനാക്രമമനുസരിച്ചും സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തും പാറശ്ശാലയിൽ ഒരു മുൻസിഫ് കോടതി സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) <u>മുഴുപ്പിലങ്ങാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: 8 കോടി രൂപ സംസ്ഥാന വിഹിതവും 7 കോടി രൂപ കേന്ദ്രവിഹിതവുമായി 2001-ൽ ആരംഭിച്ച കണ്ണൂർ എൻ.എച്ച്. റോഡിലെ മുഴുപ്പിലങ്ങാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം ഇതുവരെ പൂർത്തിയായിട്ടില്ല. മുംബൈ കേന്ദ്രീകരിച്ചുള്ള കമ്പനി നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചപ്പോൾ കിഡ്കോയ്ക്കു കൊടുക്കുകയും അവർ വർക്ക് അറേഞ്ചുമെന്റിനുവേണ്ടി സേലം കേന്ദ്രീകരിച്ചുള്ള ഒരു കമ്പനിക്കു നൽകുകയും ചെയ്തുവെങ്കിലും പ്രസ്തുത ജോലികൾ സ്തംഭിച്ചിരിക്കുകയാണ്. 3 സ്പാനുകളുടെ പണികൂടി പൂർത്തീകരിക്കാനുണ്ട്. ഓവർബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് ആരംഭിക്കുന്ന ഭാഗത്തെ റോഡ് തകർന്നുകിടക്കുന്നതു കാരണം വാഹനങ്ങൾ മറ്റു വഴികളിലൂടെയാണ് തിരിച്ചുവിടുന്നത്. ഇത് ചെറിയ പാലങ്ങൾക്കും മറ്റും കേടുപാടുവരുത്താൻ ഇടയാകും. ആയതിനാൽ ഓവർബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. റ്റി.യു. കുരുവിള</u>): 2001-ൽ ടെണ്ടർ ക്ഷണിച്ച മേൽപ്പാലത്തിന് റെയിൽവേ വകുപ്പിൽനിന്ന് അനുമതി വൈകിയതിനാൽ ആവശ്യമായ സ്ഥലം ലഭ്യമായില്ല. 31-10-2005 എന്ന കാലാവധി നിശ്ചയിച്ച് കരാർ നൽകിയെങ്കിലും റെയിൽവേ വകുപ്പിൽനിന്ന് അനുമതി ലഭിക്കാൻ വീണ്ടും കാലതാമസം നേരിട്ടതിനാൽ 31-12-2005 വരെ നീട്ടിക്കൊടുത്തു. 16 സ്പാനുകളുള്ളതിൽ 13 എണ്ണവും അപ്രോച്ച് റോഡിന്റെ ഫോർമേഷനും പൂർത്തിയായി. 3 സ്പാനുകളും അപ്രോച്ച് റോഡിന്റെ ടാറിംഗുമാണ് ഇനി പൂർത്തീകരിക്കാനുള്ളത്. മഴക്കാലം കഴിയുന്നതോടു

കൂടി നിർമ്മാണ ജോലികൾ വീണ്ടും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(10) <u>പൂജപ്പുര ജുവനൈൽ ഹോമിലെ അന്തേവാസികളെ മർദ്ദിച്ച സംഭവം</u>

<u>ശ്രീ. വി. ശിവൻകുട്ടി:</u> പൂജപ്പുര ഒബ്സർവേഷൻ ഹോമിലെ ബധിരനും മൂകനുമായ വിദ്യാർത്ഥിയെയടക്കം 6 പേരെ ക്രൂരമായി മർദ്ദിച്ചവശരാക്കുക യുണ്ടായി. ജുവനൈൽ ഹോമിലേയ്ക്ക് കുട്ടികളെ മാറ്റിപ്പാർപ്പിക്കണമെന്ന സൂപ്രണ്ടിന്റെ അപേക്ഷയിൽ സംശയം തോന്നിയ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് സ്ഥലം സന്ദർശിച്ച് കുട്ടികളിൽനിന്ന് മൊഴിയെടുത്തപ്പോഴാണ് മർദ്ദന വിവരം അറിഞ്ഞത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജുവനൈൽ ഹോമുകളെയും ഒബ്സർവേഷൻ ഹോമുകളെയും കേന്ദ്രീകരിച്ചുകൊണ്ടുള്ള ഉപദേശക സമിതികൾ രൂപീകരിക്കണം. കുട്ടികളുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി പ്രത്യേക നിയമ നിർമ്മാണം നടത്തണം. പൂജപ്പുര ഒബ്സർവേഷൻ ഹോമിൽ നടന്ന സംഭവത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)</u>: ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന മൂന്ന് സ്ഥാപനങ്ങളാണ് ജുവനൈൽ ഹോം ഫോർ ബോയ്സ്, ഒബ്സർവേഷൻ ഹോം ഫോർ ബോയ്സ്, ഗവൺമെന്റ് സ്പെഷ്യൽ ഹോം ഫോർ ബോയ്സ്. ഒബ്സർവേഷൻ ഹോമിലെ കുട്ടികളെ മർദ്ദിച്ച സംഭവത്തിൻമേലുള്ള അന്വേഷണ നടപടികളുടെ ഭാഗമായി സൂപ്രണ്ടിനെ ഉടൻ തന്നെ സസ്പെന്റ് ചെയ്യുകയും താൽക്കാലിക കെയർടേക്കർമാരെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ഇത്തരം സ്ഥാപന

ങ്ങളുടെ നിരീക്ഷണത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഉപദേശക സമിതി രൂപീകരിക്കുന്നതാണ്.

(11) <u>കേന്ദ്ര പാക്കേജിൽ ആലപ്പുഴയ്ക്ക് ആവശ്യമായ പരിഗണന നൽകണമെന്ന ആവശ്യം</u>

<u>ശ്രീ. കെ. സി. വേണുഗോപാൽ:</u> ചിക്കുൻ ഗുനിയയും മറ്റ് സാംക്രമിക രോഗങ്ങളും ഇല്ലാതാക്കി മരണം ഒഴിവാക്കാനുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളിലും നടപടികളിലും ആലപ്പുഴയിലെ ജനങ്ങളും ഭാഗഭാക്കായിക്കൊണ്ടിരിക്കുകയാണ്. ചിക്കുൻ ഗുനിയ വ്യാപിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ ബന്ധപ്പെട്ട കേന്ദ്രമന്ത്രി ആലപ്പുഴയും ചേർത്തലയും സന്ദർശിക്കുകയും വി.സി.ആർ.സി പുന:സ്ഥാപിക്കുമെന്നും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ശക്തിപ്പെടുത്തുമെന്നും പ്രഖ്യാപിക്കുകയും ചെയ്തു. ഡൽഹിയിൽ വച്ച് നടന്ന വിവിധ സംസ്ഥാന ആരോഗ്യ വകുപ്പുമന്ത്രിമാരുടെ കോൺഫറൻസിൽ കേരളത്തിന് വേണ്ടി എന്തെല്ലാം പ്രഖ്യാപിച്ചുവെന്ന കാര്യം വിശദമാക്കണം. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സൗത്ത് ഇൻഡ്യയിൽ സ്ഥാപിക്കുമെന്ന് കേന്ദ്രമന്ത്രി പ്രസ്താവിച്ചിരുന്നു; അത് ആലപ്പുഴയിൽ തന്നെ വേണം. ഡബ്ളിയു ആന്റ് സി ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവയ്ക്കുവേണ്ടി ഒരു പാക്കേജ് ആവശ്യമാണ്. 25 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചപ്പോൾ 5 കോടി രൂപ മാത്രമാണ് ആലപ്പുഴയ്ക്കുവേണ്ടി മാറ്റിവച്ചത്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കാവുന്ന സഹായം നേടിയെടുത്ത് ആലപ്പുഴയിൽ ഇനിയും സാംക്രമിക രോഗങ്ങൾ ഉണ്ടാകാത്തവിധം സമഗ്രമായ ഒരു ആരോഗ്യപാക്കേജ് നടപ്പിലാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ആലപ്പുഴ ജില്ലയിലെ ചിക്കുൻ ഗുനിയ, പകർച്ചപ്പനി എന്നിവ നിർമ്മാർജ്ജനം ചെയ്യാനുള്ള തീവ്രയജ്ഞ പരിപാടികൾ നടപ്പിലാക്കുന്ന അവസരത്തിലും ഡെങ്കിപ്പനി, ചിക്കൻപോക്സ് തുടങ്ങിയ സാംക്രമിക രോഗങ്ങൾ വരാനുള്ള സാധ്യത ഉള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ ചിക്കുൻ ഗുനിയ രോഗ നിരീക്ഷണത്തിനായി ഈയിടെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ആലപ്പുഴയിലും ചേർത്തലയിലും സന്ദർശനം നടത്തിയപ്പോൾ. വി.സി.ആർ.സി. പുന:സംഘടിപ്പിക്കുമെന്നും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനക്ഷമമാക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. വി.സി.ആർ.സി. ആലപ്പുഴയിൽത്തന്നെ വേണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ശക്തിപ്പെടുത്താൻ 2.45 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കാമെന്നാണ് കേന്ദ്രമന്ത്രി അറിയിച്ചിരിക്കുന്നത്. 11 സംസ്ഥാനങ്ങളിലെ മന്ത്രിമാർ അടങ്ങുന്ന ആരോഗ്യ വകുപ്പുമന്ത്രിമാരുടെ കോൺഫറൻസ് ഇക്കഴിഞ്ഞ 11-ാം തീയതി ഡൽഹിയിൽ വച്ച് കൂടിയിരുന്നു. രോഗം നിയന്ത്രിക്കാൻ 2.20 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷം ഫൈലേറിയ നിയന്ത്രണവുമായി ബന്ധപ്പെട്ട് മാസ് ഡ്രഗ് അഡ്മിനിസ്ട്രേഷന് ലഭിച്ച ചെലവഴിക്കാതെ കിടക്കുന്ന 32 ലക്ഷം രൂപ തിരിച്ചടയ്ക്കണ്ടെന്നും പ്രസ്തുത തുക കൂടി രോഗം നിയന്ത്രിക്കുവാനായി ചെലവാക്കിക്കൊള്ളാനും അനുവാദം ലഭിച്ചിട്ടുണ്ട്.

(12) നിർമ്മാണത്തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

ശ്രീ. കെ. ബാബു: നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമനിധി മുഖാന്തിരം ലഭിക്കുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കു

ന്നതിനും മിനിമം പെൻഷൻ 500 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും സ്ത്രീ തൊഴിലാളികൾക്ക് നൽകുന്ന പ്രസവാനുകൂല്യം വർദ്ധിപ്പിക്കുന്നതിനും അപകട മരണത്തിന് നൽകുന്ന ധനസഹായം രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് പിരിച്ചെടുക്കാനുള്ള കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക എത്രയു വേഗം പിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് നൽകി വരുന്ന അപകട മരണാനന്തര ധനസഹായം, അപകടമരണംമൂലം സ്ഥായിയായി വൈകല്യം സംഭവിച്ച തൊഴിലാളികൾക്കുള്ള ധനസഹായം, പ്രസവാനുകൂല്യം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റിന്റെ സജിവ പരിഗണന യിലാണ്. കുടിശ്ശിക പിരിവിലുള്ള ഇന്നത്തെ പോരായ്മകൾ പരിഹരി ക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(13) ചിക്കുൻ ഗുനിയ ഭീഷണി അവഗണിച്ചത് സംബന്ധിച്ച്

ശ്രീ. എ.എം. ആരിഫ്: സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന എൻ.ഐ.സി.ഡി.യുടെ ഒരു ബ്രാഞ്ചിന് കേരളത്തിൽ ചിക്കുൻ ഗുനിയ വ്യാപിക്കാൻ ഇടയുണ്ടെന്നുള്ള മുന്നറിയിപ്പ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് രണ്ട് സന്ദർഭങ്ങളിലായി നൽകുകയും അതിന്റെ വിശദമായ ഒരു സി.ഡി. അലർട്ട് സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭിക്കുകയും ചെയ്തുവെങ്കിലും അതൊക്കെ അവഗണിച്ചതിനാലാണ് രോഗം പടരാനിടയായത്. ഉദ്യോഗസ്ഥ തലത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാൻ തയ്യാറാകാത്തതാണ് പ്രശ്നങ്ങൾക്ക് കാരണം. ആ സി.ഡി. അലർട്ട് സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭിച്ചിരുന്നോ എന്ന് ആരായാനും മേലിൽ

ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ശക്തമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കർണ്ണാടകയിലും ആന്ധ്രാപ്രദേശിലും മഹാരാഷ്ട്രയിലും ലക്ഷക്കണക്കിനാളുകൾക്ക് ചിക്കുൻ ഗുനിയ പടർന്നു പിടിക്കുന്നു എന്ന ഒരു സർക്കുലർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാഷണൽ വെക്ടർ ബോൺ ഡിസീസസ് കൺട്രോൾ പ്രോഗ്രാമിന്റെ ഡയറക്ടറും ഹെൽത്ത് സെക്രട്ടറിയും ചേർന്ന് ചീഫ് സെക്രട്ടറിക്ക് അയച്ചിരുന്നു. ആ സർക്കുലറിനെ ബേസ് ചെയ്തുകൊണ്ട് ചീഫ് സെക്രട്ടറി ഹെൽത്ത് സെക്രട്ടറിക്കും ഡയറക്ടർക്കും അത് മാർക്കു ചെയ്തതായി കാണുന്നതല്ലാതെ അത് സംബന്ധിച്ച് യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല. ആരോഗ്യ വകുപ്പിൽനിന്ന് വീണ്ടും ഏപ്രിൽ മാസത്തിൽ അറിയിപ്പ് നൽകിയിട്ടുള്ള ഒരു കത്തുമുണ്ട്. അന്ന് തന്നെ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തന ങ്ങൾക്ക് സർക്കാർ നേതൃത്വം കൊടുത്തിരുന്നുവെങ്കിൽ ഇന്നു കാണുന്ന ഈ ദുരവസ്ഥയിലേയ്ക്ക് കേരളം എത്തുമായിരുന്നില്ല.

## (14) എം.ജി. യൂണിവേഴ്സിറ്റിയുടെ ബി.എഡ്. സെന്ററുകളിൽ പ്രവേശനം നടത്താൻ അനുമതി ലഭിക്കാത്തതു സംബന്ധിച്ച്

ശ്രീ. കെ. ശിവദാസൻ നായർ: എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ബി.എഡ്. സെന്ററുകളിൽ മാത്രമല്ല മറ്റ് യൂണിവേഴ്സിറ്റി കളുടെ കീഴിൽ പ്രവർത്തിക്കുന്ന ബി.എഡ്. സെന്ററുകളിലും ഈ വർഷം അഡ്മിഷൻ നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. എം.ജി. സർവ്വകലാശാലയുടെ കീഴിൽ 12 ബി. എഡ്. സെന്ററുകളാണുള്ളത്. 1995–ൽ എൻ.സി.ടി.ഇ. പ്രവർത്തനമാരംഭിച്ചതിനുശേഷം അവർ

സംസ്ഥാനത്ത് പരിശോധന നടത്തി പ്രൊവിഷണലായിട്ടുള്ള അംഗീകാരമാണ് നൽകിയത്. ഓരോ വർഷവും ഇൻടേക്കിനുള്ള അനുമതി അതാതു വർഷം നൽകുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. മെറിറ്റടിസ്ഥാനത്തിൽ റിസർവേഷനും മറ്റാനുകൂല്യങ്ങളും പാലിച്ചു കൊണ്ടാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത്. എന്നാൽ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഇപ്രാവശ്യവും ഇൻടേക്കിനു എൻ.സി.ടി.ഇ.യുടെ ബാംഗ്ളൂരിലുള്ള സതേൺ റീജിയണൽ കമ്മിറ്റിയിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല. ഈ ബി.എഡ്. സെന്ററുകൾക്ക് അനുമതി ലഭിക്കുന്നതിനാവശ്യമായ സമ്മർദ്ദം ചെലുത്തുകയും ആ സ്ഥാപനങ്ങൾ തുടർന്നും പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളു കയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ. ബേബി</u>): മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഭാഗമായി പ്രവർത്തിക്കുന്ന 12 ബി.എഡ്. സെന്ററുകളിലും താല്ക്കാലികാടിസ്ഥാനത്തിൽ ലഭിക്കുന്ന അനുമതിയുടെ അടിസ്ഥാനത്തിലാണ് ഓരോ വർഷവും വിദ്യാർത്ഥി പ്രവേശനം നടത്തിക്കൊണ്ടിരിക്കുന്നത്. 2003-04-ൽ നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ തെക്കൻ മേഖലാ സമിതി നടത്തിയ അന്വേഷണത്തെത്തുടർന്നാണ് വർഷാവർഷം അനുമതി നൽകുന്ന സംപ്രദായം ആരംഭിച്ചത്. ഈ സ്ഥിതി മാറ്റി പൂർണ്ണ അധികാരം ദീർഘകാലാടിസ്ഥാനത്തിൽ നേടിയെടുക്കാൻ സർവ്വകലാശാലയ്ക്കോ മുൻ ഗവൺമെന്റിനോ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ വർഷവും ഇതേ സ്ഥിതി തുടരുന്നുവെന്നു മാത്രമല്ല ദക്ഷിണ മേഖലാ സമിതി യോഗം ചേർന്ന് ഓരോ സെന്ററും പ്രത്യേകമായി അനുമതിക്ക് അപേക്ഷിക്കണമെന്ന ഒരു

നിർദ്ദേശമാണ് വച്ചിട്ടുള്ളത്. അതിനെത്തുടർന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് യോഗം ഈ മാസം 10–ാം തീയതി ചേരുകയും ഈ കാര്യങ്ങൾ വിശദീകരിച്ച് ബോദ്ധ്യപ്പെടുത്താൻ ഒരു സിൻഡിക്കേറ്റ് അംഗത്തിന്റെ നേതൃത്വത്തിൽ ദക്ഷിണ മേഖലാ സമിതിയുടെ പ്രതിനിധികളെ കണ്ട് അനുമതി നേടിയെടുക്കാനുള്ള ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സമിതിയിലെ ഒരംഗംതന്നെ ബി.എഡ്. സെന്ററിന്റെ നടത്തിപ്പിനെ സംബന്ധിച്ച് പ്രതികൂലമായ പ്രതികരണങ്ങൾ നടത്തി യെന്നുള്ളതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതുകൊണ്ട് യുദ്ധകാലാടി സ്ഥാനത്തിൽ ഗവൺമെന്റിന്റെ ഇടപെടലോടുകൂടി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 12 ബി.എഡ്. സെന്ററുകൾക്കും അംഗീകാരം നേടിയെടുക്കാനുള്ള ശ്രമം നടത്തുന്നതാണ്.

(15) മണ്ണാർക്കാട് മണ്ഡലത്തിൽ വ്യാപകമായി നടക്കുന്ന ഭൂമി തട്ടിപ്പ്

ശ്രീ. കെ.സി. ജോസഫ്: മണ്ണാർക്കാട് മണ്ഡലത്തിലെ അഗളി വില്ലേജിൽ ഭൂമിയില്ലാത്ത വ്യക്തിയുടെ പേരിൽ കൈവശരേഖ വാങ്ങി വില്ലേജാഫീസിൽ ഭൂ നികുതിയും കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് ക്ഷേമനിധി വിഹിതവും അടയ്ക്കാൻ സഹായിക്കുന്ന മാഫിയ സംഘത്തെക്കുറിച്ച് അന്വേഷിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കണം. ഇത്തരം അഴിമതി അവസാനിപ്പിക്കുന്നതിനുവേണ്ടി റവന്യു വകുപ്പിൽ സമഗ്രമായൊരു പുന:സംഘടന നടത്താനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടക്കുന്ന ഭൂമി തട്ടിപ്പ് സംബന്ധിച്ചും ഇതിന്റെ പിന്നിലുള്ള മാഫിയാ പ്രവർത്തനങ്ങളിലേയ്ക്കും വെളിച്ചം വീശത്തക്ക തരത്തിൽ,

മലയാള മനോരമ ലേഖകൻമാരുടെ ഒരു ടീമിന്റെ അന്വേഷണാത്മകമായ റിപ്പോർട്ടിന്റെ ആദ്യ ഭാഗമാണ് ഇന്നലെ പത്രത്തിൽ വന്നത്. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് മണ്ഡലത്തിലെ അഗളി അട്ടപ്പാടി മേഖലയിൽ നടന്ന ഒരു സംഭവമാണ് റിപ്പോർട്ട് ചെയ്തത്. പാലക്കാട് ജില്ലാ കളക്ടറോട് ഇന്നലെത്തന്നെ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് തരാൻ ആവശ്യപ്പെട്ടു. വൈകുന്നേരം റവന്യൂ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരുമായി ഈ വിഷയം വിശദമായി ചർച്ച ചെയ്തു. പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരനെന്ന് ബോദ്ധ്യപ്പെട്ട വില്ലേജ് ആഫീസറെ ഇന്നലെത്തന്നെ സസ്പെന്റ് ചെയ്തു. ഈ സംഭവങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഒറ്റപ്പാലം സബ്കളക്ടറെ ചുമതല പ്പെടുത്തിയിട്ടുണ്ട്. വിശദമായി പരിശോധിക്കണമെന്നും 15 ദിവസ ത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തുടനീളം നടക്കുന്ന ഇത്തരം സംഭവങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനെക്കുറിച്ച് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയോട് ചർച്ച ചെയ്തിട്ടുണ്ട്. മലയാളം പ്ലാന്റേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിൽ ഡി.എഫ്.ഒ-മാരും ജില്ലാ കളക്ടർമാരും ഉണ്ട്. ഇന്ന് 12 മണിക്ക് ചേരുന്ന ആ കമ്മിറ്റി ഇതിന്റെ അന്വേഷണം ഏത് വിധത്തിലാണ് നടത്തേണ്ടതെന്ന് തീരുമാനിക്കും. പ്രാഥമിക അന്വേഷണ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ റവന്യൂ വകുപ്പിൽ നിന്നുള്ള അന്വേഷണം മാത്രമല്ല പോലീസിന്റെ സംവിധാനം ഉപയോഗിച്ച് വിജിലൻസ് അന്വേഷണമോ ക്രൈംബ്രാഞ്ച് അന്വേഷണമോ ഏതാണ്

വേണ്ടത് എന്നുള്ളത് തീരുമാനിക്കും. ഈ പ്രശ്നം വളരെ ഗൗരവമായി ഗവൺമെന്റ് എടുക്കുന്നതാണ്. പോക്കുവരവ് നടപടികൾ 7 ജില്ലകളിലും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടിയും ഇതിന്റെ ഭാഗമായി നടത്തണമെന്ന് ഉദ്ദേശിച്ചിട്ടുണ്ട്. ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട കാര്യം ആഭ്യന്തര വകുപ്പുമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(16) <u>വിധവകൾക്ക് സാമൂഹ്യ പരിരക്ഷ</u>

<u>ശ്രീമതി കെ.കെ. ലതിക</u>: പ്രായപൂർത്തിയായ ആൺകുട്ടികളുള്ള വിധവകൾക്കും പെൻഷൻ അനുവദിക്കണം. 4 ലക്ഷത്തോളം വരുന്ന വിധവകളിൽ വളരെ ചുരുങ്ങിയ ആളുകൾക്ക് മാത്രമാണ് ഇപ്പോൾ പെൻഷൻ ലഭിക്കുന്നത്. ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുകയായ 110 രൂപ 500 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സഹായം 10,000 രൂപയാക്കാൻ നടപടി സ്വീകരിക്കണം. സ്വന്തമായി വരുമാനമില്ലാത്ത വിധവകളെ അന്നപൂർണ്ണ-അന്ത്യോദയ പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും ഇവർക്ക് സുരക്ഷാഭവൻ സ്ഥാപിക്കുകയും വേണം. ദേശീയ കുടുംബ പദ്ധതി മുഖാന്തിരം വിധവകൾക്ക് നൽകിവരുന്ന ധനസഹായമായ 10,000 രൂപ 2001 മുതൽ കുടിശ്ശിക ആണ്. വിധവകളുടെ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u>. കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെ വരുന്ന വിധവകളോ ഭർത്താവ് ഉപേക്ഷിച്ചവരോ ആയ പതിനായിരക്കണക്കിന് ആളുകൾ ഓരോ ജില്ലയിലുമുണ്ട്. അവർക്ക് ലഭിക്കുന്ന പെൻഷൻതുക വർദ്ധിപ്പിക്കേണ്ടത്

വളരെ അത്യാവശ്യമാണ്. ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക പരിമിതിമൂലം പെൻഷൻ തുക 500 രൂപയായി ഉയർത്തണമെന്ന ആവശ്യം പിന്നീട് പരിഗണിക്കാവുന്നതാണ്. 20 വയസ്സ് കഴിഞ്ഞ ആൺകുട്ടികളുള്ള വിധവകൾക്ക് ഇപ്പോൾ പെൻഷൻ അനുവദിക്കുന്നില്ല. ആൺകുട്ടി എന്നോ പെൺകുട്ടി എന്നോ ഉള്ള വിവേചനം കൂടാതെ മക്കളുടെ സംരക്ഷണം കിട്ടാത്ത അശരണരായ എല്ലാ വിധവകൾക്കും പെൻഷൻ കൊടുക്കാൻ സാമൂഹ്യക്ഷേമ വകുപ്പ് മുൻകൈ എടുക്കുന്നതാണ്. അന്നപൂർണ്ണ-അന്ത്യോദയ പദ്ധതിയുടെ ആനുകൂല്യം ഇപ്പോൾ എല്ലാ വിധവകൾക്കും ലഭ്യമാകുന്നുണ്ട്. വിധവകൾക്ക് സുരക്ഷാഭവൻ ആരംഭിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ദേശീയ കുടുംബ സഹായ പദ്ധതിപ്രകാരം ധനസഹായം നൽകാൻ കുടിശ്ശിക ഉണ്ടായിരുന്നത് 9-10-2006-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം എല്ലാ ജില്ലാ കളക്ടർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്

### (17) വൺടൈം സെറ്റിൽമെന്റിലൂടെ പഞ്ചായത്തുകൾ നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തുകൾക്ക് 230 കോടി രൂപയോളം പിരിഞ്ഞുകിട്ടേണ്ടതായിട്ടുണ്ട്. 2 ശതമാനം പീനൽ ഇന്ററസ്റ്റുകൂടി അടയ്ക്കേണ്ടിവരുമ്പോൾ നികുതിയേക്കാൾ കൂടുതൽ പലിശവരുന്നതുകൊണ്ടാണ് പലരും കുടിശ്ശിക തീർക്കുന്നതിന് മടിക്കുന്നത്. പിഴപ്പലിശ ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുകയാണെങ്കിൽ ഭൂരിഭാഗം കുടിശ്ശികയും പിരിഞ്ഞുകിട്ടുന്നതിനും അതുവഴി വികസന പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടുന്നതിനും സാധിക്കും. 2007-08-ൽ പുതിയ രീതിയിലുള്ള നികുതി സമ്പ്രദായം നടപ്പാക്കുന്നതിനാൽ

കുടിശ്ശിക തീർക്കാൻ പല പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടാകും. അതുകൊണ്ട് വൺടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തി നികുതി കുടിശ്ശിക പിരിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഈ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരളാ പഞ്ചായത്തീ രാജ് ആക്ട് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് നികുതിയിനത്തിൽ നൽകാനുള്ള തുക നിയമാനുസൃത മായ തീയതികളിൽ നൽകാത്തപക്ഷം പ്രതിമാസ നിരക്കിൽ പിഴപ്പലിശ ഈടാക്കാൻ വ്യവസ്ഥ ഉണ്ട്. നിലവിലുള്ള പിഴപ്പലിശ കൂടുതലായതിനാൽ അത് കുറയ്ക്കുന്നതിന് ആവശ്യമായ ഭേദഗതി ബിൽ നിയമസഭയിൽ സമർപ്പി ച്ചിട്ടുണ്ട്. വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടനികുതി പരിഷ്ക്കരി ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുതുക്കിയ നികുതികൾ നിലവിൽ വരുമ്പോൾ അതുവരെയുള്ള കുടിശ്ശിക തീർക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാന ത്തിൽ ഒറ്റത്തവണ തീർപ്പാക്കുന്ന പദ്ധതിവഴി കുടിശ്ശിക പിരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(18) ലോർഡ് കൃഷ്ണ ബാങ്ക് ജീവനക്കാരുടെ സമരം

പ്രൊഫ. സി. രവീന്ദ്രനാഥ്: 1940-ൽ സ്ഥാപിക്കപ്പെട്ട ലോർഡ് കൃഷ്ണ ബാങ്ക് സെഞ്ചൂറിയൻ ബാങ്കുമായി ലയിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് ജീവനക്കാർ കഴിഞ്ഞ 45 ദിവസമായി നിരാഹാര സത്യാഗ്രഹം നടത്തി വരികയാണ്. ഈ സമരത്തെക്കുറിച്ച് റിസർവ്വ് ബാങ്കിനേയും കേന്ദ്ര സർക്കാരിനേയും ഒരിക്കൽകൂടി ധരിപ്പിച്ച് സമരം ഒത്തുതീർക്കാൻ ശ്രമിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഇതു സംബന്ധിച്ച് റിസർവ്വ് ബാങ്കിനോടും ലോർഡ് കൃഷ്ണ ബാങ്കിനോടും ഗവൺമെന്റ് റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ റിസർവ്വ് ബാങ്കിന്റെ സൂപ്പർവിഷൻ ഡിപ്പാർട്ട്മെന്റ് അറിയിച്ചത് ഇത് രണ്ട് ബാങ്കുകൾ ചേർന്ന് സ്വമേധയാ എടുത്ത തീരുമാനമാണെന്നും റിസർവ്വ് ബാങ്കിന്റെ മുമ്പിൽ പ്രൊപ്പോസൽസ് ഒന്നും നിലവിലില്ലെന്നുമാണ്. കേന്ദ്ര ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട പ്പോഴും ഇതേ പ്രതികരണമാണ് ലഭിച്ചത്. ഇപ്പോൾ ഈ രണ്ട് ബാങ്കുകളും അവരുടെ ഷെയറുകൾ നൽകുന്നതിന് തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ ഈ പ്രശ്നം വീണ്ടും റിസർവ്വ് ബാങ്കിന്റേയും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടേയും മുമ്പിൽ അവതരിപ്പിക്കും.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ഒന്ന് മുതൽ പതിനഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

(1) 2006-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2006-ലെ കേരള ധനകാര്യ ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ കെ.എം. മാണി: ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന നികുതി നിർദ്ദേശങ്ങളും ഈ ഗവൺമെന്റ് കൊണ്ടുവന്ന നികുതി നിർദ്ദേശങ്ങളും ചേർത്താണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റ് അവതരിപ്പിച്ച ധനകാര്യ ബിൽ പതിനൊന്നാം കേരള നിയമസഭ പിരിച്ചുവിട്ടതുകൊണ്ട് നിയമമാക്കാൻ കഴിഞ്ഞില്ല. 1–4–2006 മുതൽ അതിന്റെ അടിസ്ഥാനത്തിൽ പിരിച്ച നികുതിയും നാളിതുവരെ പിരിച്ച നികുതിയും തിരിച്ചുകൊടുക്കേണ്ടിവന്നിരിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ച ഫിനാൻസ് ബില്ലിലെ വ്യവസ്ഥകൾക്ക് നിയമപ്രാബല്യം നൽകാൻ യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിച്ചില്ല. 1985–ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിന്റെ 5–ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത് 120 ദിവസത്തിനകം നിയമനിർമ്മാണം വഴി ലീഗലൈസ് ചെയ്തില്ലെങ്കിൽ പിരിച്ച തുക തിരിച്ചുകൊടുക്കേണ്ടതാണെന്നാണ്. ലാപ്സ് ആയ വ്യവസ്ഥകൾക്ക് നിയമ പരിരക്ഷ കൊടുക്കാനുള്ള യാതൊരു ക്ലാസും ഈ ബില്ലിൽ ഇല്ല. പിരിച്ചെടുത്ത നികുതി തിരിച്ച് കൊടുക്കാതിരിക്കണമെങ്കിൽ 1–4–2006 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കുമെന്ന് പറയണം. അല്ലെങ്കിൽ ക്ലാസ് 5 ഓവർറൈഡ് ചെയ്യാൻ വേണ്ടി ഒരു വാലിഡേഷൻ ക്ലാസ് ഇതിൽ വയ്ക്കണം. ഇത് സബ്ജക്ട് കമ്മിറ്റിയിൽ പാസ്സാക്കണമെങ്കിൽ റൂൾ 207(1) അനുസരിച്ച് ഗവർണ്ണറുടെ റെക്കമെന്റേഷൻ വേണം; അല്ലെങ്കിൽ ലാപ്സായിപ്പോകും; ഈ തുക

തിരിച്ച് കിട്ടുകയില്ല. അങ്ങനെ സംഭവിച്ചാൽ ഇതിൽ കാണിച്ചിരിക്കുന്ന വിഭവ സമാഹരണം നടക്കുകയില്ല. ഇത് പ്രൊപ്രൈറ്റിയുടെ കാര്യമല്ല; ഓർഡറിൽ അല്ല. പരിരക്ഷ വ്യവസ്ഥയോ വാലിഡേഷൻ ക്ലാസോ ഇല്ലാതെ ഫിനാൻസ് ബിൽ അവതരിപ്പിച്ചിരിക്കുന്നത് ഓർഡറിലാണോയെന്ന് റൂളിംഗ് നൽകണം. കേരളത്തിൽ ഉയർന്ന നികുതിയും മറ്റ് സംസ്ഥാനങ്ങളിൽ കുറഞ്ഞ നികുതിയും ആയിരുന്ന സന്ദർഭത്തിൽ കുറഞ്ഞ നികുതിയുള്ള സംസ്ഥാന ങ്ങളിൽനിന്നും ഇങ്ങോട്ട് സാധനങ്ങൾ വാങ്ങിക്കൊണ്ടുവരുമ്പോൾ നികുതിനഷ്ടം ഉണ്ടാകാതിരിക്കാൻ എൻട്രി ടാക്സ് ചുമത്തുമായിരുന്നു. ഗവൺമെന്റ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമത്തിൽ ആ അപാകത ഉണ്ട്. വാറ്റ് നിയമം അനുസരിച്ച് നികുതി ചുമത്താവുന്ന ഇരുമ്പുരുക്കിന് എൻട്രി ടാക്സ് അനുസരിച്ച് വീണ്ടും നികുതി ചുമത്താനാണ് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബഡ്ജറ്റിലെ 224-ാം പാരഗ്രാഫിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഈ ബില്ലിൽ ക്ലാസ് 5 കൊണ്ടുവന്നിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന സാധനങ്ങളുടെമേൽ നികുതി ചുമത്തുമ്പോൾ ഇവിടെ ഉള്ളതിനേക്കാൾ കൂടുതൽ വരാൻ പാടില്ല. അത് ആർട്ടിക്കിൾ 30(1) അനുസരിച്ച് ഹിറ്റ് ചെയ്യുന്നു. ഇൻഡ്യയൊട്ടുക്ക് യൂണിഫോം റേറ്റായ സ്ഥിതിക്ക് എൻട്രി ടാക്സിന്റെ ആവശ്യമില്ല. അങ്ങനെയുള്ള നിയമനിർമ്മാണം കൊണ്ടുവരുന്നത് ഓർഡറിലാണോ എന്നാണ് അറിയേണ്ടത്. ഇത് സംബന്ധിച്ച് റൂളിംഗ് നൽകണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ഈ കാര്യത്തിൽ അങ്ങയുടെ റൂളിംഗ് അംഗീകരിക്കാൻ സഭ ബാദ്ധ്യസ്ഥമാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത് വിജ്ഞാപനം ചെയ്ത പ്രദേശത്തുകൂടിയോ അതിനു

പുറത്തേയ്ക്കോ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുമ്പോൾ അതോടൊപ്പം ഉണ്ടായിരിക്കേണ്ട സ്കാനിംഗ് ഏജൻസിയുടെ റിപ്പോർട്ട് അത്തരത്തിലുള്ള ഏജൻസി ഉള്ള സ്ഥലത്ത് ഹാജരാക്കുന്നതിന് വ്യവസഥ ചെയ്യണമെന്നാണ്. ഇത് പരീക്ഷണാടിസ്ഥാനത്തിലാണ് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ സഞ്ചിത നിധിയിൽനിന്നും ഈ ആവശ്യത്തിലേയ്ക്ക് വേണ്ടിവരുന്ന ചെലവ് ഈ ഘട്ടത്തിൽ കൃത്യമായി കണക്കാക്കാൻ സാധിക്കുകയില്ലെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. അത് പാടില്ല. 1956–ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പാർലമെന്റ് പരിഗണിക്കുന്ന സന്ദർഭത്തിൽ റിക്കറിംഗ് ആന്റ് നോൺ റിക്കറിംഗ് എക്സ്പെന്റിച്ചർ ഓരോന്നും കൃത്യമായി പറഞ്ഞിട്ടില്ലെന്നുള്ള കാരണത്താൽ അന്നത്തെ സ്പീക്കർ രണ്ടാമത് ഫിനാൻഷ്യൽ മെമ്മോറാണ്ടം ശരിയാക്കിക്കൊണ്ടുവന്ന് ബിൽ അവതരിപ്പി ക്കണമെന്ന് പറഞ്ഞുകൊണ്ടുള്ള റൂളിംഗ് ഉണ്ട്. രണ്ടാമത് ഇതൊരു സ്പെഷ്യൽ ബുള്ളറ്റിനായി അവതരിപ്പിക്കണമെന്നാണ് റൂളിംഗ്. റിക്കറിംഗ് എത്രയായിരിക്കുമെന്നുള്ള എസ്റ്റിമേറ്റ് നൽകാനുള്ള ബാദ്ധ്യതയുണ്ട്. വിൽപന നികുതി ആക്ട്, ആഡംബര നികുതി ആക്ട്, വാറ്റ് ആക്ട് എന്നിവയിലെ ചട്ടങ്ങൾ പൂർവ്വകാല പ്രാബല്യത്തോടെ നടത്താനുള്ള വ്യവസ്ഥയുണ്ട്. ഇതിന് റിട്രോസ്പെക്ടീവ് എഫക്ട് കൊടുക്കുക യാണെങ്കിൽ ചെലവ് വരാനുള്ള സാധ്യതയുണ്ട്. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കൊടുക്കേണ്ടതായി വരും. 1983–ൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസ്ഥാനത്ത് ഒരു ബിൽ അവതരിപ്പിച്ചപ്പോഴും റിട്രോസ്പെക്ടീവ് എഫക്ടിന് പ്രൊവിഷൻ വച്ചു. അന്നത്തെ സ്പീക്കർ നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ഫൈനാൻഷ്യൽ മെമ്മോറാണ്ടം ഒരു ബുള്ളറ്റിനായി പ്രസിദ്ധീകരിച്ച സഭയാണിത്. ശ്രീ. വക്കം പുരുഷോത്തമൻ

അവതരിപ്പിച്ച ധനകാര്യ ബിൽ ലാപ്സായി. അസംബ്ളി ഡിസോൾവ് ചെയ്തതോടുകൂടി ആർട്ടിക്കിൾ 196(5) അനുസരിച്ച് കളക്ട് ചെയ്ത പണം തിരിച്ചുകൊടുക്കാൻ ബാധ്യസ്ഥമാണ്. മുൻ ഗവണ്മെന്റ് അവതരിപ്പിച്ച ധനകാര്യബില്ലിലെ വ്യവസ്ഥകളനുസരിച്ച് നികുതി പിരിക്കുന്നതിനുള്ള ഒരു എനേബ്ളിംഗ് പ്രൊവിഷൻ ഈ നിയമത്തിൽ കൊണ്ടുവന്നിട്ടില്ല. കോടതിയിൽ കേസ്സിനു പോയാൽ ഈ പണം തിരിച്ചുകൊടുക്കേണ്ടിവരും. പുതിയ അസംബ്ളി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തപ്പോൾത്തന്നെ ഒരു ഓർഡിനൻസ് ഇറക്കിയിരുന്നുവെങ്കിൽ ഈ നഷ്ടം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഈ രണ്ട് കാര്യങ്ങൾക്കും റൂളിംഗ് നൽകണം.

ശ്രീ. കെ. ശിവദാസൻ നായർ: ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ഫിനാൻസ് ബിൽ ലാപ്സായി. ബിൽ ലാപ്സായിക്കഴിഞ്ഞാൽ അത് റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള ഓർഡിനൻസ് കൊണ്ടുവരുന്ന പതിവ് ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. അതില്ലാതെ ഇപ്പോൾ ഫിനാൻസ് ബിൽ അവതരിപ്പിക്കുന്നത് നിയമപ്രകാരമല്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): കേരള നിയമസഭ മേയ് 12-ന് പിരിച്ചുവിട്ടതോടുകൂടി കഴിഞ്ഞ ഗവണ്മെന്റ് അവതരിപ്പിച്ച ഫിനാൻസ് ബിൽ ലാപ്സായി. പുതിയ ഫിനാൻസ് ബിൽ അവതരിപ്പിച്ചിരിക്കുന്നത് 29-6-2006-ലാണ്. ഈ ഘട്ടത്തിൽ പുതിയ നികുതി പിരിക്കുന്നതിനുള്ള വ്യവസ്ഥകളൊന്നുമില്ല. പഴയ ബില്ലിന്റെ അടിസ്ഥാനത്തിൽ നികുതി പിരിച്ചിട്ടുണ്ടെങ്കിൽ അത് തിരിച്ചുകൊടുക്കേണ്ടിവരും. തിരിച്ചുകൊടുക്കാതിരിക്കണമെങ്കിൽ വാലിഡേഷൻ ക്ളോസ് പുതിയ ബില്ലിൽ ഉൾപ്പെടുത്തണം എന്നകാര്യത്തിൽ തർക്കമില്ല. ബിൽ ലാപ്സായതിനുശേഷം അധികാരത്തിൽവന്ന സർക്കാരിന് അതുസംബന്ധിച്ച് ഓർഡിനൻസ് ഇറക്കാൻ

കഴിയുകയില്ല. സ്വർണ്ണത്തിന് ഇൻപുട്ട് ടാക്സ് നൽകുന്നതല്ല എന്ന് തീരുമാനിച്ചു. അതിന് ഈ ബില്ലിൽ 30–6–06 വരെ വാലിഡേഷൻ നൽകിയിട്ടുണ്ട്. അതിനുശേഷം ഈ ബില്ലിൽ ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുള്ളത് കോമ്പൗണ്ടിംഗ് സംപ്രദായമാണ്, അല്ലെങ്കിൽ 4 ശതമാനം നികുതി. അതുകൊണ്ട് ഇതിൽ പ്രശ്നമില്ല. കോമ്പൗണ്ടിംഗിനുള്ള സൗകര്യം ഈ ധനകാര്യ ബില്ലിലും തുടരുകയാണ്. അഗ്രിക്കൾച്ചർ ഇൻകംടാക്സിന് ക്ളോസിംഗ് സ്റ്റോക്കിന് കോംപൗണ്ട് ചെയ്യുന്നതിന് നിസ്സാര തുക വരുന്നുണ്ട്. വർഷാവസാനമാണ് അഗ്രിക്കൾച്ചർ ടാക്സ് പിരിക്കുന്നത് എന്നതുകൊണ്ട് അത് തിരിച്ചുനൽകേണ്ടതില്ല. പ്ളാസ്റ്റിക്, പി.വി.സി. എന്നിവയ്ക്കുള്ള നികുതിയും എൻട്രി ടാക്സും പുതിയ ബില്ലിലും ഉണ്ട്. കൊപ്രയ്ക്കും തേങ്ങയ്ക്കും 4 ശതമാനം എൻട്രി ടാക്സ് ഉണ്ട്. അതുകൊണ്ട് ഈ വ്യവസ്ഥപ്രകാരം ഒരു നികുതിയും റീഫണ്ട് ചെയ്യേണ്ടിവരുന്നില്ല. ടാക്സ് അഡ്മിനിസ്ട്രേഷനുവേണ്ടി വയ്ക്കുന്ന ഒരു അഡ്വാൻസ് ടാക്സ് കളക്ഷൻ മാത്രമാണ് എൻട്രി ടാക്സ്. അത് വാറ്റ്–ന് പുറമെ നൽകുന്ന ഒരു നികുതിയല്ല. കേരളത്തിലേയ്ക്ക് കടന്നുവരുമ്പോൾത്തന്നെ നികുതി തരണം. അതുകൊണ്ട് ഇതിൽ ഭരണഘടനാവിരുദ്ധമായി യാതൊന്നുമില്ല. ഈ ബില്ലിന് റിട്രോസ്പെക്ടീവ് എഫക്ടില്ല. ചില ക്ളോസുകൾക്ക് വാലിഡേഷൻ ചേർക്കുന്നതുമാത്രമേയുള്ളൂ. 30–ാം തീയതി മുതലേ നികുതി പാടുള്ളൂവെന്ന് കച്ചവടക്കാർ നിവേദനം തന്നിട്ടുണ്ട്. ഏത് തീയതി മുതൽ വേണമെന്ന് സബ്ജക്ട് കമ്മിറ്റിയിൽ തീരുമാനിക്കാം. സ്കാനിങ് മെഷീൻ ഉപയോഗിക്കുന്നത് വിജയകരമാണെങ്കിൽ എല്ലാ ചെക്ക്പോസ്റ്റുകളിലും കൊടുക്കുന്നതിനും അതിന് എന്തെല്ലാം ചട്ടങ്ങൾ പാലിക്കണമെന്നുള്ളതും തീരുമാനിക്കാം.

**റൂളിംഗ്**

<u>വാലിഡേറ്റ് ചെയ്യാനുള്ള പ്രൊവിഷൻ ഗവൺമെന്റിന് ഏതു സമയത്തും കൊണ്ടുവരാം</u>

<u>മി. സ്പീക്കർ:</u> ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിൽ കുറച്ചൊക്കെ ശരിയുണ്ടെന്നു തോന്നുന്നു. ഇത് വാലിഡേറ്റ് ചെയ്യാനുള്ള പ്രൊവിഷൻ നേരത്തെതന്നെ ബില്ലിൽ ഉണ്ടായിരുന്നുവെങ്കിൽ ഈ ചർച്ച തന്നെ ഒഴിവാക്കാമായിരുന്നു. ഗവണ്മെന്റിന് ഏത് സമയത്തുവേണമെങ്കിലും വാലിഡേറ്റ് ചെയ്യാനുള്ള പ്രൊവിഷൻ കൊണ്ടുവരാൻ കഴിയുന്നതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് വാലിഡേറ്റ് ചെയ്യാനുള്ള തീരുമാനത്തെക്കുറിച്ച് മന്ത്രി പറഞ്ഞത്. മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

<u>ശ്രീ.എ.കെ.ചന്ദ്രൻ:</u> 2006-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2006-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ:</u> 2006-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. മുരളി:</u> ധനകാര്യ ബില്ലിനെ എതിർക്കുന്നു. ഈ ധനകാര്യ ബില്ലിൽ 5 നികുതി നിയമങ്ങളിലുള്ള ഭേദഗതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച ധനകാര്യ ബില്ലിലും ഇതിലും സമാന സ്വഭാവത്തിലുള്ള ഒരുപാട് നികുതി നിർദ്ദേശങ്ങളുണ്ട്. വാറ്റ് നിയമത്തിൽ 5-ാം പട്ടിക എഴുതിച്ചേർത്തുകൊണ്ട് എതാണ്ട് 18 ഇനങ്ങൾക്ക് പന്ത്രണ്ടര ശതമാനം മാത്രമുണ്ടായിരുന്ന ടാക്സ് 20 ശതമാനമാക്കി മാറ്റിയതോടെ ദേശീയതലത്തിൽ വാറ്റ് നിയമം നടപ്പിലാക്കുമ്പോഴുള്ള

കൺസെപ്റ്റും നിരക്ക് യുദ്ധം അവസാനിപ്പിച്ചുകൊണ്ടുള്ള ഒരു ഏകീകൃത നികുതി എന്നുള്ള സങ്കൽപവും ഇല്ലാതാക്കിയിരിക്കുകയാണ്. സി.എസ്.ടി.യും എൻട്രി ടാക്സും സർച്ചാർജ്ജും ഇല്ലാതാക്കി ഇൻഡ്യ മുഴുവൻ ഏകീകൃത നികുതി സംപ്രദായം കൊണ്ടുവരാനുള്ള എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന് എതിരായിട്ടുള്ള ഒരു നിലപാടാണ് ഈ ഭേദഗതി നിയമത്തിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഇത് പുന:പരിശോധിക്കണം. സാധാരണക്കാരെ ബാധിക്കുന്ന 18 ഇനങ്ങൾക്ക് 20 ശതമാനം നികുതി അടിച്ചേൽപിച്ച നടപടി ഒരു നിരക്ക് യുദ്ധത്തിന് വഴിവയ്ക്കുന്നു എന്നുമാത്രമല്ല ഈ ഇനങ്ങളുടെ കച്ചവടംതന്നെ കേരളത്തിന് പൂർണ്ണമായും നഷ്ടപ്പെടാൻ പോകുന്നു. സ്വർണ്ണത്തിന് പഴയ ബില്ലിലെ ഒരു ശതമാനം എന്ന നികുതി നിർദ്ദേശം സ്വീകരിച്ചുകൊണ്ട് കർശനമായി അത് ഈടാക്കാൻ ശ്രമിക്കണം. സെക്ഷൻ 15(എ) പ്രകാരം കമ്പൽസറി രജിസ്ട്രേഷൻ കൊണ്ടുവന്നിരിക്കുകയാണ്. 5 ലക്ഷത്തിൽ കുറയാത്ത കച്ചവടം ഉണ്ടോ ഇല്ലയോ എന്ന് തെളിയിക്കാനുള്ള ഉത്തരവാദിത്വം ഡിപ്പാർട്ടുമെന്റിനെ ഏൽപിക്കണം. 19 (എ) യിൽ ചെക്ക്പോസ്റ്റിലെ ക്ളിയറൻസ് സുഗമമാക്കുന്ന കാര്യം പറയുന്നുണ്ട്. ഗ്രീൻ കാർഡിന്റെ ക്രൈറ്റീരിയ ഈ നിയമത്തിൽ പറയേണ്ടതായിരുന്നു. സെക്ഷൻ 70 (എ) അനുസരിച്ച് ബിൽ ഇല്ലാതെ 100 രൂപയിൽ കൂടുതൽ വിലയുള്ള സാധനം വിറ്റാൽ കച്ചവടക്കാരിൽനിന്നും പെനാൽറ്റി ഈടാക്കുന്നത് ഹരാസ്മെന്റിന് ഇടയാക്കും എന്നുള്ളതുകൊണ്ട് അത് യുക്തിസഹമാക്കാനുള്ള നടപടി സ്വീകരിക്കണം. ലക്ഷ്വറി ടാക്സിന്റെ പരിധിയിൽനിന്നും കേബിൾ ടി.വി. വരിക്കാരെ ഒഴിവാക്കണം. ഹാളുകൾക്കും മണ്ഡപങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള നികുതിയിൽനിന്നും റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷന്റെ ഹാളുകളെ ഒഴിവാക്കണം. ക്ളബ്

അംഗങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതിയിൽനിന്നും ബാറുകൾ ഇല്ലാത്ത ക്ളബുകളെ ഒഴിവാക്കണം. പ്രഖ്യാപിത സാധനങ്ങൾക്ക് പെർമിറ്റ് എടുക്കാനുള്ള വ്യവസ്ഥകൾ ലളിതമാക്കണം. ചെക്ക്പോസ്റ്റുകളിലെ ഹരാസ്മെന്റ് ഒഴിവാക്കുന്നതിനായി എൻട്രി ടാക്സ് അസ്സസ്സിംഗ് ഓഫീസിൽ അടയ്ക്കാനുള്ള അവസരം കൊടുക്കണം. ടാക്സ് സംബന്ധമായി അപ്പീൽ കൊടുക്കണമെങ്കിൽ മുഴുവൻ ടാക്സും അടയ്ക്കണം എന്നുള്ള വ്യവസ്ഥ മാറ്റണം. ഏറെ വിവാദമുണ്ടായിട്ടുള്ള ലോട്ടറി ടാക്സിന്റെ കാര്യത്തിലുള്ള ഗവണ്മെന്റിന്റെ നിലപാട് വ്യക്തമാക്കണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. നിയമാനുസൃതം നികുതി അടയ്ക്കുന്ന വ്യാപാരികളോട് സൗഹൃദ സമീപനം, സ്വമേധയാ രജിസ്ട്രേഷൻ നടത്തുന്ന ചെറുകിട വ്യാപാരികൾക്ക് സംവരണം, ചെറുകിട കരാറുകാരുടെ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം, വാറ്റുമായി ബന്ധപ്പെട്ട കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിച്ച് നികുതി വെട്ടിപ്പ് തടയാൻ വെളിച്ചെണ്ണ, കൊപ്ര എന്നിവ ഉൾപ്പെടെയുള്ളവയ്ക്ക് പ്രവേശന നികുതി ഏർപ്പെടുത്തൽ, കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിൽപ്പന പ്രോൽസാഹിപ്പിക്കൽ നാളികേരത്തിന് ഒരു വർഷത്തേയ്ക്ക് മൂല്യവർദ്ധിത നികുതി ഒഴിവാക്കൽ എന്നീ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന നിയമം കൊണ്ടുവന്നതിനെ സ്വാഗതം ചെയ്യുന്നു. നിലവിലുള്ള നികുതികൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വാഗതാർഹമാണ്. കഴിഞ്ഞ ഗവൺമെന്റ് അധികാരം ഒഴിയുമ്പോൾ ട്രഷറിയിൽ 1.17 കോടി രൂപ കമ്മിയായിരുന്നു; കുടിശ്ശിക തീർക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തി യിരുന്നില്ല. 2003-ലെ കേരള ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് അനുസരിച്ച് രൂപീകരിക്കപ്പെട്ട കേരള പബ്ളിക് എക്സ്പെന്റിച്ചർ റിവ്യൂ

കമ്മിറ്റിയുടെ റിപ്പോർട്ട് ഈ മേയ് മാസം നൽകി. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 3000 കോടി രൂപയുടെ അധിക ബാധ്യതയും 250 കോടി രൂപയുടെ അധിക ബഡ്ജറ്റ് പ്രഖ്യാപനവുമാണ് ഉണ്ടായിരുന്നത്. റിവ്യൂ കമ്മിറ്റി റിപ്പോർട്ടുപ്രകാരം ധനകാര്യ കമ്മിയും കടവും വരുമാന ത്തിന്റെ റേഷ്യോയും കടത്തിന്റെ പലിശയും വർദ്ധിച്ചുവെന്ന സത്യം നിഷേധിക്കാനാവില്ല. കഴിഞ്ഞ അഞ്ചുവർഷം ഗുരുതരമായ സാമ്പത്തിക ക്രമക്കേടും നികുതി വെട്ടിപ്പും നടന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ നാല് മാസത്തിനുള്ളിൽ നികുതി ഇനത്തിൽ 3613.76 കോടി രൂപ പിരിച്ചെടുത്തു. സാമ്പത്തിക മേഖലയെ ഊർജ്ജസ്വലമാക്കാൻ സാധിച്ചു. വാറ്റ് പ്രകാരം 4600 കോടി രൂപ പിരിച്ചെടുക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. നികുതി വെട്ടിപ്പ് തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കാനുള്ള സർക്കാരിന്റെ നടപടികൾക്ക് ജനങ്ങളുടെ പിന്തുണയുണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. വേയ് ബ്രിഡ്ജുകളും സ്കാനറും സ്ഥാപിച്ച് ചെക്ക്പോസ്റ്റുകളിലെ അഴിമതിയും നികുതി വെട്ടിപ്പും തടയാൻ നടപടി സ്വീകരിക്കണം. നികുതി വെട്ടിപ്പ് തടയാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായം തേടുന്നതോ ടൊപ്പം വരുമാനത്തിന്റെ 10 ശതമാനം അവർക്ക് നൽകുമെന്നത് സ്വാഗതാർഹമാണ്. 100 രൂപയ്ക്ക് മുകളിൽ സാധനങ്ങൾ വാങ്ങുന്നവർക്ക് നിർബന്ധമായും ബിൽ കൊടുക്കണമെന്ന് നിർദ്ദേശിക്കണം. റെയ്ഡ് നടത്തി ബിൽ കൊടുക്കാത്തവർക്കെതിരെ പെനാൽറ്റി ഏർപ്പെടുത്തണം. ലോട്ടറിയുമായി ബന്ധപ്പെട്ട നിലപാടിനെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കണം. ലോട്ടറി മാഫിയയെ പിന്തുണയ്ക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. എക്സൈസ്, ടാക്സസ്, പോലീസ് എന്നീ വകുപ്പുകൾ ഇന്റഗ്രേറ്റുചെയ്ത് ചെക്ക്പോസ്റ്റുകളിലെ അഴിമതി തടയാൻ

നടപടി സ്വീകരിക്കണം. നികുതിവെട്ടിപ്പ് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. തദ്ദേശീയരായ ചെറുകിട കർഷകരെ നികുതിയിൽനിന്നും ഒഴിവാക്കണം. ഡെപ്യൂട്ടി കമ്മീഷണർമാർക്ക് വിവിധ ജൂറിസ്ഡിക്ഷനുകൾ ക്രോഡീകരിച്ച് ചുമതലകൾ നൽകുന്നതിനെക്കുറിച്ചും ലക്ഷ്വറി ടാക്സ് ഫ്ളാറ്റ് റേറ്റിലാക്കുന്നതിനെക്കുറിച്ചും ആലോചിക്കണം. കേബിൾ നികുതി ഒഴിവാക്കണം. പ്രോഗ്രസ്സീവ് ടാക്സേഷൻ പോളിസി സ്വീകരിക്കണം. കാർഷികാദായ നികുതി വേണമോയെന്ന് ആലോചിക്കണം. വെളിച്ചെണ്ണയ്ക്കും കൊപ്രയ്ക്കും എൻട്രി ടാക്സ് ഏർപ്പെടുത്തിയ ലിസ്റ്റിൽ കുരുമുളകും അടയ്ക്കയും കൂടി ഉൾപ്പെടുത്തണം. ഗുണഭോക്തൃ കമ്മിറ്റികൾക്ക് നൽകുന്ന ടാക്സ് നാല് ശതമാനമായി കുറയ്ക്കണം. ഖാദി മേഖലയിൽ ചെറുകിടക്കാർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്ന തോടൊപ്പം അവരെ നികുതിപ്പട്ടികയിൽനിന്നും ഒഴിവാക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തെ സംബന്ധിച്ച് യു.ഡി.എഫ്.ന്റെ നിലപാട് വ്യക്തമാക്കണം. എഫ്.ആർ.ബി.എം. ആക്ട് വഴി സംസ്ഥാന ഗവൺമെന്റുകളുടെ അധികാരങ്ങളിൻമേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ കടന്നുകയറ്റത്തെ അനുകൂലിക്കാനാവില്ല. ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണ സമ്പ്രദായം എന്നീ മേഖലകളെ ഉൾപ്പെടുത്തി ആഗോളവൽക്കരണ സമ്പദ്ഘടന സൃഷ്ടിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ ശ്രമത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. ഊർജ്ജ മേഖല സ്വകാര്യവൽക്കരിക്കാനും സബ്സിഡി വെട്ടിച്ചുരുക്കാനുമുള്ള കേന്ദ്രത്തിന്റെ നീക്കത്തെ അംഗീകരിക്കാനാവില്ല. കഴിഞ്ഞ അഞ്ചുവർഷക്കാലം

കേരളത്തിന്റെ സമസ്ത മേഖലകളെയും സ്വകാര്യവൽക്കരിക്കുന്നതിനും ലാഭത്തിനും വേണ്ടിയാണ് ഉപയോഗിച്ചത് എന്ന സത്യം നിഷേധിക്കാനാവില്ല.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനകാര്യ ബില്ലിനെ എതിർക്കുന്നു. നികുതി വകുപ്പ് ഇന്ന് കുത്തഴിഞ്ഞുകിടക്കുകയാണ്. പുതിയ നികുതി ചുമത്തുന്നതിനെക്കുറിച്ചാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത്. വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നുമുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സത്വര നടപടി സ്വീകരിക്കണം. നികുതി സംബന്ധിച്ച് അപ്പലേറ്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന അപ്പീൽ കേസ്സുകൾ അഡീഷണൽ ഉദ്യോഗസ്ഥരെ നിയമിച്ച് തീർക്കാൻ നടപടി സ്വീകരിക്കണം. നികുതി കുടിശ്ശിക സംബന്ധിച്ച് സ്റ്റേയുള്ള കേസ്സുകൾ തീർപ്പാക്കുന്നതിന് പ്രത്യേക കോടതി സ്ഥാപിക്കണം. അണ്ടർ വാല്യുവേഷൻ സംബന്ധിച്ച പെന്റിംഗ് കേസ്സുകൾ അദാലത്ത് സംഘടിപ്പിച്ച് സമയബന്ധിതമായി തീർപ്പാക്കണം. അബ്കാരി കോൺട്രാക്ടർമാരിൽനിന്നുള്ള നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കണം. സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം. ഈ വിഷയം പാഠ പുസ്തകങ്ങളിൽ ഉൾപ്പെടുത്തണം. കുടുംബശ്രീ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന മദ്യത്തിനെതിരെയുള്ള ശക്തമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം. സ്പിരിറ്റ് കള്ളക്കടത്ത് തടയാൻ സത്വര നടപടി സ്വീകരിക്കണം. വ്യാപാരികളുമായുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കണം. ആഡംബര നികുതി ഏർപ്പെടുത്തുന്നതിൽനിന്നും ഗവൺമെന്റ് പിന്മാറണം. നിർത്തിവച്ച ചികിൽസാ സഹായം പുന:സ്ഥാപിച്ച് രോഗങ്ങൾക്കനുസൃതമായി നൽകണം. കോടിക്കണക്കിന് രൂപയുടെ ക്ഷേമനിധി പെൻഷൻ കുടിശ്ശികയ്ക്ക് പ്രത്യേക ഫണ്ട് നീക്കിവച്ച് 1-ാം തീയതിതന്നെ നൽകുന്നതിന്

നടപടി സ്വീകരിക്കണം. മോട്ടോർ വകുപ്പിൽ വാഹന നികുതിയായി പിരിക്കുന്ന തുക റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും വികസനത്തിനും ചെലവഴിക്കണം. പൊതുമരാമത്ത് വകുപ്പിന് കൂടുതൽ തുക അനുവദിക്കണം;. കാർഷികാദായ നികുതി പൂർണ്ണമായും ഉപേക്ഷിക്കണം. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കത്തക്കവിധം സംയോജിത ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കണം. വ്യക്തമായ മാനദണ്ഡം നിശ്ചയിച്ച് മംഗല്യ സഹായ നിധിയിൽ അനാഥരായ പെൺകുട്ടികൾക്കും അപേക്ഷകരിൽ പ്രായം കൂടിയ പെൺകുട്ടികൾക്കും മുൻഗണന കൊടുക്കണം. ത്രിതലപഞ്ചായത്തുകളിൽ നടക്കുന്ന ആഡിറ്റിംഗ് നിശ്ചിത കാലയളവിൽത്തന്നെ പൂർത്തീകരിക്കാനും കെ.എസ്.എഫ്.ഇ.-യിൽനിന്ന് വിദ്യാഭ്യാസ വായ്പകൾ നൽകാനുമുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ബാബു പോൾ</u>: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമഗ്രമായ വികസനത്തിനുതകുന്ന ദീർഘവീക്ഷണത്തോടു കൂടിയുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രമിക്കുകയും അതുവഴി കേരളത്തിലെ വികസനമുരടിപ്പ് തടയുകയും ചെയ്യണം. പണക്കാരിൽനിന്ന് നികുതി ഈടാക്കി പാവപ്പെട്ടവരെ പരമാവധി സഹായിക്കാനുതകുന്ന പദ്ധതികൾ നടപ്പാക്കാനാണ് ഈ ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. സാമ്പത്തിക അച്ചടക്കം പാലിക്കാതെ, മുൻ യു.ഡി.എഫ്. ഗവണ്മെന്റ് കടം വാങ്ങിയതിന്റെ ഫലമായി സംസ്ഥാനത്തിന്റെ പൊതുകടം 54,620 കോടി രൂപയായി. ദുർബ്ബലരുടെയും പാവപ്പെട്ടവരുടെയും ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുകയും സേവനമേഖലയിലെ മുതൽമുടക്കിൽ നിന്ന് പിൻതിരിയുകയും ചെയ്യുന്ന സമീപനമാണ് കഴിഞ്ഞ 5 വർഷം സ്വീകരിച്ചിരുന്നത്. റവന്യൂ വരുമാനം വർദ്ധിപ്പിച്ചും അനാവശ്യച്ചെലവുകൾ

ഒഴിവാക്കിയും കമ്മി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സാമൂഹ്യസുരക്ഷാ സംവിധാനം ശക്തിപ്പെടുത്തണം. ദേശീയ ശരാശരി യേക്കാൾ ഉയർന്ന സാമ്പത്തിക വളർച്ച ആർജ്ജിക്കാനായി നിക്ഷേപം വർദ്ധിപ്പിക്കണം. മൂലധന നിക്ഷേപത്തിനുള്ള പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതോടൊപ്പം സ്വകാര്യ മൂലധനം വർദ്ധിച്ച തോതിൽ കണ്ടെത്താനും നടപടികൾ സ്വീകരിക്കണം. ഉൽപ്പാദന വർദ്ധനവിനും തൊഴിൽ സാധ്യതാ വികസനത്തിനും സാങ്കേതിക വിദ്യ മെച്ചപ്പെടു ത്തുന്നതിനും വിദേശമൂലധനം പരമാവധി പ്രയോജനപ്പെടുത്തണം. ആഭ്യന്തര നിക്ഷേപം പരമാവധി ആകർഷിക്കാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കണം. ചെറുകിട സമ്പാദ്യം വളർത്തിയെടുക്കാനായി കുടുംബശ്രീ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കണം. കേന്ദ്രവിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും പരമാവധി നേടിയെടുക്കാൻ ശ്രമിക്കണം. ആദായ നികുതിയുടെ പരിധിയിൽ കൂടുതൽ വ്യക്തികളെ കൊണ്ടുവരാൻ കഴിയുമോ എന്ന് പരിശോധിക്കണം. നികുതിവെട്ടിപ്പ് തടയാനും നികുതി പിരിച്ചെടുക്കാനും കർശനമായ നിലപാടുകൾ സ്വീകരിക്കുന്നതോടൊപ്പം നികുതിനിഷേധ മനോഭാവത്തിനെതിരെ ജനങ്ങളെ അണിനിരത്തി ഒരു കാംപെയ്ൻ സംഘടിപ്പിക്കണം. ആഡംബര വസ്തുക്കൾക്ക് നികുതി ചുമത്തുന്ന തോടൊപ്പം ആഡംബര ചടങ്ങുകളെ നികുതിയുടെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഭൂമിയുടെ വില നിർണ്ണയം ചെയ്തുകൊണ്ട് സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയാനും കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി കാർഷിക മേഖലയിൽ സെസ്സ് ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്തെ പൊതുകടം പലിശ കുറഞ്ഞ വായ്പകളാക്കി

മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സഹകരണ മേഖലയിലെ മിച്ചധനം വികസനത്തിനുവേണ്ടി പരമാവധി പ്രയോജന പ്പെടുത്താൻ പരിശ്രമിക്കണം. വൻ ചെലവ് വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കാൻ കഴിയുന്ന വിധത്തിൽ നികുതി ഏർപ്പെടുത്തണം. കാർഷിക–വ്യാവസായിക മേഖലകളിൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ഊന്നൽ നൽകുകയും നിശ്ചിത സ്ഥലത്തുനിന്ന് പരമാവധി വിളവ് ലക്ഷ്യമിട്ടുകൊണ്ടുള്ള കാർഷിക ആസൂത്രണത്തിന് രൂപം നൽകുകയും ചെയ്യണം. തരിശായി കിടക്കുന്ന കൃഷിഭൂമി കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിച്ച് നെൽകൃഷിയും പച്ചക്കറി കൃഷിയും നടത്തുകയും അതിന് സബ്സിഡി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണ ത്തിനും വിപണനത്തിനും ഉതകുന്ന സംവിധാനങ്ങൾ സംസ്ഥാനത്ത് വ്യാപകമായി കൊണ്ടുവരാനുള്ള നടപടികൾ കൃഷി, സഹകരണ വകുപ്പുകൾ സംയുക്തമായി സ്വീകരിക്കണം. പരമ്പരാഗത വ്യവസായ രംഗത്ത് ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നടപ്പിലാക്കണം. കൈത്തറി വസ്ത്രങ്ങൾ വിറ്റഴിക്കാനുള്ള സഹായങ്ങൾ ചെയ്യുമെന്ന ആരോഗ്യ വകുപ്പുമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും പ്രഖ്യാപനങ്ങൾ പ്രാവർത്തികമാക്കണം. പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്താനായി പ്രവർത്തന സ്വാതന്ത്ര്യവും മാനേജ്മെന്റ് പ്രൊഫഷണലിസവും ഉറപ്പുവരുത്തണം. വിവര സാങ്കേതിക വിദ്യ, ജൈവ സാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദേശനാണ്യം നേടാനും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും കഴിയണം. സ്ക്കൂളുകൾ, ആശുപത്രികൾ, അംഗൻവാടികൾ

തുടങ്ങിയവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി അവിടെ ജനകീയ. പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം. പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്താനുള്ള സഹായങ്ങൾ ധനകാര്യ വകുപ്പിൽനിന്നുണ്ടാകണം. ശുചിത്വവും മാലിന്യ സംസ്ക്കരണവും നടപ്പാക്കാനായി ഒരു കാംപെയ്ൻ സംഘടിപ്പിച്ച് മാലിന്യസംസ്ക്കരണത്തിന് മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കണം, അതിനായി സ്വകാര്യമേഖലയുടെ പങ്കാളിത്തത്തെക്കുറിച്ച് ആലോചിക്കണം. പാവപ്പെട്ടവർക്ക് പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, രോഗചികിൽസ എന്നിവ എത്തിക്കുന്ന കാര്യത്തിൽ ഊന്നൽ നൽകണം. കാഷ്വൽ സ്വീപ്പർമാരുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഗവണ്മെന്റ് അംഗീകൃത ഇൻഡസ്ട്രിയൽ സ്ക്കൂളുകളിലെ അധ്യാപകർക്ക് ഇന്നുള്ള താരിഫ് അനുസരിച്ചുള്ള ശമ്പളം നൽകാൻ തയ്യാറാകണം. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കണം. സാമ്പത്തിക അച്ചടക്കത്തിലൂടെ സംസ്ഥാനത്ത് ഒരു പുതിയ വികസന സംസ്ക്കാരം വളർത്തിയെടുക്കാൻ പരിശ്രമിക്കണം.

ശ്രീ. തോമസ് ചാഴികാടൻ: ധനകാര്യ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ ഗവണ്മെന്റ് അവതരിപ്പിച്ച ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള നിബന്ധനകൾക്ക് നിയമസാധുത കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കാതെ കൊണ്ടുവന്ന ഒരു ബില്ലാണിത്. നികുതി കുടിശ്ശികകൾ പ്രായോഗികമായ രീതിയിൽ പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കണം. സ്വർണ്ണത്തിനുണ്ടായിരുന്ന നികുതി ഒരു ശതമാനത്തിൽനിന്ന് നാല് ശതമാനമാക്കി വർദ്ധിപ്പിച്ചതിനാൽ കേരളത്തിലുണ്ടാകേണ്ട സ്വർണ്ണവിൽപ്പന മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്നതിന്റെ ഫലമായി സംസ്ഥാനത്ത്

വരുമാന നഷ്ടമുണ്ടാകുന്ന കാര്യം പരിശോധിക്കണം. ബില്ലിംഗ് സംസ്ക്കാരം ജനങ്ങളുടെ ഇടയിൽ കൊണ്ടുവരാനായി നടപ്പാക്കിയ ലക്കി വാറ്റ് സമ്പ്രദായം പ്രായോഗികമാക്കാൻ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് ഏർപ്പെടുത്തിയ നികുതി പിൻവലിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ടൂറിസം മേഖലയിൽ വരുമാന വർദ്ധനവു ണ്ടാക്കുന്ന ഹൗസ് ബോട്ടുകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതോടൊപ്പം ടാക്സ് 15 ശതമാനമായി വർദ്ധിപ്പിച്ചത് പുനരാലോചിക്കണം. വാറ്റ്-ൽനിന്ന് കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് നികുതി ഒഴിവാക്കിയ നടപടി ശ്ലാഘനീയമാണ്. അതോടൊപ്പം രജിസ്റ്റേർഡായിട്ടുള്ള സ്വാശ്രയ സംഘങ്ങളെക്കൂടി ഒഴിവാക്കണം. മണ്ണടുപ്പുകൾക്ക് 12.5 ശതമാനം നികുതി ഏർപ്പെടുത്തിയത് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. കൊതുകുതിരിയെ നികുതിയിൽനിന്ന് പൂർണ്ണമായി ഒഴിവാക്കണം. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന, എം.പി.-എം.എൽ.എ.ഫണ്ട്, പ്രകൃതി ദുരിതാശ്വാസ ഫണ്ട്, സർവ്വശിക്ഷാ അഭിയാൻ ഫണ്ട് എന്നിവ ഉപയോഗിച്ച് ഗുണഭോക്തൃ സമിതികൾ നടത്തുന്ന വർക്കിന് നാല് ശതമാനം ടാക്സ് പിരിക്കുന്നത് ഒഴിവാക്കുന്നതോടൊപ്പം കാർഷികാദായ നികുതി പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് കാർഷിക മേഖലയെ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്:</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിലെ വ്യാപാരികളും വ്യവസായികളും സമന്വയത്തിന്റെയും സഹകരണത്തിന്റെയും ശാന്തി യുടെയും അന്തരീക്ഷമുണ്ടാക്കി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റുമായി സഹകരിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

വൻകിടക്കാരെ അനധികൃതമായി സഹായിച്ചതിന്റെ ഫലമായി കേരളത്തിന്റെ ഖജനാവിൽ വൻതകർച്ചയാണ് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്തുണ്ടായത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം വിൽപ്പന നികുതി വരുമാനത്തിൽ ഒരു വർഷം 363.63 കോടി രൂപയുടെ വർദ്ധനവുണ്ടായി. നികുതി ചോർച്ച ഫലപ്രദമായി തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കണം. വാറ്റ് നടപ്പാക്കുമ്പോഴുണ്ടാകുന്ന അടിസ്ഥാന വിലയിലെ വർദ്ധനവുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിൽനിന്ന് രക്ഷിക്കാൻ ആശ്വാസ നടപടികൾ സ്വീകരിക്കണം. കേന്ദ്രം സമാഹരിക്കുന്ന സംസ്ഥാന വിഭവസമ്പത്തിന്റെ അർഹമായ വിഹിതം തിരിച്ചുതരാൻ കേന്ദ്രത്തിന് കഴിയുന്നില്ല. ഫെഡറൽ സംവിധാനത്തിന്മേലുള്ള കേന്ദ്രത്തിന്റെ കടന്നുകയറ്റം അവസാനിപ്പിക്കണം. കേരളത്തിന്റെ പൊതുകടം 50,000 കോടി രൂപയിലധികമായ സാഹചര്യ ത്തിലാണ് ഈ സർക്കാർ അധികാരമേറ്റ് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ പരിശ്രമിക്കുന്നത്. അതിന് വിഭവസമാഹരണം ആവശ്യമാണ്. ലോട്ടറി വില്പനക്കാരായ ലക്ഷക്കണക്കിനാളുകളെ സംരക്ഷിക്കാനും അവർക്ക് ആനുകൂല്യങ്ങളും പ്രോൽസാഹനങ്ങളും നൽകാനും ശ്രമിച്ചാൽ 1000 കോടി രൂപയെങ്കിലും വരുമാനമുണ്ടാക്കാൻ സാധിക്കും. ഈ ബില്ലിന്റെ പരിധിയിൽനിന്നുകൊണ്ട് കാർഷിക പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ.കെ. ഷാജു</u>: ധനകാര്യ ബില്ലിനെ എതിർക്കുന്നു. ഹൗസ് ബോട്ടിന് ഏർപ്പെടുത്തിയിരിക്കുന്ന നികുതി പരമാവധി കുറയ്ക്കുകയും. ക്ലാരിഫിക്കേഷൻ കൊണ്ടുവന്ന് ആ രംഗത്ത് പ്രായോഗികമായ ഒരു

തീരുമാനം കൈക്കൊള്ളുകയും വേണം. കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന് ഏർപ്പെടുത്തിയിരിക്കുന്ന നികുതി ഒഴിവാക്കണം. കാർഷികാദായ നികുതി പിൻവലിക്കണം. കേരളത്തിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ 5 വർഷത്തേയ്ക്ക് കാർഷിക മേഖലയെ നികുതി രഹിത മേഖലയായി പ്രഖ്യാപിക്കണം. എസ്.ജി.ആർ.വൈ പദ്ധതിക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി പിൻവലിക്കാനോ കുറവുചെയ്യാനോ തയ്യാറാകണം.

<u>ശ്രീ. പി.സി. ജോർജ്</u>: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കേരളം വികസനപാതയിൽ മുന്നിലെത്തണമെങ്കിൽ പ്രസിഡന്റിന്റെ പത്തിനപരിപാടിയിലെ നിർദ്ദേശങ്ങളും നിയമസഭ പാസ്സാക്കിയ മൂന്നിനവും കേരള വികസന അജണ്ട 2006-2016 എന്ന വിഷയത്തെ മുൻനിർത്തി അന്താരാഷ്ട്ര പഠന കോൺഗ്രസ് തയ്യാറാക്കിയ നിർദ്ദേശങ്ങളും പ്രാവർത്തികമാക്കാൻ കഴിയണം. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തിക പുരോഗതിയിൽ കേരളം പിന്നിലാണ്. ധൃതഗതിയിലുള്ള വളർച്ചയിലൂടെ മാത്രമേ കടക്കെണിയിൽനിന്ന് കേരളത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ. പ്രതിശീർഷ വരുമാനം ചുരുങ്ങിയ സമയംകൊണ്ട് ഇരട്ടിയാക്കാനും നിക്ഷേപം, കാര്യക്ഷമത, ഉൽപ്പാദനക്ഷമത, ഗുണമേന്മ എന്നിവയിൽ മത്സരശേഷി വർദ്ധിപ്പിക്കുവാനുമാണ് രാഷ്ട്രപതി വിവിധ നിർദ്ദേശങ്ങൾ വച്ചത്. പ്രത്യേക സാമ്പത്തിക മേഖല രൂപീകരണം സംബന്ധിച്ച് ശ്രദ്ധിക്കണം. കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളുടെ അന്തിമലക്ഷ്യം ആഭ്യന്തര ഉൽപ്പാദന വർദ്ധനവും തൊഴിൽ വർദ്ധനവുമാണ്. ഈ ലക്ഷ്യം കൈവരി ക്കണമെങ്കിൽ കൃഷി, ഭക്ഷ്യസംസ്ക്കരണം തുടങ്ങിയ മേഖലകൾക്ക് കൂടുതൽ തുക വകയിരുത്തണം. ചെറുകിട വ്യവസായ മേഖലയിലും സേവന

മേഖലയിലും മുതൽമുടക്കണം. വിദേശ മലയാളികൾ വഴിയെത്തുന്ന 18,000 കോടിയിലധികം രൂപ കേരളത്തിന്റെ പരിസ്ഥിതിക്കനുസരിച്ച് വികസന ത്തിനനുകൂലമായി ചെലവഴിക്കണം. കാർഷിക–വ്യാവസായിക വളർച്ചാ നിരക്കിൽ സേവന മേഖലയെ അപേക്ഷിച്ച് കേരളം പിന്നിലാണ്. ആഭ്യന്തര ഉൽപ്പാദനത്തിൽ കൃഷിയുടെ പങ്ക് ഓരോ വർഷം കഴിയുംതോറും കുറഞ്ഞുവരുന്നു. ഉയർന്ന സാമ്പത്തിക വളർച്ച നേടണമെങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കണം. എൻ.സി.ഡി.സി., നബാർഡ് എന്നിവിടങ്ങളിൽനിന്ന് മാത്രമേ വികസനത്തിനാവശ്യമായ വിഹിതം ലഭിക്കുന്നുള്ളു. വാണിജ്യ ബാങ്കുകളുടെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ കേരളത്തിൽ 50 ശതമാനത്തിന് താഴെയാണെങ്കിൽ അന്യസംസ്ഥാനങ്ങളിൽ 80–നും 90–നും ഇടയിലാണ്. പ്രവാസി മലയാളികളുടേതായ പ്രത്യേക ധനകാര്യ സ്ഥാപനം ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പ്രവാസി മലയാളികളുടെ പണം കാർഷിക മേഖലയിലേയ്ക്കും വ്യാവസായിക മേഖലയിലേയ്ക്കും ആകർഷിക്കാൻ കഴിയുന്ന പരിപാടികൾ ആസൂത്രണം ചെയ്യണം. പ്രധാന മേഖലകളിൽ നികുതി വരുമാനം കുറഞ്ഞപ്പോൾ റവന്യൂ ചെലവുകൾ ഉയരുകയാണ്. നികുതി വെട്ടിപ്പ് തടയാനാവശ്യമായ നടപടി സ്വീകരിക്കണം. എക്സ്പെന്റിച്ചർ കമ്മിഷന്റെ ശുപാർശകൾ സർക്കാർ പരിശോധിക്കണം. സേവന മേഖലയിൽ നികുതി ചുമത്തുവാനുള്ള അധികാരം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കണം. പൊതുകടം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പലിശ കുറവുള്ള വായ്പകളിൽ അത് പുന:ക്രമീകരണം നടത്താനുള്ള നടപടി സ്വീകരിക്കണം. 2003–ലെ ധന ഉത്തരവാദിത്വ നിയമം സമൂലമായി ഭേദഗതി ചെയ്യണം. പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ ശക്തമായ നടപടി

സ്വീകരിക്കണം. കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന് ഏർപ്പെടുത്തിയ അധികനികുതി കുറച്ചുകൊടുത്ത് അവരെ രക്ഷിക്കണം.

ശ്രീമതി പി. അയിഷാ പോറ്റി: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വസ്തുതാപരമായ പല നല്ല കാര്യങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന പരാതിയുണ്ട്. കെ.ജി.എസ്.ടി. ആക്ടിന്റെ 10-ാം വകുപ്പിലെ ഇളവുകളെ സംബന്ധിച്ച. മാനദണ്ഡങ്ങളെ അവഗണിച്ചുകൊണ്ട് കഴിഞ്ഞ സർക്കാർ അനർഹരായ പലർക്കും ഒട്ടേറെ ഇളവുകൾ കൊടുത്തിട്ടുണ്ട്. അത് പരിശോധിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സുനാമിദുരിതാശ്വാസത്തിനായി കിട്ടിയ തുകയുടെ കണക്കോ അത് ഏത് ഫണ്ടിലേയ്ക്കാണ് പോയത് എന്നുള്ളതിന്റെ കണക്കോ ഇല്ല. ശരിയായ ഒരു ധനകാര്യ മാനേജ്മെന്റ് പ്രവർത്തിക്കാത്തതിന്റെ ഫലമായി സംസ്ഥാനത്ത് ധാരാളം നഷ്ടം ഉണ്ടായിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പല പദ്ധതികളും ഇപ്പോഴും കടലാസ്സിലാണ്. അതിനൊക്കെ ഒരു നിയന്ത്രണമുണ്ടാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേബിൾ ടി.വി. ഓപ്പറേറ്റേഴ്സിന് ഏർപ്പെടുത്താനുദ്ദേശിക്കുന്ന അധിക നികുതി കുറച്ചു കൊടുക്കണം. ചെറുകിട വ്യാപാരികളുടെ പെയിന്റ് ഉൽപ്പന്നങ്ങൾക്ക് ഇളവ് കൊടുക്കണം. VAT -ന് അനുബന്ധമായി റൂൾസ് ഉണ്ടാക്കണം. നികുതി ഇളവ് കൊടുക്കുന്നവരുടെ കയ്യിൽനിന്ന് മതിയായ സെക്യൂരിറ്റിയോ ബോണ്ടോ വാങ്ങണം. ലക്കി വാറ്റ് വന്നതോടുകൂടി ധാരാളം ആളുകൾ അത് ചോദിച്ചു വാങ്ങുന്നുണ്ട്. അതിൽ 1000 രൂപയുടെ ബിൽ 500 രൂപയെന്നും

ഒരു ലക്ഷം രൂപയെന്നുള്ളത് 50,000 രൂപയെന്നും ആക്കണം. സെയിൽസ് ടാക്സ് ഇന്റലിജൻസ് സംവിധാനം കുറച്ചുകൂടി മെച്ചപ്പെടുത്തുകയും അവർക്ക് മതിയായ പ്രൊട്ടക്ഷൻ കൊടുക്കുകയും വേണം. റോഡിലായാലും സ്ഥാപനങ്ങളിലായാലും 24 മണിക്കൂറും ചെക്കിംഗിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുകയും സർക്കാർ എടുത്ത നടപടികൾ കൂടുതൽ ഊർജ്ജിത പ്പെടുത്തുകയും ചെയ്യണം. ഇൻഷ്വറൻസ് വിംഗിലെ ഉദ്യോഗസ്ഥരുടെ എണ്ണം കൂട്ടണം. ചെക്ക്പോസ്റ്റുകളിലെ വെട്ടിപ്പ് തടയുന്നതിനായി ജീവനക്കാർക്ക് കുറച്ചുകൂടി നന്നായി ജോലി ചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കി ക്കൊടുക്കുകയും കൂടുതൽ പേരെ നിയമിക്കുകയും ചെയ്യണം. ചെക്ക്പോസ്റ്റുകളിലെ പരിശോധനയ്ക്ക് ഏറെ സമയം വണ്ടികൾ ക്യൂവായി നിൽക്കേണ്ടിവരുന്നതിനാലുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. ആര്യങ്കാവ് ചെക്ക്പോസ്റ്റിനടുത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലം ഇൻ–ചെക്ക്പോസ്റ്റിനും ഔട്ട്–ചെക്ക്പോസ്റ്റിനും ഉപയോഗപ്പെ ടുത്താൻ കഴിയണം. .കെ..എസ്.ടി.പി. റോഡ് പണിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതിയെക്കുറിച്ച് അന്വേഷി ക്കണം. റോഡുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യണം. കെ.എസ്.ആർ.ടി.സി. യിലുണ്ടാകുന്ന ഇരട്ടിച്ചെലവ് കുറയ്ക്കാൻ അവിടത്തെ നാനാതരത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഈ സർക്കാർ പരിമിതമായ സാഹചര്യങ്ങൾ ഉപയോഗിച്ച് വിവിധ മേഖലകളിലുള്ള വികസന പ്രവർത്തനങ്ങൾ ഭംഗിയായി കൊണ്ടുപോകാൻ ഒരു നല്ല ധനകാര്യ മാനേജുമെന്റിന് രൂപം കൊടുത്തിട്ടുണ്ട്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സിദ്ധാന്തങ്ങളിൽനിന്നും വ്യത്യസ്തമായി മനുഷ്യനെ മനുഷ്യനായി കാണണമെന്നും സർക്കാരാണ് ജനങ്ങൾക്കാവശ്യമുള്ള സേവനം ചെയ്തുകൊടുക്കേണ്ടതെന്നുമുള്ളതാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നയം. യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ എ.ജി.യുടെ കണക്കനുസരിച്ച് 46,577.84 കോടി രൂപയുടെ കടമാണ് സംസ്ഥാനത്തിനുണ്ടായിരുന്നത്. അത് കേരളത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 35 ശതമാനം വരും. സംസ്ഥാന വരുമാനത്തിന്റെ ഏകേദശം 90 ശതമാനവും ശമ്പളം, പെൻഷൻ, പലിശ എന്നീ ഇനങ്ങൾക്ക് മാത്രമായി മാറ്റിവച്ചിരിക്കുകയാണ്. വരുമാന വർദ്ധനവിന് പരിമിതികളുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2001 മുതൽ 2005 വരെ 350 കോടി രൂപയുടെ വേയ്സ് ആന്റ് മീൻസിനു പുറമെ 222 ദിവസം ഓവർഡ്രാഫ്റ്റുണ്ടായിരുന്നു. കോൺട്രാക്ടർമാർക്കും വെൽഫെയർ ഫണ്ടുകൾക്കും കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക ഭീമമായിരുന്നു. നികുതി പിരിവ് ആഭ്യന്തര ഉൽപ്പാദനത്തിന്റെ 16 ശതമാനമായി ഉയർത്തണം. നികുതി കൃത്യമായി പിരിച്ചെടുക്കാൻ ശ്രമിക്കണം. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി സംസ്ഥാന ഗവൺമെന്റുകളിൽ നിക്ഷിപ്തമാക്കുന്നതിലൂടെ കേന്ദ്രസർക്കാർ സാമ്പത്തിക സ്വേച്ഛാധിപത്യമാണ് കാണിക്കുന്നത്. 3.50 ശതമാനം പലിശയ്ക്ക് സംസ്ഥാന സർക്കാരുകൾ ഭീമമായ തുക കേന്ദ്ര ട്രഷറിയിൽ നിക്ഷേപിക്കുമ്പോൾ 9.50 ശതമാനത്തിനാണ് കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റുകൾക്ക് വായ്പ അനുവദിക്കുന്നത്. ഇതിലൂടെ കേന്ദ്രത്തിന്റെ ഫിനാൻഷ്യൽ ഡിക്ടേറ്റർഷിപ്പാണ് പ്രകടമാകുന്നത്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ

7 ഡെപ്യൂട്ടി കമ്മീഷണർമാരുടെ ഒഴിവുകളുണ്ട്. ഇന്റലിജൻസ് വിംഗ്, ആഡിറ്റ് വിംഗ്, വാറ്റ് എന്നീ മൂന്ന് വിഭാഗങ്ങളും ഇന്റഗ്രേറ്റ് ചെയ്യണം. ഒരു ജില്ലയിൽ ഒരു ഡെപ്യൂട്ടി കമ്മീഷണർ മതി. റവന്യൂ റിക്കവറിക്ക് സ്പെഷ്യൽ ബെഞ്ചുള്ളതുപോലെ സെയിൽസ് ടാക്സ് പിരിവിനും ഒരു സ്പെഷ്യൽ ബെഞ്ച് ആരംഭിക്കണം. ചെക്ക്പോസ്റ്റുകളിൽ ട്രാഫിക്ക് നിയന്ത്രിക്കാനായി 10 ലൈൻ റോഡുകൾ നിർമ്മിക്കുകയും സ്റ്റാഫിനുള്ള ഫെസിലിറ്റീസ് വർദ്ധിപ്പിക്കുകയും വേയ്ബ്രിഡ്ജും സ്കാനറുകളും സ്ഥാപിക്കുകയും വേണം; അവിടെ വനിതാ ഉദ്യോഗസ്ഥരെ നിയമിക്കണം. കഴിഞ്ഞ വർഷം 6 കോടി രൂപയാണ് കാർഷിക നികുതിയിനത്തിൽ പിരിച്ചത്. കാർഷികാദായ നികുതി ഒഴിവാക്കുകയോ ഫലപ്രദമായി പിരിച്ചെടുക്കുകയോ ചെയ്യണം. റവന്യൂ, വിൽപ്പന നികുതി വകുപ്പകൾ പിരിച്ചെടുക്കുന്ന നികുതി ഏകോപിപ്പിക്കണം. വാറ്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി ലക്കിവാറ്റ് കൊണ്ടുവന്നതോടെ അതിൽനിന്നുമുള്ള വരുമാനം വർദ്ധിച്ചിട്ടുണ്ട്. സ്മാൾ സ്കെയിൽ പെയിന്റ് മാനുഫാക്ചറർമാർക്ക് ചുമത്തിയ നികുതിയും കേബിൾ ഓപ്പറേറ്റർമാർക്ക് ഏർപ്പെടുത്താനുദ്ദേശിക്കുന്ന നികുതിയും കുറയ്ക്കണം. റബ്ബർ തടിയെ സോഫ്റ്റ്വുഡ് കാറ്റഗറിയിൽ ഉൾപ്പെടുത്തുകയും സോഫ്റ്റ്വുഡ് എന്ന ലേബലിൽ ഇറക്കുമതി ചെയ്യുന്ന തേക്ക് ടിമ്പർ കാറ്റഗറിയിൽ നിലനിറുത്തുകയും വേണം. ടൂറിസം മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി ഹൗസ് ബോട്ടുകൾക്ക് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ലക്ഷ്വറി ടാക്സ് കുറയ്ക്കണം. മുറിവാടകയുടെ അടിസ്ഥാനത്തിൽ ഹോട്ടലുകൾക്ക് ടാക്സ് ഈടാക്കണം. റിയൽ എസ്റ്റേറ്റ് മേഖലയിൽ വർക്ക്സ് കോൺട്രാക്ട് ടാക്സിലെ അപാകതകൾ മാറ്റണം. എം.പി./ എം.എൽ.എ. ഫണ്ടുപയോഗിച്ചുള്ള വർക്ക്സ് കോൺട്രാക്ടിന് ചുമത്തുന്ന

നികുതി പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള വർക്കുകൾക്കും ചുമത്തണം. കുരുമുളകിനും അടയ്ക്കക്കും പ്രവേശന നികുതി ഏർപ്പെടുത്തണം. ആട്ടോമൊബൈൽ വർക്ക്ഷാപ്പുകൾ, ഗ്യാസ് കൺവർട്ടർ സെന്ററുകൾ തുടങ്ങിയവയ്ക്ക് ടാക്സ് ഏർപ്പെടുത്തണം. ഹവാല പണം സർക്കാർ ഖജനാവിലേയ്ക്ക് കണ്ടുകെട്ടണം.

ശ്രീ. വി. ശശികുമാർ: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലമായി ഇൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാന സർക്കാരുകളും ഇന്ന് സാമ്പത്തിക പ്രതിസന്ധിയിലാണ്. ഈ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പല ക്ഷേമപദ്ധതികളും വെട്ടിക്കുറച്ചു. എന്നാൽ പുതിയ ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തി സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലൂടെ സാമാന്യജനങ്ങൾക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. കർഷക ത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കണം. സിവിൽ സപ്ളൈസ് വഴിയുള്ള പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തണം. ടാക്സ് നെറ്റ് വിപുലമാക്കി നികുതി പിരിക്കാൻ ചില പുതിയ പദ്ധതികളും നികുതിദായകരെ നികുതി അടയ്ക്കുവാൻ പ്രേരിപ്പിക്കത്തക്ക രീതിയിൽ ലക്കിവാറ്റും നികുതി കൃത്യമായി അടയ്ക്കുന്നവർക്ക് പ്രത്യേക പരിഗണന കൊടുക്കുന്ന ഗ്രീൻകാർഡ് സംവിധാനവും ഈ ഗവൺമെന്റ് നടപ്പാക്കി. നികുതി കുടിശ്ശിക സംബന്ധിച്ച 8000-ലധികം കേസുകൾ സെറ്റിൽ ചെയ്യാൻ സർക്കാർ സംവിധാനം ഏർപ്പെടുത്തണം. സെയിൽസ് ടാക്സ് കുടിശ്ശിക വരുത്തുന്നവരുടെ ലിസ്റ്റ് സമാഹരിക്കണം. കോമ്പൗണ്ടിംഗ് ടാക്സിൻമേലുള്ള സ്വർണ്ണവ്യാപാരികളുടെ ആശങ്കയകറ്റണം. കേബിൾ

ഓപ്പറേറ്റർമാർക്ക് ഏർപ്പെടുത്താനുദ്ദേശിക്കുന്ന നികുതി ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യണം. പഞ്ചായത്ത് ഗുണഭോക്തൃ സമിതികളുടെ നിർമ്മാണ പ്രവർത്തികൾക്ക് ഏർപ്പെടുത്തുന്ന നികുതി നാല് ശതമാനമായി കുറയ്ക്കണം. ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് റേറ്റ് കൺസെഷൻ കൊടുക്കണം.

ശ്രീ. കെ. ബാബു: ധനകാര്യ ബില്ലിനെ എതിർക്കുന്നു. ഈ ഗവൺമെന്റ് സ്വീകരിച്ച നികുതി നിർദ്ദേശങ്ങളുടെ ഫലമായി സംസ്ഥാനത്ത് വിലക്കയറ്റം രൂക്ഷമായിരിക്കുകയാണ്. കഴിഞ്ഞ 5 വർഷം വിലക്കയറ്റത്തിന്റെ പേരിൽ ഒരു അടിയന്തിരപ്രമേയംപോലും അവതരിപ്പിക്കേണ്ടി വന്നിട്ടില്ല. അയൽ സംസ്ഥാനങ്ങളോട് തുലനം ചെയ്തിരിക്കുന്ന രീതിയിലുള്ള നികുതി നിർദ്ദേശങ്ങൾ സംസ്ഥാനത്ത് സ്വീകരിച്ചതിന്റെ ഫലമായി പല കച്ചവടവും അന്യ സംസ്ഥാനങ്ങളിൽനിന്നും തിരിച്ചുകൊണ്ടുവരാൻ സാധിച്ചു. ഈ ഗവൺമെന്റ് സ്വീകരിച്ച തെറ്റായ നികുതി നിർദ്ദേശങ്ങളുടെ ഫലമായി പല രംഗത്തും കച്ചവടം നഷ്ടത്തിലാണ്. ബിൽഡിംഗ് മെറ്റീരിയൽസിനെയും സാനിറ്ററി വെയേഴ്സിനെയും ലക്ഷ്വറി ഐറ്റത്തിൽ ഉൾപ്പെടുത്തി 20 ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ലോട്ടറിയുടെ കാര്യത്തിൽ റിവിഷൻ പെറ്റീഷൻ കൊടുക്കണം. വൻകിട ഹോട്ടലുകൾക്കും സാധാരണ ഹോട്ടലുകൾക്കും 15 ശതമാനം നികുതി നിശ്ചയിച്ചിട്ടുള്ളത് ശരിയല്ല. സാധാരണ ഹോട്ടലുകാർക്ക് സെറ്റ് ഓഫ് കൊടുക്കണം. മുഴുവൻ ടാക്സ് അടച്ചശേഷം വേണം അപ്പീൽ കൊടുക്കുവാൻ എന്നതിനു പകരം അഡ്മിറ്റഡ് ടാക്സ് അടച്ചാൽ മതിയെന്ന സമ്പ്രദായം കൊണ്ടുവരണം. സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ ഉല്പാദകരിൽനിന്ന് നേരിട്ട് വാങ്ങിയാൽ നികുതി ഇളവ് കിട്ടുകയില്ല.

എന്നാൽ രണ്ടാമതൊരാളിൽനിന്നും വാങ്ങിക്കഴിഞ്ഞാൽ അവർക്ക് നികുതി ഇളവുകിട്ടുമെന്നത് അശാസ്ത്രീയമാണ്.

ശ്രീമതി ഇ.എസ്.ബിജി മോൾ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. ഇടുക്കി, കോട്ടയം, എറണാകുളം, ആലപ്പുഴ ജില്ലകളിലെ 40 ലക്ഷത്തിലധികം വരുന്ന ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന 111 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിനെപ്പറ്റിയുള്ള ചർച്ചയും സംവാദങ്ങളും ജനങ്ങളുടെ ഇടയിൽ കടുത്ത ഭീഷണിയും ആകാംക്ഷയും സൃഷ്ടിച്ചിരിക്കുകയാണ്. നാടെങ്ങും സ്ത്രീകളും കുട്ടികളുമടക്കം തെരുവിൽ ഇറങ്ങുന്ന സാഹചര്യമാണ് നിലനില്ക്കുന്നത്. തങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പുവരുത്തണമെന്നാണ് അവർ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. മുല്ലപ്പെരിയാറിന്റെ നേട്ടങ്ങൾ മുഴുവൻ തമിഴ്നാടിനും അതിന്റെ ഭീതിയും ആകാംക്ഷയും കേരളത്തിലെ ജനങ്ങൾക്കും എന്ന നിലപാടിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. പാട്ടക്കരാർ പ്രകാരം 8100-ൽ പരം ഏക്കർ സ്ഥലത്താണ് തമിഴ്നാട് കൃഷി ചെയ്യുന്നത്. ഏക്കറിന് 30 രൂപ നിരക്കിൽ 2,43,000/- രൂപയാണ് കേരളാ സർക്കാരിന് ഇതുവഴി ലഭിക്കുന്നത്. നിലവിലുള്ള പദ്ധതികൾക്കു പുറമേ കാഞ്ചിമലതുറയിൽ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുംകൂടി ചേർത്താകുമ്പോൾ തമിഴ്നാട് സർക്കാർ 155 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശേഷി മുല്ലപ്പെരിയാറിന്റെ ജലം ഉപയോഗിച്ച് ആർജ്ജിക്കും. ഇതിന്റെ വാല്യൂ കണക്കാക്കുന്നത് ആയിരം കോടി രൂപയാണ്. പെരിയാർ പാട്ടക്കരാർ പ്രകാരം 30,000 ദശലക്ഷം ഘന അടി ജലം തമിഴ്നാട്ടിലേയ്ക്ക് ഒഴുകുന്നുണ്ട്. ഒരു ടി.എം.സി. ജലത്തിന് തമിഴ്നാട് സർക്കാർ ആന്ധ്ര സർക്കാരിന് കൊടുക്കുന്നത് മൂന്ന് കോടി രൂപയാണ്. അങ്ങനെയാണെങ്കിൽ തമിഴ്നാടിന് 70 ടി.എം.സി..ജലം

നല്കുന്ന കേരളാ സർക്കാരിന് ലഭിക്കേണ്ടത് 210 കോടി രൂപയാണ്. 1970–ൽ കരാർ പുതുക്കിയപ്പോൾ 8760 യൂണിറ്റുവരെ വൈദ്യുതിക്ക് 12 രൂപ നിരക്കിലും അതിന് മുകളിലുള്ളതിന് 18 രൂപ നിരക്കിലും നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 1970–ൽ നിലവിൽ വന്ന പാട്ടക്കരാറിന്റെ കാലാവധി 2000 മേയ് 28–ഓടുകൂടി അവസാനിച്ചു. പാട്ടക്കരാർ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ തമിഴ്നാടും കേരളവുംകൂടി ചേർന്ന് രൂപം കൊടുത്ത സാങ്കേതിക സമിതിയുടെ പരിഗണനയിലാണ്. കരാർ പ്രകാരം മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനുള്ള ഉത്തരവാദിത്വം തമിഴ്നാട് സർക്കാരിൽ നിക്ഷിപ്തമാണ്. ഇതിന്റെ ഭാഗമായി കേരളത്തിൽനിന്ന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പലപ്പോഴും കഴിയാതെ വരുന്നു. പല രാഷ്ട്രീയ നേതാക്കൾക്കും ജല വിഭവ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്കും കമ്പം, തേനി ഭാഗങ്ങളിൽ മാവ്, മുന്തിരി, കശുമാവ് എന്നീ തോട്ടങ്ങൾ ഉണ്ടെന്നുള്ള പരാമർശങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. ഒരു അന്വേഷണം നടത്തി ഇവരെ മാതൃകാപരമായി ശിക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കണം. പെരിയാർ ടൈഗർ റിസർവിന്റെ ഭാഗമായി മുല്ലപ്പെരിയാർ പ്രദേശത്തുനിന്ന് പാറപൊട്ടിച്ച് തമിഴ്നാട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയപ്പോൾ സംസ്ഥാനത്തെ ഉദ്യോഗസ്ഥരും ഭരണകൂടവും അതിനെ എതിർത്തില്ല എന്നു മാത്രമല്ല പല തരത്തിലുള്ള സപ്പോർട്ടുകൾ അക്കാര്യത്തിൽ ചെയ്തു കൊടുക്കുകയും ചെയ്തു. കേന്ദ്ര വിദഗ്ദ്ധ സംഘം മുല്ലപ്പെരിയാർ സന്ദർശിച്ചപ്പോൾ സംസ്ഥാനത്തിന്റെ ഭാഗം വിശദീകരിക്കുവാൻ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. സ്വീപേജ് അളക്കുന്ന കാര്യത്തിൽപ്പോലും

ഗുരുതരമായ വീഴ്ചയാണ് ഉദ്യോഗസ്ഥർ വരുത്തിയത്. സുപ്രീംകോടതിയിൽ കേസ് നടത്തുന്ന കാര്യത്തിൽ അഭിഭാഷകരെ മാറ്റിമാറ്റി നിയമിക്കുന്നതിനാണ് കേരളം കൂടുതൽ താല്പര്യം കാണിച്ചത്. ഇക്കാര്യത്തിൽ അന്നത്തെ സർക്കാരിന്റെ താല്പര്യം എന്തായിരുന്നു എന്ന് പരിശോധിക്കേണ്ടതുണ്ട്. കോടതി വിധിയുടെ മറവിൽ ഏകപക്ഷീയമായ തീരുമാനങ്ങളുമായി തമിഴ്നാട് സർക്കാർ മുന്നോട്ടുപോകുമ്പോൾ പ്രതിഷേധങ്ങളിലോ പ്രകടനങ്ങളിലോ പ്രസ്താവനകളിലോ മാത്രം ഒതുങ്ങാതെ ഏറെ ദീർഘവീക്ഷണത്തോടുകൂടി ഇക്കാര്യങ്ങളിൽ കേരള സർക്കാർ തീരുമാനമെടുക്കണം. വരും നൂറ്റാണ്ടുകളിൽ യുദ്ധമുണ്ടാകുന്നത് ശുദ്ധജലത്തിനുവേണ്ടിയാകുമെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുമ്പോൾ ഇക്കാര്യങ്ങൾക്കുനേരെ പിന്തിരിയുന്നത് വിഡ്ഢിത്തരമാകും. 1500 കോടി രൂപയുടെ വാർഷിക വരുമാനം ഖജനാവിലേയ്ക്ക് ഉണ്ടാകുമെങ്കിൽ നാനൂറോ അഞ്ഞൂറോ കോടി രൂപ മുടക്കി പുതിയ ഒരു ഡാമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവും ശാസ്ത്രീയമായി ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കി നിർമ്മിക്കാൻ കഴിയുമോ എന്ന് ഈ സഭ വളരെ ഗൗരവമായി ചർച്ച ചെയ്യണം.

<u>ശ്രീ. വി.എൻ. വാസവൻ:</u> ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. നികുതി വരുമാനത്തിൽ 8130 കോടി രൂപ ലക്ഷ്യമിടുന്നതിൽ മദ്യം, പെട്രോൾ എന്നിവയിൽനിന്ന് 4130 കോടി രൂപയും കെ.ജി.എസ്.ടി. യിൽനിന്ന് നാലായിരം കോടി രൂപയുമാണ്. യു.ഡി.എഫ്. ഭരണകാലത്ത് സംസ്ഥാനത്ത് നികുതി പിരിവിന്റെ കാര്യത്തിൽ മാന്ദ്യത നിലനിന്നിരുന്നു. വാറ്റ് നടപ്പാക്കിയപ്പോൾ മറ്റ് സംസ്ഥാനങ്ങളിലെല്ലാം നികുതി പിരിവിൽ വർദ്ധവനവുണ്ടായപ്പോൾ കേരള സംസ്ഥാനത്ത് കഴിഞ്ഞ വർഷം നികുതി

വരുമാനം താഴേയ്ക്ക് പോവുകയാണുണ്ടായത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് അന്യസംസ്ഥാനങ്ങളിൽനിന്ന് വരുന്ന സാധനങ്ങൾ ക്കെല്ലാം വലിയ തോതിൽ നികുതി വെട്ടിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനങ്ങളാണ് ക്രമീകരിച്ചിരുന്നത്. ഇപ്പോൾ അതിൽ മാറ്റം വന്നു തുടങ്ങിയിരിക്കുന്നു. വസ്തുനിഷ്ഠമായി നികുതി പിരിക്കാനുള്ള കണ്ടെത്തലുകളിലേയ്ക്ക് നികുതി വകുപ്പ് ഉദ്യോഗസ്ഥർ എത്തുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പോരായ്മ. സ്റ്റാറ്റ്യൂട്ടറി അസസ്സ്മെന്റിന്റെ അടിസ്ഥാനത്തിലുള്ള ഏകമുഖ നികുതിയിൽനിന്ന് സെൽഫ് അസസ്സ്മെന്റിന്റെ അടിസ്ഥാനത്തിലുള്ള ബഹുമുഖ നികുതി സമ്പ്രദായത്തിലേയ്ക്ക് മാറി എന്നുള്ളതാണ് നികുതി സമ്പ്രദായത്തിന്റെ സവിശേഷത. ഇത് മനസ്സിലാക്കി നികുതി കൊടുക്കണമെന്ന ബോധത്തിലേയ്ക്ക് വ്യാപാരികൾ വന്നെത്തിക്കൊള്ളുമെന്ന ധാരണയിൽ കഴിയുന്നത് ശരിയല്ല. അതിന് ആഡിറ്റ് അസസ്മെന്റ് നിർബന്ധമായി ഉണ്ടാകേണ്ടതാണ്. നികുതി പിരിവ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികളിലേയ്ക്ക് നീങ്ങണം. അതുപോലെ വാറ്റ് റിട്ടേണിന്റെ സ്ക്രൂട്ടിണിയുടെ ഗുണനിലവാരം ഇന്നത്തേതിൽനിന്ന് മെച്ചപ്പെടുത്തുവാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക് വരണം. റിട്ടേണുകൾ കൃത്യമായും സ്ക്രൂട്ടിണിയിലേയ്ക്ക് പോകുന്നില്ലെന്നും അക്നോളഡ്ജ്മെന്റുകൾ ലഭിക്കുന്നില്ലെന്നുമുള്ള വ്യാപാരികളുടെ പരാതി പരിഹരിക്കണം. സ്ക്രൂട്ടിണി അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിന് മാറ്റമുണ്ടാക്കാനും കഴിയണം. ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. പല ചെക്ക്പോസ്റ്റുകളും അധോലോക സംഘങ്ങളുടെ സ്വാധീനത്തിലാണ്. ഇതിന് ഉദ്യോഗസ്ഥർക്ക് പങ്കുണ്ടെന്ന കാര്യവും പുറത്തു

വന്നിരിക്കുകയാണ് വാറ്റ് നിയമം നിലവിൽ വന്നതോടുകൂടി നികുതി പിരിവ് ഫലപ്രദമായി നടത്താൻ കഴിഞ്ഞു. ബി.ഒ.ടി അടിസ്ഥാനത്തിൽ വേയ് ബ്രിഡ്ജ് സ്ഥാപിച്ച് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കള്ളക്കടത്ത് തടയാൻ അതിർത്തി പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രയോജനപ്പെടുത്തുന്ന കാര്യം ഗൗരവമായി ആലോചിക്കണം. വ്യാപാരികളോട് സൗഹൃദ സമീപനം സ്വീകരിക്കണമെന്ന നയം സ്വാഗതാർഹമാണ്. നിയമത്തിലെ പഴുതുകൾ അടച്ച് അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ നടപടി സ്വീകരിക്കണം. നികുതി പിരിവിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥ അവസാനിപ്പിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും കഴിയണം. കേന്ദ്ര ധനകാര്യ കമ്മിഷനുമായി ചർച്ച ചെയ്ത് ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. സംസ്ഥാനങ്ങൾക്കുള്ള കേന്ദ്രവിഹിതങ്ങളിൽ വായ്പയുടെ പലിശ നിരക്ക് ഗണ്യമായി കുറയ്ക്കണം.

<u>ശ്രീ. എം.കെ. പ്രേംനാഥ്</u>: ധനകാര്യബില്ലിനെ അനുകൂലിക്കുന്നു. നികുതി വർദ്ധിപ്പിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള. നടപടികളെ സ്വാഗതം ചെയ്യുന്നു. മലബാറിനോടുള്ള അവഗണന അവസാനിപ്പിച്ച് ആ മേഖലയുടെ വികസനത്തിന് കൂടുതൽ സാമ്പത്തിക സഹായം നൽകണം. നികുതി വെട്ടിപ്പും മാഫിയ പ്രവർത്തനങ്ങളും അവസാനിപ്പിക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഉണ്ടാക്കിയിട്ടുള്ളത് എന്നത് നിഷേധിക്കാനാവില്ല. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കേരളത്തിലെ കർഷകരെ രക്ഷിക്കാൻ കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിക്കാനുള്ള നടപടി സ്വാഗതാർഹമാണ്. കാർഷിക പ്രതിസന്ധിക്കെതിരെ എൽ..ഡി.എഫ്.

ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ ശ്രദ്ധേയമാണ്. കൃഷിക്കാരെ കാർഷികാദായ നികുതിയിൽനിന്ന് ഒഴിവാക്കണം. സ്വകാര്യ മേഖലയിലടക്കം കേരളത്തിന്റെ വികസനത്തിനുവേണ്ടി നിക്ഷേപങ്ങളുണ്ടാക്കണം. സഹകരണ മേഖലയിൽ കൂടുതൽ പണം നിക്ഷേപിച്ച് കേരളത്തിന്റെ വികസനത്തിന് പുതിയ പദ്ധതി ആവിഷ്ക്കരിക്കണം. വനിതാ വികസനത്തിന് ഏർപ്പെടുത്തിയ സഹായവും പൊതുമേഖലാസ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിയും സ്വാഗതാർഹമാണ്. ടൂറിസ്റ്റ് മേഖലയിൽ കൂടുതൽ വികസനമുണ്ടാക്കുന്നതിന് സംഘടിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളും സ്വർണ്ണത്തിന് 4 ശതമാനവും കല്യാണമണ്ഡപങ്ങൾക്ക് 15 ശതമാനവും നികുതി ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. ചാരിറ്റബിൾ സൊസൈറ്റികളേയും കേബിൾ ടി.വി. ഓപ്പറേറ്റർമാരേയും നികുതിയിൽ നിന്ന് ഒഴിവാക്കണം. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ മാറ്റങ്ങളുണ്ടാകണം. കേരളത്തിന്റെ വികസനത്തിനുള്ള ഒരു പുതിയ അജണ്ട കേന്ദ്രത്തിൽ അവതരിപ്പിച്ച് കൂടുതൽ പണം നേടാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ തയ്യാറാകണം. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയെത്തുടർന്ന് കേരളത്തിലെ നിരവധി സഹകരണ പ്രസ്ഥാനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതിനാൽ സംസ്ഥാന സർക്കാർ ആവശ്യമായ സഹായങ്ങൾ ചെയ്യണം. ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം. കാർഷിക-കൈത്തറി രംഗങ്ങളിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ആ മേഖലകളിൽ കൂടുതൽ പണം വിനിയോഗിക്കണം. ആരോഗ്യ രംഗത്തും മാറ്റങ്ങളുണ്ടാകണം. കോഴിക്കോട്, തൃശൂർ, ആലപ്പുഴ ജില്ലകളിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനുവേണ്ടി തയ്യാറാക്കിയ പദ്ധതി വളരെയധികം

സ്വാഗതാർഹമാണ്. പൂജപ്പുരയിലെ ആയുർവ്വേദ ആശുപത്രിക്ക് രണ്ട് കോടി രൂപയും ഹോമിയോ രംഗത്തെ വികസനത്തിന് ഒരു കോടി രൂപയും അനുവദിച്ചത് സ്വാഗതാർഹമാണ്. കേരളത്തിലെ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ എല്ലാ രംഗങ്ങളിലും വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോവുകയാണ്.

ശ്രീ കെ. വി. കുഞ്ഞിരാമൻ: ധനകാര്യ ബില്ലിനെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷവും യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തെ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സാമ്പത്തിക രംഗത്ത് കടുത്ത അരാജകത്വമാണ് നിലനിന്നത്. 1995-96-ൽ വികസനത്തിനായി റവന്യു വരുമാനത്തിൽനിന്ന് ചെലവാക്കിയത് 58 ശതമാനമാണെങ്കിൽ 2004-05-ൽ 51 ശതമാനമായി ചുരുങ്ങുകയാണുണ്ടായത്. റവന്യു വരുമാനത്തിന്റെ 73 ശതമാനവും ശമ്പളത്തിനും പെൻഷനും മാറ്റിവയ്ക്കേണ്ട അവസ്ഥ യാണുള്ളത്. ഇത്തരം പ്രശ്നങ്ങളെ അതിജീവിക്കാൻ മൂലധനനിക്ഷേപം വർദ്ധിപ്പിക്കണം; നികുതി വർദ്ധിപ്പിക്കുന്നതിന് മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. കഴിഞ്ഞ ഗവൺമെന്റ് കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചിരുന്നില്ലെന്നു മാത്രമല്ല, ധനകാര്യ മിസ്മാനേജു മെന്റാണ് നടത്തിയിരുന്നത്. ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. നികുതി പിരിവ് ഊർജ്ജിതമാക്കുകയെന്നത് എൽ.ഡി.എഫ്. ഗവൺമെൻറിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ്. ചുരുങ്ങിയ സമയംകൊണ്ട് നികുതി വരുമാനത്തിൽ 65 ശതമാനം വർദ്ധനവുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. നികുതി പിരിച്ചെടുക്കുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ വർഷം കുടിശ്ശികയിനത്തിൽ 60 കോടി രൂപ

പിരിച്ചെടുക്കാൻ സാധിച്ചു. ലക്കിവാറ്റ് സംപ്രദായം സംസ്ഥാന ഗവൺമെന്റിന് കൂടുതൽ പണം നികുതിയായി ലഭിക്കുന്നതിന് സഹായകരമാണ്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള 8130 കോടി രുപയുടെ നികുതി പിരിച്ചെടുക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ ഈ ഗവൺമെൻറിന് സാധിച്ചുവെന്നത് ശ്ലാഘനീയമാണ്. കഴിഞ്ഞ വർഷം ദേശീയ സമ്പാദ്യ പദ്ധതിയിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന വരുമാനത്തിൽ 1200 കോടി രൂപയുടെ കുറവുണ്ടായത് നികത്തുന്നതിനുവേണ്ടി പൊതുകടം എടുക്കുന്നതിനാവശ്യമായ അനുവാദം കേന്ദ്ര ഗവണ്മെന്റ് നൽകി.. എന്നാൽ ഈ വർഷം പൊതുകടം എടുക്കുന്നതിനുള്ള അനുവാദം നൽകുകയില്ല എന്ന് കേന്ദ്ര ഗവണ്മെന്റ് തീരുമാനം എടുത്തിട്ടുള്ളതിനാൽ സംസ്ഥാനം ധനകാര്യ രംഗത്ത് വലിയ പ്രതിസന്ധി നേരിടുകയാണ്. സംസ്ഥാനത്തിന്റെ കേന്ദ്ര നികുതി വരുമാനം വർഷംതോറും കുറഞ്ഞുവരികയാണ്. കേരളത്തിലെ ജനങ്ങൾക്ക് എല്ലാവിധ ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്ന കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരെ കേരള നിയമസഭ ഒറ്റക്കെട്ടായിനിന്നുകൊണ്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പരിശ്രമങ്ങൾ നടത്തണം. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കേരളത്തിന്റെ സാമ്പത്തിക രംഗം മെച്ചപ്പെടുത്തുന്നതിനാവശ്യമായ യുക്തമായ നടപടികൾ കൈക്കൊളളണം.

<u>ശ്രീ. വി.ഡി. സതീശൻ:</u> ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള നികുതി നിർദ്ദേശങ്ങളുടെ ഭാഗമായി 5 പ്രധാന ആക്ടുകളിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. നിരവധി

നിയമങ്ങളിൽ കാര്യമായ മാറ്റം വരുത്തിയിട്ടില്ലെങ്കിലും വാറ്റ്, ആഡംബര നികുതി എന്നിവയിൽ കുറച്ച് മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ആഡംബര നികുതിയുമായി ബന്ധപ്പെട്ട് സർവ്വീസ് ടാക്സ് പിരിക്കാനുള്ള അവകാശം കേന്ദ്ര ഗവണ്മെന്റിൽ നിക്ഷിപ്തമാണ്. കേരളത്തിൽനിന്ന് കേവലം 200 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ കേന്ദ്ര ഗവണ്മെന്റിന് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവണ്മെന്റ് ഫലപ്രദമായി സർവ്വീസ് ടാക്സ് പിരിക്കുന്നില്ല. സംസ്ഥാന സമ്പത്തിന്റെ 65 ശതമാനവും സർവ്വീസ് ടാക്സായി മാറിയിരിക്കുകയാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് വളരെ ഫലപ്രദമായ സർവ്വേ നടത്തിവരികയാണ്. കൂടുതൽ ഇൻകം ടാക്സ് പിരിച്ചെടുക്കുന്നതിന് നെറ്റ് വർക്ക് വ്യാപകമാക്കുന്നതിനുവേണ്ടി സർവ്വീസ് മേഖലയെ തെരഞ്ഞെടുത്ത നടപടി ശ്ലാഘനീയമാണ്. എന്നാൽ കേബിൾ ടി.വി. നെറ്റ് വർക്കിൽനിന്ന് 5 ശതമാനം സർവ്വീസ് ടാക്സ് ഈടാക്കാനുള്ള തീരുമാനത്തോട് വിയോജിപ്പാണുള്ളത്. ആലപ്പുഴപോലെയുള്ള സ്ഥലങ്ങളിൽ ചിക്കുൻ ഗുനിയ ബാധിച്ച് പാക്കേജ് ടൂറുകൾപോലും ക്യാൻസൽ ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ ഹോട്ടൽ മുറിക്കും ഹൗസ് ബോട്ടുകൾക്കും നികുതി ഏർപ്പെടുത്തിയ നടപടി നീതീകരിക്കത്തക്കതല്ല. വാറ്റ് നിയമത്തിലെ 6–ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ള നിർബന്ധിത രജിസ്ട്രേഷൻ എന്ന പുതിയ വകുപ്പ് ഹരാസ്മെന്റിന് ഇടയാക്കുന്നതാണ്. ഇതിന്റെ നെറ്റ് വർക്കിൽ വരാത്ത ആളുകളെ ഉദ്യോഗസ്ഥർ നിർബന്ധമായും അതിൽ ഉൾപ്പെടുത്തുമ്പോൾ അവർക്ക് സ്വാഭാവിക നീതിയുടെ അവകാശം നിയമത്തിലോ അതുമായി ബന്ധപ്പെട്ട സബോർഡിനേറ്റ് ലെജിസ്ലേഷനിലോ ഉണ്ടാകണം. സെക്ഷൻ 51 (എ) അനുസരിച്ച് സ്വർണ്ണത്തിന്റെ നികുതി 4

ശതമാനം ആക്കുകയും കോമ്പൗണ്ടിംഗ് സംവിധാനം വന്നതോടുകൂടി അത് ഒരു ശതമാനമായി മാറുകയും ചെയ്തതിന്റെ ഫലമായി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വില്പന പോകുകയും സ്വർണ്ണക്കടകളിൽ ഡോർ ഡെലിവറി സംവിധാനം ഏർപ്പെടുത്തുക വഴി നികുതി വെട്ടിപ്പ് വൻതോതിൽ ഉണ്ടാകുകയും ചെയ്യുന്നുണ്ട്. 78-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ലീഫ് പ്ലേറ്റുകൾ, കപ്പുകൾ, പനയോലകൾ കൊണ്ടുണ്ടാക്കുന്ന സമാനമായ സാധനങ്ങൾ ഇവയെ മൂന്നാമത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ പാടില്ല. 'വാറ്റ്' നിലവിൽ വരുന്നതിനുമുമ്പ് ചെറുകിട വ്യവസായ സംരംഭകരിൽ നിന്നും വാങ്ങിയിരുന്ന ടാക്സ് അവർക്കുതന്നെ ധനസഹായമായി നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ഉറപ്പ് പാലിക്കണം. ഏകീകൃതമായ 'വാറ്റ്' സംവിധാനത്തിനും എംപവേർഡ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്കും വിരുദ്ധമായി ഏർപ്പെടുത്തിയിട്ടുള്ള 5-ാമത്തെ ഷെഡ്യൂൾ സംസ്ഥാനത്തെ കൺസ്ട്രക്ഷൻ ബൂമിനെയും സാമ്പത്തിക വളർച്ചയെയും തകർക്കുന്നതിന് പര്യാപ്തമാണ്. 20 ശതമാനം ടാക്സ് ഏർപ്പെടുത്തിയതിലൂടെ നികുതി വെട്ടിപ്പിന് ആളുകളെ പ്രേരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. സി.എസ്.ടി.യുമായി ബന്ധപ്പെട്ട് കേന്ദ്ര വിരുദ്ധ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ 4 ശതമാനം സി.എസ്.ടി. ഇല്ലാതായാൽ വാറ്റ് നിലവിൽ വരുന്നതോടുകൂടി സാധനങ്ങളുടെ വില കുറയാനിടവരും. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും റവന്യൂ കമ്മി ഭീമമായി വർദ്ധിക്കുകയും യാതൊരു നിയന്ത്രണവുമില്ലാതെ കടമെടുക്കുകയും ധനക്കമ്മി വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ സ്റ്റേറ്റ് ഫൈനാൻസിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ബഡ്ജറ്ററി

ബാലൻസ് ഉണ്ടാക്കുന്നതിനുംവേണ്ടി പതിനൊന്നാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ചാണ് ബഡ്ജറ്റ് മാനേജ്മെന്റ് ലെജിസ്ലേഷൻ പാസ്സാക്കിയിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റ് എല്ലാ സംസ്ഥാനങ്ങളുടേയും ഇതുവരെയുള്ള ലോൺ കൺസോളിഡേറ്റ് ചെയ്ത് പലിശ ഏഴര ശതമാനമായി റീഷെഡ്യൂൾ ചെയ്തു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം കടങ്ങൾ റൈറ്റ് ഓഫ് ചെയ്യുന്നതിലൂടെ സംസ്ഥാനത്തിന് 2000 കോടി രൂപയുടെ വരുമാനം ലഭിക്കാൻ സാദ്ധ്യതയുണ്ട്. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ടുമായും ഫിസ്ക്കൽ മിഡ് ടേം പോളിസിയുമായും ബന്ധപ്പെട്ട് എല്ലാ സംസ്ഥാനങ്ങളിലും സാമ്പത്തിക അച്ചടക്കം ഉണ്ടാകണം. സ്റ്റേറ്റ് ഫിനാൻസ് മെച്ചപ്പെടുത്തണം. ധനകമ്മിയുടെ ഫലമായി കടക്കെണിയിൽപ്പെട്ട് വിഷമിക്കുന്ന സംസ്ഥാനങ്ങൾക്ക് ധാരാളം ഇളവുകളും സഹായങ്ങളും കേന്ദ്ര ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കേരള ലോട്ടറി റീസ്ട്രക്ച്ചർ ചെയ്തുകൊണ്ടുള്ള തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ അത് നിയമസഭയിൽ പ്രഖ്യാപിക്കണം. പല രാജ്യങ്ങളിലും പരീക്ഷി ച്ചിട്ടുള്ളതുപോലെ ലോട്ടറിയുടെ പ്രൈസ് മണിയുടെ 10–20% അത് കിട്ടുന്ന ആൾക്ക് കൊടുക്കുകയും ബാക്കി തുക സംസ്ഥാന ഗവൺമെന്റ് ഗ്യാരന്റർ ആയി നിന്നുകൊണ്ട് ഒരു ഇൻവെസ്റ്റ്മെന്റ് ബോണ്ട് ഉണ്ടാക്കി സംസ്ഥാന ത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും രാഷ്ട്ര പുനർ നിർമ്മാണങ്ങൾക്കും ചെലവഴിക്കുകയും വേണം. കെ.എസ്.ആർ.ടി.സി.യിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. ടാക്സ് കളക്ഷനിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്നും ടാക്സ് ബോയൻസിയുടെ ശതമാനം എങ്ങനെയാണെന്നുമുള്ള കാര്യങ്ങൾ വ്യക്തമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): നയപരമായ പൊതു പ്രശ്നങ്ങളെക്കുറിച്ച് ഈ സമയത്ത് പ്രതികരിക്കുന്നില്ല. ഫിനാൻസ് ബില്ലുമായി ബന്ധപ്പെട്ട് ഒട്ടനവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ലക്ഷ്വറി ടാക്സ് യൂണിഫോം റേറ്റ് ആക്കുന്നതിനെക്കുറിച്ചു പറഞ്ഞത് അംഗീകരിക്കുന്നു. 5 ലക്ഷം രൂപ വരെ എക്സംപ്ഷൻ ആക്കുന്നത് പ്രശ്നമാണ്. അതുകൊണ്ട് എക്സംപ്ഷൻ 75 രൂപ ആയിരുന്നത് 150 രൂപ ആക്കുന്നു. 150 രൂപയ്ക്കും 499 രൂപയ്ക്കും ഇടയ്ക്ക് 10 ശതമാനവും 500 രൂപയ്ക്ക് മുകളിൽ 15 ശതമാനവും ആക്കാം. കേബിൾ ടി.വി.യ്ക്ക് എന്റർടെയിൻമെന്റ് ടാക്സ് 5 ശതമാനം എന്നുള്ളതു മാറ്റി 5 രൂപ എന്നാക്കുന്നു. ക്യാപ്പിറ്റൽ ഗുഡ്സിനു മേൽ റീഫണ്ട് കൊടുക്കുന്നത് 3 വർഷം കൊണ്ടാണ്. അത് പുതിയ ടാക്സ് വരുമ്പോൾ അതാത് വർഷംതന്നെ കൊടുക്കാം. ടെമ്പററി ഉപയോഗത്തിനു വേണ്ടി എടുക്കുന്ന എക്വിപ്മെന്റ്സ് ഒരു മാസത്തിനകം തിരിച്ചുകൊടുക്കുക യാണെങ്കിൽ ടാക്സ് ഒഴിവാക്കാം. മൂല്യവർദ്ധിത നികുതിയുടെ ലിസ്റ്റിൽ ചുക്ക്, കളിയടയ്ക്കാ, കോഴി എന്നിവയെ ഒഴിവാക്കാം. ഗവൺമെന്റ് കോൺട്രാക്ടർമാർക്ക് അനുവദിച്ചിട്ടുള്ള ഇളവ് കെ.ഡബ്ല്യൂ.എ.യിലെ കോൺട്രാക്ടർമാർക്കും കൊടുക്കാവുന്നതാണ്. കേന്ദ്ര സർക്കാർ എല്ലാ ഔഷധങ്ങൾക്കും എം.ആർ.പി. നിർബന്ധമാക്കിയിട്ടുണ്ട്. കേരളത്തിൽ ജീവൻരക്ഷാ ഔഷധങ്ങൾക്ക് ടാക്സ് ഇല്ലെങ്കിലും ടാക്സ് കൂടി അടങ്ങുന്ന എം.ആർ.പി–ക്ക് വില്ക്കുന്നതുകൊണ്ട് ലാഭം കമ്പനികൾക്കാണ് ലഭിക്കുന്നത്. നികുതി ചുമത്താതിരുന്നതുകൊണ്ട് കേരളത്തിലെ ഉപഭോക്താക്കൾക്ക് ഒരു ഗുണവുമുണ്ടാകുകയില്ല. അതിനാൽ ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം. റബ്ബറിന് വില കൂടുതലുണ്ടെങ്കിലും നികുതി കൂടുന്നില്ല. പർച്ചേസ് ടാക്സ് നല്കുന്നതിൽനിന്നും മാനുഫാക്ചറേഴ്സ് ഒഴിവായിക്കൊണ്ടി

രിക്കുന്നു. ഒരു മാസത്തിനുള്ളിൽ അവരുടെ ഉല്പന്നം ഉപയോഗിക്കുകയാണെങ്കിൽ പർച്ചേസ് ടാക്സ് നല്കേണ്ടതില്ല. സ്റ്റോക്ക് ട്രാൻസ്ഫർ ചെയ്യുന്നവർക്ക് പർച്ചേസ് ടാക്സിന് എക്സംപ്ഷൻ ഇല്ലാതാകുകയാണ്. പക്ഷേ പർച്ചേസ് ടാക്സ് നല്കണം. മരുന്നുകൾക്ക് നികുതി കുറച്ചതുകൊണ്ട് ഗുണഭോക്താക്കൾക്ക് യാതൊരു ഗുണവുമുണ്ടാകുകയില്ല. സാമ്പിൾ ആയിട്ട് ഫസ്റ്റ് സെല്ലേഴ്സിന് ലഭിക്കുമ്പോൾ ഡിസ്ക്കൗണ്ട് ലഭിക്കുന്നതാണ്. സെല്ലേഴ്സ് എം.ആർ.പി. യിലാണ് വില്ക്കുന്നത്, പക്ഷേ കോമ്പൗണ്ട് ചെയ്യുമ്പോൾ നികുതി പിരിക്കണമെന്നില്ല. ഡിസ്ക്കൗണ്ടിന് ലഭിക്കുന്ന സാധനങ്ങൾക്ക് കോമ്പൗണ്ടിംഗിൽനിന്നും എക്സംപ്ഷൻ കിട്ടുകയില്ല. അതും കൂടി ഉൾപ്പെടുത്തണം. സ്വർണ്ണത്തിന്റെ കാര്യത്തിൽ അടുത്തവർഷം മുതൽ 115 ശതമാനം കോമ്പൗണ്ടിംഗ് വരുന്നതാണ്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ആരംഭിച്ച ബ്രാഞ്ചുകൾക്ക് മറ്റ് കടകളുടെ ശരാശരി വച്ച് കോമ്പൗണ്ട് ചെയ്യുന്നതാണ്. കഴിഞ്ഞവർഷം ആരംഭിച്ച സ്വർണ്ണക്കടകളിൽ 21 കോടി രൂപ വിറ്റുവരവ് ഉള്ളതുകൊണ്ട് 400 ശതമാനം കോമ്പൗണ്ട് ചെയ്യാവുന്നതാണ്. ഈ വർഷം ആരംഭിച്ച സ്വർണ്ണക്കടകൾക്ക് 6 മാസംവരെയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി കോമ്പൗണ്ട് ചെയ്യുന്നതാണ്. സ്വർണ്ണക്കടക്കാർക്കിടയിലുള്ള ആശങ്ക അകറ്റിക്കൊണ്ട് സർക്കാരിന് ലഭിക്കേണ്ട നികുതി ലഭ്യമാക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷം ഒരു മാസത്തിൽ 600 കോടി രൂപയിൽ താഴെ മാത്രമേ നികുതി പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളു. എന്നാൽ ഇക്കഴിഞ്ഞ മാസം 800 കോടി രൂപയാണ് പിരിച്ചെടുത്തത്. ഈ മാസം 1000 കോടി രൂപ പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നു. ചെക്ക് പോസ്റ്റുകളിൽ സ്കാനറും വേയ് ബ്രിഡ്ജും അടിയന്തിരമായി സ്ഥാപിക്കേണ്ടതുണ്ട്. സർക്കാരിന് മൂലധന ചെലവൊന്നുമില്ല. പക്ഷേ സർവ്വീസ് ചാർജ്

സർക്കാർ നിശ്ചയിക്കുന്ന റേറ്റിൽ ഈടാക്കാം. വേയ് ബ്രിഡ്ജ് അനിവാര്യ മായതിനാലും ഇതിന്റെ നോംസിൽ മാറ്റം വരുത്തേണ്ട സാഹചര്യമുളളതി നാലും ഇത് നടപ്പിലാക്കുന്നതിന് സെക്ഷൻ 46–ൽ മാറ്റം വരുത്തണം സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കുമുളള ചരക്കുനീക്കം വിജ്ഞാപനം ചെയ്ത ചെക്ക്പോസ്റ്റുകളിൽക്കൂടി മാത്രമേ നടത്താവൂ എന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. ഇടറോഡുകളിലൂടെ വരുന്ന വാഹനങ്ങൾ തടഞ്ഞുനിറുത്തി പരിശോധിക്കാൻ ഗ്രാമ പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നല്കുന്ന വകുപ്പ് ബില്ലിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ബിൽ എഴുതുമ്പോൾ ഹരാസ്മെന്റ് ഒഴിവാക്കുന്നതിനെ ക്കുറിച്ച് പരിശോധിക്കുന്നതാണ്. ബിൽ എഴുതാതിരുന്നാൽ അത് കുറ്റകരമാണ്. നികുതിക്ക് വിധേയമായ ഉല്പന്നങ്ങൾ വില്ക്കുന്നവർക്ക് എല്ലാ ഇൻസെന്റീവും കൊടുക്കുന്നതാണ്. ഇതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. പെയിന്റ്, പ്രൈമർ, വാട്ടർ കളർ, വാർണിഷ്, ക്യാൻവാസ് പെയിന്റ്, ബാംബൂ പ്രോഡക്ട്സ് എന്നിവയെ നികുതിയിൽനിന്നും ഒഴിവാക്കുന്നതാണ്. പെട്രോളിയം, ബിറ്റുമിൻ, ഫിനോൾ എന്നിവയെ മൂന്നാമത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതാണ്. പാചകവാതകത്തിന്റെ നികുതി 4 ശതമാനമായി കുറയ്ക്കുന്നു. ഗോൾഡ് കോയിന് പന്ത്രണ്ടര ശതമാനം നികുതി കൊടുക്കണമെന്നുളളതിനാൽ ഇത് മൂന്നാമത്തെ ഷെഡ്യൂളിൽ ഉൾപ്പെടു ത്താൻ ഉദ്ദേശിക്കുന്നു. റബ്ബറിനും പ്ലാസ്റ്റിക്കിനും 4 ശതമാനം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഫുട്ട്വെയറിനും 4 ശതമാനമാണ് നികുതി, പക്ഷേ 200 രൂപവരെ വിലയുളള ഫുട്ട്വെയറിനെ ടാക്സിൽനിന്നും ഒഴിവാക്കും. ഭക്ഷ്യ എണ്ണയ്ക്കും പാമോയിലിനും 4 ശതമാനം നികുതിയെ പാടുളളു. വില

കുറഞ്ഞ എണ്ണയായ പാം കെർണൽ ഓയിൽ ഈ ലിസ്റ്റിൽപ്പെടാത്തതു കൊണ്ട് പന്ത്രണ്ടര ശതമാനം നികുതി ഈടാക്കുന്നു. വാറ്റ് എമ്പവേർഡ് കമ്മിറ്റി ലിസ്റ്റിൽനിന്നും താഴോട്ടുപോയാൽ കുറഞ്ഞ വരുമാനക്കാർക്കും അത്രയും കൊടുക്കേണ്ടിവരുമെന്നുള്ളതിനാൽ 5–ാമത്തെ ഷെഡ്യൂൾ എന്നുള്ള പേരിൽ പുതിയ ക്ലാസ് കൊണ്ടുവന്ന് ഈ ടാക്സ് അതിൽ നിലനിറുത്താം. പ്രഖ്യാപിത ഗുഡ്സ് പുറത്തുനിന്നും കൊണ്ടുവരുന്നതിനു പുറമേ സ്റ്റേറ്റിനകത്ത് മൂവ് ചെയ്യുന്നതിനും പെർമിറ്റ് വേണമെന്നുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുള്ള ഭേദഗതി ഫൈനാൻസ് ബില്ലിൽ കൊണ്ടു വരുന്നതാണ്. നിയമവിരുദ്ധമായി നടക്കുന്ന പേപ്പർ ലോട്ടറിയെ സംബന്ധിച്ച് വിജിലൻസ് റിപ്പോർട്ട് ലഭിക്കുകയും അത് ഹോം മിനിസ്ട്രിക്ക് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് നികുതി വകുപ്പിനും ലഭിച്ചിട്ടുണ്ട്. സഭയിലെ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വസ്തുതയാണെന്ന് തെളിഞ്ഞിട്ടുണ്ട്. പേപ്പർ ലോട്ടറി നടത്തുന്ന ബൂട്ടാനും സിക്കിമും കേന്ദ്ര ലോട്ടറി നിയമത്തിന്റെ സെക്ഷൻ 4 ലംഘിക്കപ്പെടുന്നതായി വിജിലൻസിന്റെ റിപ്പോർട്ടിൽ തെളിവുകൾ നല്കിയിട്ടുണ്ട്. ഇതിൽ പ്രധാന മായിട്ടുള്ളത് സർക്കാർ തന്നെ ലോട്ടറി നടത്തണം, ലോട്ടറി പ്രിന്റ് ചെയ്യുകയും വേണം എന്നുള്ളതാണ്. നിയമപ്രകാരം പ്രൊമോട്ടറാണ് അച്ചടിക്കൂലി കൊടുക്കുന്നതെന്ന് തെളിഞ്ഞിട്ടുണ്ട്. പക്ഷേ ഈ നിയമം കേന്ദ്ര നിയമത്തിൽ ഇല്ല. കേന്ദ്ര ലോട്ടറി നിയമത്തിന്റെ വ്യവസ്ഥ അപ്പാടെ ലംഘിച്ചുകൊണ്ടാണ് സിക്കിം, ബൂട്ടാൻ സംസ്ഥാന ഗവൺമെന്റുകൾ ലോട്ടറി നടത്തുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാരുകൾ വേണം ലോട്ടറി നടത്താൻ എന്നുള്ള വ്യവസ്ഥ ലംഘിക്കപ്പെടുന്നു. ലോട്ടറിയിലൂടെ പിരിക്കുന്ന പണം സർക്കാരിൽ അടയ്ക്കണമെന്നുള്ളതിലും വീഴ്ച വരുത്തി

യിരിക്കുന്നു. ബൂട്ടാൻ, സിക്കിം ലോട്ടറികളുടെ പ്രതിദിന വിറ്റ് വരവ് യഥാക്രമം 10 കോടി രൂപയും 12.6 കോടി രൂപയുമാണ്. ഏതാണ്ട് 8000 കോടി രൂപയുടെ ടേൺഓവർ വരുന്നുണ്ട്. വിറ്റ് വരവിന്റെ സിംഹഭാഗവും വിതരണക്കാരുടെ കൈവശത്തിലെത്തുകയാണ് ചെയ്യുന്നത്. ഇത് പൊതു ഖജനാവിലേയക്ക് അടയ്ക്കപ്പെടുന്നില്ല. അഡിക്ടായിട്ടുളള സമ്മാന രീതിയും നറുക്കെടുപ്പുമാണ് നടക്കുന്നത്. ഇതെല്ലാം സവിസ്തരം വിജിലൻസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ബൂട്ടാന്റെയും സിക്കിമിന്റെയും ലോട്ടറികൾ .സെക്ഷൻ 4 വയലേറ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെടുന്നതും അത് കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആവശ്യമായ നിലപാട് സ്വീകരിക്കുന്നതു മാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ഈ രണ്ട് ലോട്ടറികളുടെയും അഡ്വാൻസ് ടാക്സ് പിരിക്കുന്നതല്ല. നിയമവിരുദ്ധ ലോട്ടറികൾ അവസാനിപ്പിക്കുന്നതിന് കർശനമായ നിലപാട് സ്വീകരിക്കുന്നതാണ്. ഭാവിയിൽ ഇത്തരം കാര്യങ്ങൾ കേരളത്തിൽ ആവർത്തിക്കപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ലോട്ടറി നിയമത്തിൽ പ്രൊമോട്ടർക്കുളള സ്ഥാനത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. ഇത് കേന്ദ്ര നിയമത്തിൽ ഇല്ലാത്തതാണ്, ഇതിനൊരു മാറ്റം വേണം. ചില അഫിഡവിറ്റുകൾ നിലനില്ക്കുന്നതടക്കം എത്രയും പെട്ടെന്ന് എ. ജി.– യുമായിട്ട് ചർച്ച ചെയ്ത് തീരുമാനങ്ങൾ സ്വീകരിക്കുന്നതാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുവേണ്ടി അവരുടെ ഡിമാന്റ് അസസ്സ്മെന്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 8 പേർക്ക് കൂടി നോട്ടീസ് കൊടുത്തിരിക്കുകയാണ്. അതിനുശേഷം ഡിമാന്റ് അസസ്സ്മെന്റ് ചെയ്തുകൊടുക്കുന്നതാണ്. കാസർഗോഡ്, തൃശൂർ,

മട്ടാഞ്ചേരി, എറണാകുളം, ഇടുക്കി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഡീലർമാരുടെ തുക നിശ്ചയിച്ചിട്ടില്ല. അക്കൗണ്ട് ഹാജരാക്കണമെന്ന് നോട്ടീസ് നല്കിയിട്ടുണ്ട്.. ഇപ്പോൾ ഇതിന്റെ പ്രോസസ്സ് ആരംഭിച്ചിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ അസസ്സ്മെന്റ് പൂർത്തിയാക്കുന്നതാണ്. പിരിച്ചെടുക്കുന്ന നികുതി നല്കാതിരിക്കാൻ കഴിയുകയില്ല. ഇതിനെതിരെ കോടതിയിൽ ശക്തമായ നിലപാട് സ്വീകരിക്കും. സുപ്രീം കോടിതിയിൽ ഇപ്പോൾ 4 കേസുകൾ നിലവിലുണ്ട്, അതിൽ തന്നെ 9 കേസുകൾ സംയോജിപ്പിച്ച് ഒറ്റ കേസ്സായി വന്നിട്ടുണ്ട്. 2006 ജനുവരിയിൽ കൊടുത്ത അഫിഡവിറ്റ് തിരുത്തണമെന്നുള്ള തീരുമാനത്തിന് മൂന്നംഗ ബഞ്ച് കോൺസ്റ്റിറ്റ്യൂട്ട് ചെയ്തുകഴിഞ്ഞാൽ റിവൈസ്ഡ് അഫിഡവിറ്റ് നല്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. സുപ്രീംകോടതിയിൽ കമമീഷൻ നല്കിയ ക്ലാരിഫിക്കേഷന് എതിരായി പ്ലേവിൻ നല്കിയ കേസ് നിലവിലുണ്ട്. ഓൺ ലൈൻ ലോട്ടറി നിരോധിച്ചതിനെതിരെ സിക്കിം കൊടുത്തിട്ടുള്ള കേസും ഇപ്പോൾ നിലവിലുണ്ട്. നിയമവിരുദ്ധ ലോട്ടറികൾ അവസാനിപ്പിക്കുന്നതിനും പഴയ കുടിശ്ശികകൾ പിരിക്കുന്നതിനും കേസുകൾ നടത്തുന്നതിനും സർക്കാരിന് സുതാര്യമായ നിലപാടാണുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായ നല്ല നിർദ്ദേശങ്ങൾ ഈ ബില്ലിൽ പരമാവധി ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. ചില കാര്യങ്ങളിൽ പരിമിതികളുണ്ട്. ഇൻഡ്യാ രാജ്യത്ത് പെർക്യാപിറ്റാ ടാക്സ് ഏറ്റവും കൂടുതൽ വാങ്ങുന്ന സംസ്ഥാനം കേരളമാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2006–ലെ കേരള ധനകാര്യബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബില്ലിന് ഗവർണ്ണറുടെ അനുമതി വേണം എന്നത് സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ്: ഈ നിയമത്തിൽ കോൺട്രിബ്യൂഷൻ വർദ്ധിപ്പിക്കാനുള്ള ഒരു പ്രൊവിഷൻ ഉണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റിയിൽ ഒരു അമെന്റ്മെന്റ് വന്നിട്ടുണ്ട്. ഓരോ അംഗവും അടയ്ക്കുന്ന തുകയ്ക്ക് പ്രതിമാസം 5 രൂപ വീതമോ അല്ലെങ്കിൽ തൊഴിലാളി വിഹിതത്തിന്റെ 25 ശതമാനമോ സർക്കാർ ഗ്രാന്റായി നൽകണം എന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അങ്ങനെ വർദ്ധനവ് വരുത്തുമ്പോൾ ഭരണഘടനയുടെ ആർട്ടിക്കിൾ 207(3) അനുസരിച്ച് ഗവർണ്ണറുടെ

റെക്കമെന്റേഷനോടുകൂടി മാത്രമേ ഈ ബിൽ പാസ്സാക്കാൻ കഴിയൂ. ആ റെക്കമെന്റേഷൻ ഈ ബില്ലിന് ഇല്ല. അതാണ് ഒബ്ജക്ഷൻ.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്തുകഴിഞ്ഞതാണ്. ഗവർണ്ണറുടെ അനുമതി ആദ്യമേ കിട്ടിയതാണ്. അതുകൊണ്ട് തടസ്സവാദത്തിന് പ്രസക്തിയില്ല. മാത്രമല്ല സബ്ജക്ട് കമ്മിറ്റി ചർച്ചയിൽ അംഗീകരിച്ച ഈ ഭേദഗതികൊണ്ട് ഖജനാവിന് പുതുതായി ബാധ്യതകളൊന്നും വരുന്നില്ല. അതുകൊണ്ട് ധനകാര്യവകുപ്പോ ഗവർണ്ണറോ ഇനി അംഗീകരിക്കേണ്ട ആവശ്യമില്ല.

**റൂളിംഗ്**

മി. സ്പീക്കർ: ഇവിടെ ഉന്നയിച്ചത് വളരെ റെലവന്റായിട്ടുള്ള ഒബ്ജക്ഷൻ തന്നെയാണ്. എന്നാൽ നിലവിലുള്ള സംവിധാനം അനുസരിച്ച് ഗവർണറുടെ അംഗീകാരം ലഭിച്ചതിനുശേഷമാണ് ഓരോ ബില്ലും അവതരിപ്പിക്കുന്നത്. ഓരോ ഘട്ടത്തിലും ഗവർണ്ണറുടെ അംഗീകാരത്തിനു വേണ്ടി അയയ്ക്കാറില്ല. ഈ ബില്ലിന് ഗവർണ്ണറുടെ അനുമതി വാങ്ങിയിട്ടാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അത് സർക്കുലേറ്റ് ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. അടൂർ പ്രകാശ്: ഈ ബിൽ യു.ഡി.എഫ്. ഗവണ്മെന്റ് കൊണ്ടുവരാൻ തീരുമാനിച്ചിരുന്നതാണ്. 2005 ഡിസംബർ 21–ാം തീയതി അസാധാരണ ഗസറ്റിൽ 24–ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തതാണ്. ഈ ബിൽ കുറ്റമറ്റതായിരിക്കണം. ഈ സംസ്ഥാനത്ത് വിവിധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഭൂരിഭാഗം ആളുകളേയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ബില്ലാണിത്. ലക്ഷക്കണക്കിനാളുകളുടെ ആശയാഭിലാഷങ്ങൾ ഈ ബില്ലിലൂടെ

സാക്ഷാത്ക്കരിക്കുന്നതിനായി ഒരു മെച്ചപ്പെട്ട സേവന വ്യവസ്ഥ ഈ ബില്ലിൽ കൊടുക്കണം. നിരവധി തൊഴിൽ മേഖലകളും തൊഴിൽ ഉടമകളും ഈ ബില്ലിലെ നിർവ്വചനത്തിൽ വരേണ്ടതായിട്ടുണ്ട്. അതിനാൽ തൊഴിലുടമ, തൊഴിലാളി എന്നിവയുടെ നിർവ്വചനം കുറച്ചുകൂടി വ്യാപകമാക്കേണ്ടതുണ്ട്. 1960–ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റിന്റെ പരിധിയിൽ വരുന്ന അർഹതപ്പെട്ടവരെ ഒഴിവാക്കുന്നത് ശരിയല്ല. ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടുകൂടി കുറച്ചുപേർക്ക് മാത്രം ആനുകൂല്യം കിട്ടുകയും അർഹതപ്പെട്ട കുറെപേരെ ഒഴിവാക്കുകയും ചെയ്യുന്നത് ശരിയല്ല. അച്ഛൻ, അമ്മ എന്നിവരെക്കൂടി കുടുംബത്തിന്റെ നിർവ്വചനത്തിൽ കൊണ്ടുവരണം. ആനുകൂല്യം നൽകുന്ന കാര്യത്തിൽ മറ്റൊരു ക്ഷേമനിധിയിലും ഇല്ലാത്ത ചില ക്രൂരമായ വ്യവസ്ഥകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ നിയമമനുസരിച്ച് 10 വർഷം അംശദായം അടച്ച ഒരാൾക്കുമാത്രമേ പെൻഷന് അർഹതയുള്ളു എന്നതും തുടർച്ചയായി അംശദായം അടച്ചവർക്കുമാത്രമേ ഫാമിലി പെൻഷന് അർഹതയുള്ളു എന്നതും നീതീകരിക്കാവുന്നതല്ല. എന്തെങ്കിലും ഒരു രോഗം വന്ന് തുടർച്ചയായി അംശദായം അടയ്ക്കാൻ കഴിയാതെ വന്നാൽ പിന്നീട് അത് ഒരുമിച്ച് അടയ്ക്കുമ്പോൾ ഈ ആനുകൂല്യം കൊടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കേണ്ടതായിട്ടുണ്ട്. ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുകൂടി ഒരു വിഹിതം കൊടുക്കണം. ഇത്തരം അപാകതകൾ ഒഴിവാക്കി കുറ്റമറ്റ ഒരു നിയമമായി ഇതു പാസ്സാക്കണം.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: നാളിതുവരെ പരിഗണിക്കപ്പെടാതിരുന്ന വിവിധ വിഭാഗം തൊഴിലാളികൾക്കുകൂടി ആനുകൂല്യങ്ങൾ നൽകാനുള്ള ഉദ്ദേശശുദ്ധിയോടുകൂടിയുള്ള ഒരു നിയമനിർമ്മാണത്തിന് തുടക്കമിട്ടത്

നന്നായി. 60 വയസ്സുവരെ കാത്തിരിക്കുക എന്നുപറഞ്ഞാൽ പലപ്പോഴും ഇതിന്റെ ആനുകൂല്യം അർഹതപ്പെട്ട എല്ലാവർക്കും ലഭിച്ചു എന്നുവരില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ ക്ഷേമനിധികളും ബോർഡുകളും ഉള്ള ഒരു സംസ്ഥാനമാണ് കേരളം. ആരെ ഉദ്ദേശിച്ചാണോ ഈ ക്ഷേമനിധികൾ ഏർപ്പെടുത്തിയിട്ടുള്ളത് അവരെ എൻറോൾ ചെയ്യുന്ന കാര്യത്തിലും എൻറോൾ ചെയ്യിപ്പിക്കുന്ന കാര്യത്തിലും വേണ്ടവിധത്തിൽ ശ്രദ്ധിക്കാത്തതുകൊണ്ട് അതിന്റെ പ്രയോജനം അർഹതപ്പെട്ടവരിൽ എത്തുന്നില്ല. നിത്യനിദാന ചെലവിനുപോലും കഴിയാതെ പ്രവർത്തനം മന്ദീഭവിച്ച ക്ഷേമനിധി ബോർഡുകളുമുണ്ട്. എല്ലാ ജനവിഭാഗങ്ങൾക്കും ഗുണകരമായ ക്ഷേമപരിപാടികളാണ് ആവശ്യം. സംസ്ഥാനത്ത് നിലവിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സ്ക്രൂട്ടിണൈസ് ചെയ്ത് സമാനമായ ക്ഷേമനിധികൾ യോജിപ്പിച്ച് അർഹതപ്പെട്ട എല്ലാ വിഭാഗ ങ്ങൾക്കും ആനുകൂല്യം ലഭിക്കുന്നവിധം പുന:സംവിധാനം ചെയ്യുന്നതിനെ ക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ് മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികൾക്കു വേണ്ടി ഇത്തരം ഒരു ക്ഷേമനിധി ഏർപ്പെടുത്താനുള്ള ഗവണ്മെന്റിന്റെ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. ക്ഷേമനിധികൾ പല തൊഴിലാളി വിഭാഗത്തിനും ഉണ്ടെങ്കിലും പല ബോർഡുകളിലും ചുരുങ്ങിയ അംഗങ്ങൾക്കുമാത്രമാണ് അംഗത്വം നൽകുന്നത്. ഓരോ വിഭാഗത്തിനും ക്ഷേമനിധി ഏർപ്പെടുത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട മുഴുവൻ തൊഴിലാളി

കൾക്കും അംഗത്വം നൽകുന്നതിന് കഴിയണം. പല ക്ഷേമനിധി ബോർഡുകൾക്കും അവയുടെ ഭരണച്ചെലവിനുപോലുമുള്ള തുക ലഭിക്കുന്നില്ല. ഇത്തരത്തിലുള്ള ക്ഷേമനിധി ബോർഡുകളെ ഏകോപിപ്പിച്ചു കൊണ്ട് ഒരു പരിഷ്ക്കരണം വരുത്തുന്നത് നല്ലതാണ്. ഇനിയും ഒട്ടേറെ വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡുകൾ വരേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ഒരു റിവ്യൂ നടത്തണം. ക്ഷേമപദ്ധതികൾ നടപ്പാക്കുമ്പോൾ അവയുടെ ഭരണച്ചെലവ് കുറച്ചാൽ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ കഴിയും. 15 അംഗങ്ങളുള്ള ഒരു ബോർഡാണ് ഇതിലുള്ളത്. ഇപ്പോൾ ഗവണ്മെന്റ് നേരിട്ടാണ് ഇതിന്റെ ചെയർമാനെ തെരഞ്ഞെടുക്കുന്നത്. അതിനുപകരം ഈ 15 അംഗങ്ങൾ ചേർന്ന് ചെയർമാനെ തെരഞ്ഞെടുക്കുന്ന തായിരിക്കും നല്ലത്. 5 അംഗങ്ങളുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിൽ സ്വന്തം തൊഴിൽ ചെയ്യുന്ന ഒരാളെ  തെരഞ്ഞെടുക്കുന്നത് നല്ലതായിരിക്കും. ഓരോ അംഗവും പ്രതിമാസം 20 രൂപയാണ് അംശദായം അടയ്ക്കേണ്ടത്. ഈ ബില്ലിൽ നിശ്ചയിച്ചിട്ടുള്ള ഗവണ്മെന്റിന്റെ ഗ്രാന്റ് വർദ്ധിപ്പിക്കണം. ഖണ്ഡം 3(4) (എ) യിൽ ‘സ്ഥിരമായ ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികം ജോലി ചെയ്യാൻ കഴിയാത്തതോ 60 വയസ്സ് പൂർത്തി യായതോ ആയ അംഗത്തിന്’ എന്നുള്ളതിനുപകരം ഒരു വർഷത്തിലധിക മായി ജോലി ചെയ്യാൻ കഴിയാത്തതോ എന്നും 60 വയസ്സ് പൂർത്തിയായതോ എന്നുള്ളതിനുപകരം 55 വയസ്സ് പൂർത്തിയായതോ എന്നും മാറ്റം വരുത്തണം.  കുടുംബ പെൻഷന്റെ അംഗത്വ കാലാവധി 15 വർഷം എന്നത് 10 വർഷമായി കുറയ്ക്കണം. ഈ നിയമത്തിൽ ഒട്ടേറെ മേഖലകളെക്കൂടെ ഉൾപ്പെടുത്തണം. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീ

കരിക്കണം. ഇതിനുവേണ്ടി വിദേശ ഏജൻസികളിൽനിന്നുളള സഹായം ലഭ്യമാക്കണം. കുറഞ്ഞ പലിശയ്ക്ക് തൊഴിലാളികൾക്ക് വായ്പ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ഈ മേഖലയിലെ തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുന്ന കുറ്റമറ്റ രീതിയിലുള്ള ഒരു നിയമനിർമ്മാണമാണ് നടത്തേണ്ടത്.

(ശ്രീ. എം. പ്രകാശൻ മാസ്റ്റർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ് മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പത്ത് ലക്ഷത്തോളം തൊഴിലാളികൾക്കും 50 ലക്ഷത്തോളം കുടുംബങ്ങൾക്കും സഹായകരമാകുന്ന ഈ ക്ഷേമനിധി നിയമം ഈ സമ്മേളനത്തിൽ പാസ്സാക്കാൻ തീരുമാനിച്ചതിനെ അഭിനന്ദിക്കുന്നു. 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്നവർക്കുവേണ്ടിയാണ് ഈ ക്ഷേമനിധി ഏർപ്പെടുത്തി യിട്ടുള്ളത്. ഈ ആക്ടിന്റെ ഉള്ളടക്കത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ അർഹതപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കൂ. 1948-ലെ ഫാക്ടറി ആക്ടിന്റെ പരിധിയിൽപ്പെടാത്ത എല്ലാ വിഭാഗം തൊഴിലാളികളും ഈ ആക്ടിന്റെ പരിധിയിൽവരും. തൊഴിൽ നിയമം ഫലപ്രദമായാൽ മാത്രമേ ക്ഷേമനിധി നിയമം വേണ്ട രീതിയിൽ നടപ്പാക്കാൻ കഴിയൂ. തൊഴിലാളികളുടെ ലിസ്റ്റ് സ്ഥാപനങ്ങൾ സൂക്ഷിക്കണമെന്ന് വ്യവസ്ഥ യുണ്ടെങ്കിലും പല സ്ഥാപനങ്ങളും അത് ചെയ്യാറില്ല. അസിസ്റ്റന്റ് ലേബർ ഓഫീസറാണ് ഇക്കാര്യം പരിശോധിക്കേണ്ടത്. കൃത്യമായ പരിശോധന നടക്കാത്തതിനാൽ ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് ഗൗരവമായി

ഇടപെടണം. ഹോട്ടൽ മേഖലയിൽ കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് നിരോധിക്കുന്നതിന് ഈ ആക്ടിൽ വ്യവസ്ഥയുണ്ട്. ബാലവേല നിരോധന നിയമം അനുസരിച്ച് ഇത് തടയുന്നതിന് നടപടി സ്വീകരിക്കണം. ഈ ബില്ലിന്റെ പരിധിയിൽ സെക്യൂരിറ്റി സ്റ്റാഫിനെക്കൂടി ഉൾപ്പെടുത്തണം. നിയമത്തിലെ സെക്ഷൻ 6 അനുസരിച്ച് 8 മണിക്കൂർ ജോലിയാണ് ഒരു തൊഴിലാളിക്ക് നിശ്ചയിച്ചിട്ടുള്ളത്. അതിൽക്കൂടുതൽ സമയം ജോലി ചെയ്യുന്നവർക്ക് ഓവർ ടൈം കൊടുക്കണം. എട്ട് മണിക്കൂർ ജോലി ചെയ്യുമ്പോൾ 4 മണിക്കൂർ കഴിഞ്ഞ് ഇന്റർവെൽ അനുവദിക്കണമെന്നും ആഴ്ചയിൽ ഒരു ദിവസം സ്ഥാപനം അടച്ചിടണമെന്നും ഒരു വർഷത്തിൽ 12 ദിവസത്തേയ്ക്ക് ലീവ് വിത്ത് അലവൻസ് കൊടുക്കണമെന്നും വ്യവസ്ഥ യുണ്ടെങ്കിലും മാനേജുമെന്റുകൾ അത് അനുവദിക്കാത്തതിന് പരിഹാരം കാണാൻ ലേബർ ഡിപ്പാർട്ടുമെന്റ് തയ്യാറാകണം. തൊഴിലാളികളുടെ ആരോഗ്യവും സേഫ്റ്റിയും ഉറപ്പുവരുത്താൻ നിലവിൽ വ്യവസ്ഥ യുണ്ടെങ്കിലും വേണ്ട നടപടികൾ സ്വീകരിക്കുന്നില്ല. ഓരോ സ്ഥാപനത്തിനും ഒരു സ്ഥിരം തൊഴിലാളി വേണമെന്ന വ്യവസ്ഥയുണ്ട്. ഈ മേഖലയ്ക്ക് മിനിമം വേജസ് നിലവിലുണ്ട്. മിനിമം വേജസ് കാലാകാലങ്ങളിൽ പുതുക്കാറുണ്ടെങ്കിലും അത് തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ആവശ്യമായ ഇടപെടലുണ്ടാകണം. സെയിൽസ് ഗേൾസിനെ ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥലത്ത് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് സൗകര്യം നൽകാനും അവർക്കെതിരെയുള്ള അനാവശ്യ ഇടപെടൽ തടയുന്നതിനും നടപടി ഉണ്ടാകണം. പല ക്ഷേമനിധികളിലും ഉള്ളതുപോലെ ഈ നിയമത്തിലും തൊഴിൽ ഉടമാ വിഹിതം തൊഴിലാളി വിഹിതത്തിന്റെ ഇരട്ടിയാക്കണം. രണ്ട്

വർഷം ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമേ തൊഴിലാളികൾക്ക് ക്ഷേമനിധി ആനുകൂല്യം ലഭിക്കുകയുള്ളൂ. അതിന്റെ കാലാവധി കുറയ്ക്കണം. പെൻഷൻ കാലാവധി 60 വയസ് എന്നത് 55 വയസ്സാക്കണം. ക്ഷേമനിധിയിൽനിന്ന് തൊഴിലാളികൾക്ക് നൽകുന്ന ഗ്രാന്റ് തുക വർദ്ധിപ്പിക്കുകയും തൊഴിലാളികൾക്ക് പി.എഫ്. ബാധകമാക്കുകയും വേണം. 10 വർഷം തുടർച്ചയായി അംശദായമടച്ച തൊഴിലാളി കുടുംബങ്ങൾക്ക് കുടുംബ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കണം. തുടർച്ചയായി അംശദായം അടയ്ക്കാൻ കഴിയാത്തവരുടെ കുടുംബ ങ്ങൾക്കും മരണാനന്തര സഹായം നൽകാൻ ക്ഷേമനിധി ബോർഡിന് അവസരം കൊടുത്തുകൊണ്ട് ആക്ടിലെ വ്യവസ്ഥ ഭേദഗതി ചെയ്യണം. ആക്ടിന്റെ പരിധിയിലുള്ള സ്ഥാപനങ്ങൾ വ്യാജ പ്രസ്താവന ചെയ്യുന്നതിനും വ്യവസ്ഥകൾ ലംഘിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള പിഴ യഥാക്രമം 2000 രൂപയായും 1000 രൂപയായും വർദ്ധിപ്പിക്കണം. നഴ്സിംഗ് ഹോമിൽ പണിയെടുക്കുന്നവർക്കായി പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുന്നി ല്ലെങ്കിൽ അവരെക്കൂടി ഈ നിയമത്തിന്റെ പരിധിയിൽക്കൊണ്ടുവരണം. അംഗീകൃതമല്ലാത്ത ഫാക്ടറികളിൽ പണിയെടുക്കുന്ന പവർലൂം തൊഴിലാളികളേയും ആയുർവ്വേദ ഔഷധ സസ്യങ്ങൾ ശേഖരിക്കുന്ന വരെയും ഈ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരണം. 1960–ലെ മൂലനിയമത്തിൽ വ്യത്യസ്തങ്ങളായ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ട വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ യഥാർത്ഥത്തിൽ ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകുകയുള്ളു. ക്ഷേമനിധി ബോർഡിന്റെ വരുമാനത്തിന്റെ സിംഹഭാഗവും അതിന്റെ നടത്തിപ്പിനുവേണ്ടി യാണ് ചെലവിടുന്നത് എന്നതിനാൽ സമാനമായ ക്ഷേമനിധി ബോർഡുകളെ

ഏകീകരിക്കുകയും ഒരു നിശ്ചിത സംഖ്യയ്ക്കപ്പുറം ഒരു കാരണവശാലും എസ്റ്റാബ്ളിഷ്മെന്റ് കോസ്റ്റിനുവേണ്ടി ഉപയോഗിക്കാൻ പാടില്ലെന്നുമുള്ള നിലപാട് സ്വീകരിക്കുകയും വേണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2000-ൽ ഈ നിയമത്തിന്റെ കരട് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തയ്യാറാക്കിയെങ്കിലും പാസ്സാക്കാൻ കഴിഞ്ഞിട്ടില്ല. 2005-ൽ ഓർഡിനൻസ് പുറപ്പെടുവിച്ചതല്ലാതെ ബിൽ നിയമസഭയിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല. ഈ ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്ന് ഈ സഭാസമ്മേളനത്തിൽത്തന്നെ നിയമമാക്കാനാണ് തീരുമാനിച്ചത്. കേരള ത്തിലെ പത്ത് ലക്ഷത്തിലധികം തൊഴിലാളികളെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണിത്. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്ന തൊഴിലാളികളുടെ പ്രയാസങ്ങളും ജീവിത സാഹചര്യങ്ങളും കണക്കിലെടുത്ത് അവരുടെ ക്ഷേമത്തിനും നിയമപരമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് 1960-ലെ ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് കൊണ്ടുവന്നത്. ആ നിയമം ഫലപ്രദമായി നടപ്പായില്ല. 1986-ലെ പേമെന്റ് ആന്റ് വേജസ് ആക്ട്, 1961-ലെ മെറ്റേണിറ്റി ആക്ട് തുടങ്ങി പല ആക്ടുകളുടേയും പരിധിയിൽവരുന്ന ലക്ഷക്കണക്കായ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം ലഭിച്ചിരുന്നില്ല. 8 മണിക്കൂർ ജോലി, അവധി ആനുകൂല്യം തുടങ്ങിയ തൊഴിൽ സൗകര്യങ്ങൾ വ്യവസ്ഥ ചെയ്തിരുന്നത് എക്സംപ്റ്റ് ചെയ്തു. ഈ നിലയിൽ തൊഴിലാളികളെ അടിമകളെപ്പോലെ പണിയെടുപ്പിക്കാൻ തൊഴിലുടമയ്ക്ക് അവസരമുണ്ടായതിന്റെ ഫലമായി തൊഴിലാളികൾ ബുദ്ധിമുട്ടുന്ന പശ്ചാത്തലത്തിലാണ് അവർക്കുവേണ്ടി ഒരു ക്ഷേമ പദ്ധതി കൊണ്ടുവരാൻ

2000–ൽ ഗവൺമെന്റ് തയ്യാറായത്. അത് ഇപ്പോഴാണ് നടപ്പാക്കാനായത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്ത് കുറച്ച് കൂട്ടിച്ചേർക്കൽ വരുത്തി. ഈ ബില്ലിൽ ഔദ്യോഗിക ഭേദഗതികൾ ഉണ്ടാകും. കൂടാതെ 2006–ൽ കേന്ദ്ര ഗവൺമെന്റ് ഒരു ബിൽ തയ്യാറാക്കുന്നതിനുവേണ്ടി സംസ്ഥാനങ്ങളിൽനിന്നും തെളിവ് ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ വന്ന ചില നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. പീടികകളിലും വാണിജ്യ സ്ഥാപനങ്ങളിലും പണിയെടുക്കുന്നത് കൂടുതലായും പെൺകുട്ടികളായ തിനാൽ 12 ആഴ്ചക്കാലത്തെ വേതനം പ്രസവകാല വേതനമായി നൽകുന്ന ഒരു വ്യവസ്ഥ ഈ ബില്ലിൽ നിശ്ചയിച്ചിട്ടുണ്ട്. ഒരു വർഷത്തിൽ പരമാവധി 90 ദിവസം ആശുപത്രിയിൽ കിടക്കേണ്ടിവന്നാൽ അവരുടെ കൂലിയുടെ ഒരു നിശ്ചിത ശതമാനം ആനുകൂല്യം അനുവദിക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. ഇതിൽ തൊഴിലാളികളുടെയും തൊഴിലുടമയുടെയും അംശദായം 20 രൂപയാണ്. സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് തൊഴിലാളി വിഹിതത്തിനുപുറമേ 20 രൂപ കൂടി അടയ്ക്കണം. 25 ശതമാനമാണ് സംസ്ഥാനത്തിന്റെ വിഹിതം. ലക്ഷക്കണക്കിന് തൊഴിലാളികളുള്ളതിനാൽ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കാൻ കഴിയില്ല. 2006–ലെ കേന്ദ്ര ഗവൺമെന്റിന്റെ കരട് ബില്ലിൽ പറഞ്ഞിട്ടുള്ളത് സംസ്ഥാനത്തിന്റെ വിഹിതം 25 ശതമാനവും കേന്ദ്ര വിഹിതം 75 ശതമാനവുമാണ് എന്നാണ്. പെൻഷൻ പ്രായം 60 വയസ്സാണ് എല്ലായിടത്തും അംഗീകരിച്ചിട്ടുള്ളത്. അത് കുറയ്ക്കുന്നത് പ്രായോഗികമല്ല. 1960–ലെ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽവരുന്ന തൊഴിലാളികൾക്ക് മിനിമം വേജസ് നിശ്ചയിക്കുമ്പോൾ കൂടുതൽ വിഭാഗങ്ങളെ ചേർക്കുക പ്രായോഗികമല്ല. 17–ഓളം വിഭാഗത്തെ ഭേദഗതിയിൽ ഉൾപ്പെടുത്താനാകും.

ചെറുകിട തോട്ടം തൊഴിലാളികൾ, സ്വർണ്ണത്തൊഴിലാളികൾ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക ക്ഷേമനിധി കൊണ്ടുവരും. പരമ്പരാഗത തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമ പദ്ധതികളുണ്ട്. പ്രത്യേക നോട്ടിഫിക്കേഷൻ പ്രകാരം ഒഴിവാക്കപ്പെട്ട വിഭാഗങ്ങളെ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരികയാണ്. ജീവനക്കാർക്ക് എട്ട് മണിക്കൂർ ജോലി ഉറപ്പാക്കുക, ഹോളിഡേ സംരക്ഷിക്കുക, പരമാവധി ജോലി സമയം സംരക്ഷിക്കപ്പെടുക, സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്നിവയടക്കമുള്ള ഭേദഗതികൾ പിൻവലിക്കുന്നതാണ്. പേമെന്റ് ഓഫ് വേജസ് ആക്ട്, മിനിമം വേജസ് ആക്ട്, കാഷ്വൽ ബദലി തൊഴിലാളികൾക്കുള്ള നിയമം, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് തുടങ്ങിയവ ബാധകമാക്കി 10 ലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റ് പദ്ധതി സൂക്ഷ്മമായി പഠിച്ചശേഷമാണ് ഈ ബിൽ തയ്യാറാക്കിയിട്ടുള്ളത്. ലക്ഷക്കണക്കിന് തൊഴിലാളികൾ അംഗങ്ങളായിട്ട് വരുന്ന സമയത്ത്, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായിട്ടുള്ള ഭേദഗതികൾ വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. തൊഴിലാളികൾക്ക് നിയമപരമായ പരിരക്ഷ ലഭ്യമാക്കാനും സാമൂഹ്യ സുരക്ഷാ പദ്ധതി ഉറപ്പുവരുത്താനും തൊഴിലാളികളെ സംരക്ഷിക്കാനും ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുളള 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(119) 2-ാം ഖണ്ഡത്തിൽ (1) (ഡി) ഉപഖണ്ഡത്തിൽ,- (എ) "സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം" എന്ന വാക്കുകൾക്കു പകരം "പാരാമെഡിക്കൽ സ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "കമ്പ്യൂട്ടർ സ്ഥാപനം" എന്ന വാക്കുകൾക്ക് പകരം "കമ്പ്യൂട്ടർ-കമ്പ്യൂട്ടർ അനുബന്ധ സേവന സ്ഥാപനം, അച്ചടിശാല, ടെലിഫോൺ ബൂത്ത്, കൊറിയർ സർവ്വീസ്, പാചക വാതക വിതരണ ഏജൻസി, ഹോസ്റ്റൽ, മലഞ്ചരക്ക് സംഭരണ വിപണന സ്ഥാപനം, ചെറുകിട കൊപ്ര സംസ്ക്കരണ യൂണിറ്റ്, ചെറുകിട ഓയിൽ മിൽ, തുകൽ സംഭരണ സ്ഥാപനം, ചെറുകിട ചെരുപ്പ്, ബാഗ് നിർമ്മാണ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (ജി) ഉപഖണ്ഡത്തിൽ,-

(എ) "സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം" എന്ന വാക്കുകൾക്ക് പകരം "പാരാമെഡിക്കൽ സ്ഥാപനം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "കമ്പ്യൂട്ടർ സ്ഥാപനം" എന്ന വാക്കുകൾക്ക് പകരം "കമ്പ്യൂട്ടർ-കമ്പ്യൂട്ടർ അനുബന്ധ സേവന സ്ഥാപനം, അച്ചടിശാല, ടെലഫോൺ ബൂത്ത്,

കൊറിയർ സർവ്വീസ്, പാചക വാതക വിതരണ ഏജൻസി, ഹോസ്റ്റൽ, മലഞ്ചരക്ക് സംഭരണ വിപണന സ്ഥാപനം, ചെറുകിട കൊപ്ര സംസ്ക്കരണ യൂണിറ്റ്, ചെറുകിട ഓയിൽ മിൽ, തുകൽ സംഭരണ സ്ഥാപനം, ചെറുകിട ബാഗ് നിർമ്മാണ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (ജെ) ഉപഖണ്ഡത്തിന് പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്–

"(ജെ) "വേതനം" എന്നാൽ ഒരു കലണ്ടർ മാസത്തിൽ ക്ഷാമബത്ത, മറ്റ് അലവൻസുകൾ ഉൾപ്പെടെ ഒരു തൊഴിലാളി കൈപ്പറ്റുന്ന ആകെ തുക എന്നർത്ഥമാകുന്നു;"

<u>ശ്രീ. കെ.സി. ജോസഫ്</u>: 122, 143, 163, 198 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി.എൻ. പ്രതാപൻ:</u> 123, 157, 158, 193, 217 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ബി. ബാബുപ്രസാദ്:</u> 125, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: 132, 167, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> 135–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ.കെ. ദിവാകരൻ</u>: 138, 166, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ.എം.മുരളി</u>: 139, 185, 222 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 140, 173, 191, 219, 225 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 141-ാം നമ്പർ ഭേദഗതി അവതരിപ്പി ക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: 150, 160, 161, 162, 205, 218 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 151, 152, 155, 159, 176, 206, 207, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സുധാകരൻ: 153, 204 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 154, 192 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 165-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: 174-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 175, 227 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

ശ്രീ. വി. ശിവൻകുട്ടി: 178, 186, 190, 214 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 203, 220 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജു: 210-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 211, 226 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

ശ്രീ. എ.എം. ആരിഫ്: 212-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: 213-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): എന്റെ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു. മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. എ.പി. അനിൽകുമാർ: 230, 260 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: 232, 257, 264 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 235-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 239, 292 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ്ജ് മേഴ്സിയർ: 240-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: 242, 281 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: 243, 287 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ആർ. സെൽവരാജ്</u>: 244–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ:</u> 246, 294 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ.എം. മുരളി</u>: 249, 282 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. അടൂർ പ്രകാശ്</u>: 259–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. തോമസ് ചാഴികാടൻ:</u> 261, 276, 284 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു:</u> 269, 279 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പി ക്കുന്നു.

<u>ശ്രീ. കെ. സുധാകരൻ:</u> 270, 274, 289 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ .ബി. ബാബു പ്രസാദ്</u>: 271, 283 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. എം. ആരിഫ്:</u> 290–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച ഖണ്ഡം 3 (4) (എ) യിൽ അവസാനം "നൽകുന്നതിനും" എന്നതിനുപകരം "നൽകുന്നതിന്" എന്നും ഖണ്ഡം 3 (4) (ബി)യിൽ അവസാനം "നൽകുന്നതാണ്" എന്നതിനു പകരം "നൽകുന്നതിന്" എന്നും ചേർക്കുക എന്ന 257–ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(295) 4-ാം ഖണ്ഡത്തിൽ,- (1) (2)-ാം ഉപഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:

"(2എ) സ്വന്തമായി തൊഴിൽ ചെയ്യുന്ന ഒരാൾ, (1)-ാം ഉപവകുപ്പ് പ്രകാരം നൽകേണ്ട അംശദായത്തിന് പുറമേ പ്രതിമാസം ഇരുപത് രൂപ കൂടി അംശദായമായി നിധിയിലേയ്ക്ക് നൽകേണ്ടതാണ്."

(2) (3)-ാം ഉപ ഖണ്ഡത്തിൽ, "ഓരോ അംഗവും" എന്ന വാക്കുകൾക്ക് ശേഷം "(1)-ാം ഉപവകുപ്പ് പ്രകാരം" എന്ന അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: 296, 312, 327, 341, 342 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: 298, 343 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽ കുമാർ: 300-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 306, 307 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 308–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. വേണുഗോപാൽ: 313–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: 314–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 315–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. യു.സി. രാമൻ: 321–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 331–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ്ജ് മേഴ്സിയർ: 332–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.എം. ആരിഫ്: 334–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ബി. ബാബു പ്രസാദ്: 336–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): എന്റെ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 327–ാം നമ്പർ ഭേദഗതി 69–നെതിരെ 23 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 344-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ..സി. വേണുഗോപാൽ: 345-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. ജോർജ്ജ് മേഴ്സിയർ: 346, 362 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: 346-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: 348, 352, 353 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: 349, 360 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: 356-ാം നമ്പർ ഭേദഗതിയും

ഖണ്ഡം 6(3) (iii) -ന് താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ സർക്കാരിനെ പ്രതിനിധീകരിക്കുന്നവർ അനുദ്യോഗസ്ഥന്മാരായിരിക്കുവാൻ പാടുള്ളതല്ല" എന്ന ഓറൽ ഭേദഗതിയും അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 357-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: 359, 366 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 361, 363, 365, 371 എന്നീ .നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 367, 372 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: 369-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 370-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: 373 -ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ശ്രീ. ജോർജ്ജ് മേഴ്സിയർ അവതരിപ്പിച്ച ഖണ്ഡം 6 (1) ൽ " എന്നൊരു ബോർഡ് രൂപീകരിക്കാവുന്നതാണ്" എന്നതിനു പകരം "എന്ന പേരിൽ ഒരു ബോർഡു രൂപീകരിക്കാവുന്നതാണ്"എന്നു ചേർക്കുക എന്ന 346-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ജോർജ്ജ് മേഴ്സിയർ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി 19-നെതിരെ 65 വോട്ടുകളോടെ പിൻവലിക്കപ്പെട്ടു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. പി. ജയരാജൻ: 374, 382 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ.കെ. ദിവാകരൻ: 378-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ: 380-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 383-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: 391-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: 392-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 393-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8–ാം വകുപ്പ്

ശ്രീ. ആർ. സെൽവരാജ്: 395, 401 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി: 396–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: 398–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 400–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ്ജ് മേഴ്സിയർ: 402–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9–ാം വകുപ്പ്

ശ്രീ. കെ. ബാബു: 404, 417 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: 406, 407, 408, 409 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഖണ്ഡം 9 (3)–ൽ "1958–ലെ കേരള സർവ്വീസസ് റൂളിലെ ഒന്നും രണ്ടും ഭാഗങ്ങളിലെ വ്യവസ്ഥകൾ ആവശ്യമായ ഭേദഗതികളോടെ പാലിക്കേണ്ടതാണ്" എന്നതിനു പകരം

“1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂളിന്റെ ഒന്നാം ഭാഗത്തിലെ 14 മുതൽ 17 വരെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്” എന്ന 409-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 409-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: 428-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി നിരാകരിക്കപ്പെട്ടു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> 433-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. വി.ഡി. സതീശൻ:</u> 434-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. യു.സി. രാമൻ:</u> 435-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽകുമാർ</u>: 439-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ്ജ് മേഴ്സിയർ: 440-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ്: 442-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജയരാജൻ: 443-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ): ശ്രീ.പി.ജയരാജൻ അവതരിപ്പിച്ച ഖണ്ഡം 12(2)-ൽ "കരക്കുടിശ്ശിഖ" എന്നതിനുപകരം "കരക്കുടിശ്ശിക" എന്ന് ചേർക്കുക എന്ന 443-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 443-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. അര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 442-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. കെ. ബാബു: 445-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അടൂർ പ്രകാശ്: 449-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ഉം 15-ഉം വകുപ്പുകൾ

14-ഉം 15-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ഉം 15-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 450-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17–ാം വകുപ്പ്

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 455, 457 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18–ാം വകുപ്പ്

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(462) 18–ാം ഖണ്ഡത്തിൽ "മൂവായിരം രൂപ വരെയാകാവുന്ന പിഴയോ" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ രണ്ടും കൂടിയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19–ാം വകുപ്പ്

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20–ാം വകുപ്പ്

ശ്രീ.ബി. ബാബു പ്രസാദ്: 464–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഹംസ: 465–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21–ഉം 22–ഉം വകുപ്പുകൾ

21–ഉം 22–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21–ഉം 22–ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

23–ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ: 466–ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ.ഗുരുദാസൻ): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>24-ാം വകുപ്പ്</u>

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> 467, 468 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ.ഗുരുദാസൻ</u>): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>25-ാം വകുപ്പ്</u>

<u>ശ്രീ. കെ. സി. ജോസഫ്:</u> 469-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26 മുതൽ 28 വരെയുള്ള വകുപ്പുകൾ</u>

26 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26 മുതൽ 28 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>28-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്</u>

<u>ശ്രീ സി.എച്ച്. കുഞ്ഞമ്പു</u>: 470-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

<u>29 മുതൽ 31 വരെയുള്ള വകുപ്പുകൾ</u>

29 മുതൽ 31 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29 മുതൽ 31 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

<u>ശ്രീ ആര്യാടൻ മുഹമ്മദ്</u>: 471-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ വി.ഡി. സതീശൻ</u>: 104, 109 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ കെ.സി. ജോസഫ്</u>: 105, 110 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: 106, 111, 115 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ അടൂർ പ്രകാശ്:</u> 107, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

<u>ശ്രീ എ. എം. ആരിഫ്</u>: 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>): 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ഓർഡിനൻസിന് വലിയ പ്രാധാന്യം കൽപ്പിച്ച് നിയമമാക്കാൻ ശ്രദ്ധിച്ചതിൽ വളരെ സന്തോഷമുണ്ട്. സംസ്ഥാനത്തെ ലക്ഷക്കണക്കായ സ്ത്രീകൾ ഉൾപ്പെടെയുള്ള അസംഘടിത .തൊഴിലാളികളെ സഹായിക്കാൻ പര്യാപ്തമായ ഒരു നിയമമാണിത്. ഇതിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകളെല്ലാം വളരെ കുറവാണ്. വളരെയേറെ കഷ്ടപ്പെടുന്ന ഈ തൊഴിലാളികൾക്ക് വേണ്ട ആനുകൂല്യങ്ങൾ,

സ്ത്രീകൾക്ക് പ്രസവാവധി, മൂന്ന് മാസത്തെ ശമ്പളം തുടങ്ങിയവ നൽകുകയെന്നുള്ളത് വളരെ ആവശ്യമാണ്. സംഘടനാശക്തി വളരെ കുറഞ്ഞ മേഖലയായതുകൊണ്ട് എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ ഇതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭ്യമാവുകയുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ ബിൽ പത്ത് ലക്ഷത്തോളം വരുന്ന അസംഘടിത തൊഴിലാളികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെ ആശ്വാസം നൽകുന്ന ഒന്നാണ്. ഈ നിയമം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും സഹകരണത്തോടു കൂടി കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് വളരെ അഭിമാനകരമാണ്. സ്വാശ്രയ മെഡിക്കൽ കോളേജ് പ്രശ്നം നമുക്ക് നിയന്ത്രിക്കാൻ കഴിയുന്ന സ്ഥിതിയിലെത്തിക്കാൻ കഴിഞ്ഞുവെങ്കിലും അതിന്റെ പൂർണ്ണമായ ബെനിഫിറ്റ് ഉപയോഗിക്കാൻ കഴിയാത്ത വിധത്തിൽ നീതിപീഠങ്ങൾ അതിനെതിരെ ഒരു നിലപാട് സ്വീകരിച്ചിരിക്കുകയാണ്. എങ്കിലും പരസ്പരമുള്ള സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനും കുട്ടികൾക്ക് അഡ്മിഷനും പഠനത്തിനും വേണ്ടിയുള്ള അനുകൂലമായ ഒരു സാഹചര്യം സൃഷ്ടിക്കാനും കഴിഞ്ഞുവെന്നുള്ളത് ആശ്വാസകരമാണ്. അതുപോലെ കേരളത്തിലെ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധിയിൽനിന്ന് അവരെ രക്ഷിക്കാൻവേണ്ടി കടാശ്വാസ നിയമം അവതരിപ്പിക്കാനും കൃഷിക്കാരെയും തൊഴിലാളി കളെയും പാവപ്പെട്ടവരെയും സഹായിക്കുന്നതിന് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഈ നിലയിൽ ഈ ബിൽ പാസ്സാക്കുന്നതിനുവേണ്ടി സഹകരിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 6.33-ന് പിരിഞ്ഞു.